
ദേവീമാനസപൂജാ സ്തോത്രം

ശ്രീ ചട്ടമ്പിസ്വാമികൾ



ദേവീമാനസപൂജാ സ്തോത്രം

ശ്രീ ചട്ടമ്പിസ്വാമികൾ

E-book Published By
http://hinduebooks.blogspot.com
December 2010

ആമുഖം

ശ്രീശങ്കരാചാര്യർ സംസ്കൃതഭാഷയിൽ വിരചിച്ച "ദേവീ ചതുഃ ഷഷ്ട്യുപചാരപൂജാസ്തോത്രം" എന്ന കൃതിയ്ക്ക് മലയാള ഭാഷയിൽ ശ്രീ ചട്ടമ്പിസ്വാമികൾ ചമച്ച വ്യാഖ്യാനമാണ് "ദേവീ മാനസപൂജാ സ്തോത്രം".

ദേവപൂജയുടെ ഒരു പ്രധാന അംശമാണ് ഉപചാരം. ഉപചാര ങ്ങളുടെ സംഖ്യയെ ആധാരമാക്കി പൂജകൾ പലതായി തിരിച്ചി ട്ടുണ്ട് പഞ്ചോപചാരപൂജ, ഷോഡശോപചാരപൂജ, ചതുഃഷഷ്ട്യു പചാരപൂജ, എന്നിങ്ങനെ. ഇവയിൽ ചതുഃഷഷ്ട്യുപചാരപൂജ മാനസികമായി ചെയ്യുവാനുദ്ദേശിച്ചുകൊണ്ടാണ് ശങ്കരാചാര്യർ ഈ സ്തോത്രം രചിച്ചിട്ടുള്ളത്. ആസനം, സ്വാഗതം, പാദ്യം, അർഘ്യം, ആചമനീയം, മധുപർക്കം, സ്നാനം, മുതലായ അറുപത്തിനാലു ഉപചാരങ്ങളെയും വർണ്ണിക്കുന്നതും കാവ്യഭംഗിയും, ഭക്തിരസവും വഴിഞ്ഞൊഴുകുന്നതുമായ ഈ സ്തോത്രത്തെ ഭക്തിപൂർവ്വം ദിവസവും ജപിച്ച് മാനസപൂജ ചെയ്യുന്ന ഭക്തൻ ധർമ്മം, അർത്ഥം, കാമം എന്നിവയെ നേടുകയും, സകല അഭീഷ്ടങ്ങളേയും പ്രാപിക്കുമെന്നും, മരണാ നന്തരം മോക്ഷമടയുമെന്നും ശങ്കരാചാര്യർ ഇതിന്റെ ഫലശ്രുതിയിൽ പറയുന്നുമുണ്ട്.

വിഭക്തി, അന്വയം, അന്വയാർത്ഥം, പരിഭാഷ, ഭാവം എന്നീ അംഗങ്ങളുള്ള വ്യാഖ്യാനശൈലിയാണ് സ്വാമികൾ ഇതിൽ സ്വീകരിച്ചിരിക്കുന്നത്. വ്യാഖ്യാനം പഞ്ചലക്ഷണമെന്നാണ് പറയ പ്പെടുന്നത്. സാധാരണയായി പദച്ഛേദം, പദാർത്ഥോക്തി, വിഗ്രഹം, വാക്യയോജന, സാരാർത്ഥകഥനം എന്നിവയാണ് വ്യാഖ്യാനത്തിന്റെ അഞ്ച് അംഗങ്ങൾ. അവയെല്ലാം തന്നെ ഈ വ്യാഖ്യാനത്തിൽ നമുക്കു വ്യക്തമായി ദർശിക്കുവാൻ സാധിക്കും.

ദേവീമാനസപൂജാ സ്തോത്രം

"പരിപൂർണ്ണകലാനിധി"യായ ചട്ടമ്പിസ്വാമികൾ "ദേവീ ചതുഃഷഷ്ട്യുപചാരപൂജാസ്തോത്രം" എന്ന കൃതിയെ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയത് കേരളീയരായ ദേവിഭക്തന്മാർക്കെല്ലാം തന്നെ അളവറ്റ ഒരു അനുഗ്രഹമായി ഭവിച്ചു എന്നു പറയുന്നതിൽ അതിശയോക്തിയില്ല.

ദേവീമാനസപൂജാ സ്തോത്രം

ഓം

ഉഷസി മാഗധമംഗളഗായനൈർ-
ഝടിതി ജാഗൃഹി, ജാഗൃഹി, ജാഗൃഹി
അതികൃപാർദ്രകടാക്ഷനിരീക്ഷണൈർ-
ജഗദിദം ജഗദംബ! സുഖീകുരു. (1)

വിഭക്തി–
ഉഷസി – സ. ന. സ. ഏ[1]
മാഗധ മംഗളഗായനൈഃ – അ. ന. തൃ. ബ
ഝടിതി – അവ്യ[2].
ജാഗൃഹി – ലോട്ട്. പര. മദ്ധ്യ. പു. ഏ.
അതികൃപാർദ്രകടാക്ഷനിരീക്ഷണൈഃ – അ. മ. തൃ. ബ.
ജഗത് – ത. ന. ദ്വി. ഏ.
ഇദം – മ. ന. ദ്വി. ഏ.
ജഗദംബ – ആ. സ്ത്രീ. സംപ്ര. ഏ.
സുഖീകുരു – ലോട്ട്. പര. മദ്ധ്യ. പു. ഏ.

അന്വയം– ഹേ ജഗദംബ! ത്വം ഉഷസി മാഗധമംഗളഗായനൈഃ ഝടിതി ജാഗൃഹി, ജാഗൃഹി, ജാഗൃഹി. അതികൃപാർദ്രകടാക്ഷ നിരീക്ഷണൈഃ ഇദം ജഗത് സുഖീകുരു.

അന്വയാർത്ഥം– അല്ലയോ ജഗദംബ! ഭവതി ഉഷസിൽ മാഗധ മംഗളഗായനങ്ങളാൽ വേഗത്തിൽ ഉണർപ്പെട്ടാലും, ഉണർപ്പെ

---

[1] ശ്ലോകങ്ങളെ പദച്ഛേദം ചെയ്ത് ഓരോ പദത്തിന്റെയും അന്തം, ലിംഗം, വിഭക്തി, വചനം എന്നിവയാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. "ഉഷസി സ. ന. സ. ഏ." എന്നാൽ അതിന്റെ അർത്ഥം ഈ പദം "സകാരാന്തം, നപുംസകലിംഗം, സപ്തമീ വിഭക്തി, ഏകവചനം" ആണ് എന്നാകുന്നു. അതുപോലെ മറ്റുള്ള പദങ്ങളുടെ കാര്യത്തിലും ഗ്രഹിക്കണം.

[2] ഒരു പദത്തിനുനേരെ "അവ്യ." എന്നെഴുതിയാൽ ആ പദം അവ്യയമാണെന്നർത്ഥം. എപ്പോഴും ഒരു മാറ്റവുമില്ലാത്ത പദമാണ് അവ്യയം. അതിന് വിഭക്തി, വചനം ഇത്യാദി ഭേദങ്ങളില്ല.

ട്ടാലും, അതികൃപാർദ്രകടാക്ഷനിരീക്ഷണങ്ങളെകൊണ്ടീ ജഗ ത്തിനെ സുഖീകരിച്ചാലും.

പരിഭാഷ– ജഗദംബ – ലോകമാതാവ്, ഉഷസ്സ് – പ്രാതഃകാലം, മാഗധ മംഗളഗായനങ്ങൾ–മാഗധന്മാരുടെ മംഗളഗായനങ്ങൾ മാഗധന്മാർ – പള്ളിയുണർത്തുന്ന സ്തുതി പാഠകന്മാർ, മംഗള ഗായനങ്ങൾ – മംഗളമായിട്ടുള്ള പാട്ടുകൾ അതികൃപാർദ്ര കടാക്ഷനിരീക്ഷണങ്ങൾ – അതികൃപ ഹേതുവായിട്ടുള്ള ആർദ്ര ങ്ങളായിരിക്കുന്ന കടാക്ഷം കൊണ്ടുള്ള നിരീക്ഷണങ്ങൾ, അതികൃപ – അതിരറ്റ കരുണ, ആർദ്രങ്ങൾ – നനഞ്ഞവ, കടാക്ഷം – കടക്കണ്ണ്, നിരീക്ഷണങ്ങൾ – നോട്ടങ്ങൾ, ജഗത് – ലോകം, സുഖീകരിക്ക – സുഖമാക്കി ചെയ്ക.

ഭാവം– അല്ലയോ ലോകമാതാവേ! ഭവതി വെളുപ്പാൻ കാല ത്തിൽ പള്ളിയുണർത്തുന്ന ഗായകന്മാരുടെ മംഗളങ്ങളായ ഗാന ങ്ങളാൽ ഉണർന്നാലും. ഏറ്റവും കരുണയാൽ അലിഞ്ഞിരിക്കുന്ന ഭവതിയുടെ കടക്കൺ നോട്ടങ്ങളെകൊണ്ടു ഈ ലോകത്തെ സുഖിപ്പിച്ചാലും.

കനകമയവിതർദ്ദിശോഭമാനം
ദിശി ദിശി പൂർണ്ണസുവർണ്ണകുംഭയുക്തം;
മണിമയമണ്ഡപമദ്ധ്യമേഹിമാത–
സ്ത്വയി കൃപയാശു സമർച്ചനം ഗ്രഹീതും (2)

വിഭക്തി–
കനകമയവിതർദിശോഭമാനം – അ. ന. ദ്വി. ഏ.
ദിശി – ശ. സ്ത്രീ. സ. ഏ.
പൂർണ്ണസുവർണ്ണകുംഭയുക്തം – അ. ന. ദ്വി. ഏ.
മണിമയമണ്ഡപമദ്ധ്യം – അ. ന. ദ്വി. ഏ.
ഏഹി – ലോട്ട്. പ. മ. പു. ഏ.
മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.

ത്വയി – യുഷ്മ. സ. ഏ.
കൃപയാ – ആ. സ്ത്രീ. തൃ. ഏ.
ആശു – അവ്യ.
സമർച്ചനം – അ. ന. ദ്വി. ഏ.
ഗ്രഹീതും – തുമു. അവ്യ.

അന്വയം – ഹേ മാതാഃ! ത്വയി സമർച്ചനം കൃപയാ ഗ്രഹീതും ദിശി ദിശി കനകമയവിതർദിശോഭമാനം പൂർണ്ണ സുവർണ്ണകുംഭയുക്തം മണിമയമണ്ഡപമദ്ധ്യം ഏഹി.

അന്വയാർത്ഥം– അല്ല്യോ മാതാവേ! ഭവതി വിഷയമായ എന്റെ സമർച്ചനത്തെ കരുണയോടുകൂടി ഗ്രഹിപ്പാനായികൊണ്ടു ദിക്കു തോറും കനകമയവിതർദിശോഭമാനമായി പൂർണ്ണസുവർണ്ണ കുംഭമായിരിക്കുന്ന മണിമയമണ്ഡപമദ്ധ്യത്തെപ്രവേശിച്ചാലും.

പരിഭാഷ– സമർച്ചനം – പൂജ, ഗ്രഹിക്ക – സ്വീകരിക്ക, കനക മയവിതർദിശോഭമാനം – കനകമയവിതർദിയാൽ ശോഭിക്കു ന്നത്, കനകമയവിതർദി – കനകമയമായിരിക്കുന്ന വിതർ ദി, കനകമയം – സ്വർണ്ണം, വിതർദി – വേദി (ഇരിക്കാൻ സുഖമാം വണ്ണമുള്ള തറ) പൂർണ്ണസുവർണ്ണകുംഭയുക്തം – പൂർണ്ണങ്ങളാ യിരിക്കുന്ന സുവർണ്ണകുംഭങ്ങളോടുകൂടിയതു, പൂർണ്ണങ്ങൾ – നിറഞ്ഞവ, സുവർണ്ണകുംഭങ്ങൾ–സ്വർണ്ണകുടങ്ങൾ, മണിമയ മണ്ഡപമദ്ധ്യം – മണിമയമണ്ഡപത്തിന്റെ മദ്ധ്യം, മണിമയ മണ്ഡപം – രത്നങ്ങളാൽ നിർമിച്ചിട്ടുള്ള മണ്ഡപം.

ഭാവം– അല്ലയോ അംബേ! ഭവതിക്ക് ഞാൻ ചെയ്യുന്ന പൂജയെ കരുണയോടുകൂടി സ്വീകരിക്കാനായിട്ടു നിന്തിരുവടി സ്വർണ്ണ ത്തറകൊണ്ടു ശോഭിച്ചിരിക്കുന്നതും എല്ലാ ദിക്കിലും നിറച്ചു വച്ചിരിക്കുന്ന പൊൻകുടങ്ങളോടുകൂടിയതും രത്നനിർമിതവുമായ മണ്ഡപത്തിൽ പ്രവേശിച്ചാലും.

ദേവീമാനസപൂജാ സ്തോത്രം

കനകമയവിതർദിസ്ഥാപിതേ തൂലികാഢ്യേ
കനകകുസുമകീർണ്ണേ, കോടിബാലാർക്കവർണ്ണേ
ഭഗവതി, രമണീയേ രത്നസിംഹാസനേസ്മിൻ
ഉപവിശ പദയുഗ്മം ഹേമപീഠേ നിധായ (3)

വിഭക്തി –
കനകമയവിതർദിസ്ഥാപിതേ – അ. ന. സ. ഏ.
തൂലികാഢ്യേ – അ. ന. സ. ഏ.
കനകകുസുമകീർണ്ണേ – അ. ന. സ. ഏ.
കോടിബാലാർക്കവർണ്ണേ – അ. ന. സ. ഏ.
ഭഗവതി – ഈ. സ്ത്രീ. സം പ്ര. ഏ.
രമണീയേ. അ. ന. സ. ഏ.
ഉപവിശ – ലോട്. പര. മ. പു. ഏ.
രത്നസിംഹാസനേ – അ. ന. സ. ഏ.
അസ്മിൻ – ഇദം. പു. സ. ഏ.
പദയുഗ്മം – അ. ന. ദ്വി. ഏ.
ഹേമപീഠേ – അ. ന. സ. ഏ.
നിധായ – ല്യബ. അവ്യ.

അന്വയം – ഹേ ഭഗവതി, ത്വം കനകമയവിതർദി സ്ഥാപിതേ തൂലികാഢ്യേ കോടിബാലർക്കവർണ്ണേ കനക കുസുമകീർണ്ണേ രമണീയേ അസ്മിൻ രത്നസിംഹാസനേ ഹേമപീഠേ പദയുഗ്മം നിധായ ഉപവിശ.

അന്വയാർത്ഥം – അല്ലയോ ഭഗവതി! ഭവതി കനകമയവിതർദി സ്ഥാപിതമായി തൂലികാഢ്യമായി കോടിബാലർക്കവർണ്ണമായി കനകകുസുമകീർണ്ണമായി രമണീയമായിരിക്കുന്ന ഈ രത്ന സിംഹാസനത്തിൽ ഹേമപീഠത്തിങ്കൽ പദയുഗ്മത്തെ നിധാനം ചെയ്തിട്ട് ഉപവേശിച്ചാലും.

പരിഭാഷ – കനകമയവിതർദിസ്ഥാപിതം – കനകമയവിതർദി യിങ്കൽ സ്ഥാപിതം. കനകമയവിതർദി – കനകമയമായിരിക്കുന്ന വിതർദി. വിദർതി – വേദി (ഇരിക്കാൻ സുഖമാകും വണ്ണം ഉണ്ടാക്കിയിട്ടുള്ള തറ). സ്ഥാപിതം – സ്ഥാപിക്കപ്പെട്ടത്. സ്ഥാപിക്ക – വെയ്ക്ക. തൂലികാഢ്യം – തൂലികയാൽ ആഢ്യം. തൂലിക – മെത്താരണം. കനകകുസുമകീർണ്ണം – കനകകുസുമ ങ്ങളാൽ കിരണം ചെയ്യപ്പെട്ടത്. കനകകുസുമങ്ങൾ – സ്വർണ്ണപുഷ്പങ്ങൾ. കിരണം ചെയ്ക – വിരിക്ക. കോടി ബാലാർക്കവർണ്ണം – കോടിബാലാർക്കന്മാരുടെ വർണ്ണം പോലിരിക്കുന്ന വർണ്ണത്തോടു കൂടിയത്. ബാലാർക്കന്മാർ – ബാലാദിത്യന്മാർ. രമണീയം – മനോഹരം. രത്നസിംഹാസനം – രത്നനിർമിതമായ സിംഹാസനം. പദയുഗ്മം – പദങ്ങളുടെ യുഗ്മം. പദങ്ങൾ – കാലുകൾ. യുഗ്മം – ഇരട്ട. ഹേമപീഠം – സ്വർണ്ണപീഠം. നിധാനം ചെയ്ക – വെക്കുക. ഉപവേശിക്കുക – ഇരിക്കുക.

ഭാവം – അല്ലയോ ഭഗവതി! സ്വർണ്ണം കൊണ്ടു പരിഷ്കൃത മായി ഉണ്ടാക്കിയിട്ടുള്ള തറയിൽ വെച്ചിട്ടുള്ളതായും ഭംഗിയുള്ള മേൽക്കട്ടിയുള്ളതായും കോടി ബാലസൂര്യന്മാർ ഉദിച്ചാലുണ്ടാ കുന്ന ശോഭപോലെയുള്ള ശൊഭയോടുകൂടിയതായും സ്വർണ്ണ പുഷ്പങ്ങൾ വിരിച്ചിട്ടുള്ളതായും അതിമനോഹരമായും ഇരിക്കു ന്ന ഈ രത്നസിംഹാസനത്തിൽ സ്വർണ്ണപീഠത്തിൽ രണ്ടു കാലു കളും വെച്ച് ഇരുന്നാലും.

മണി മൗക്തികനിർമിതം മഹാന്തം
കനകസ്തംഭചതുഷ്ടയേന യുക്തം
കമനീയതമം ഭവാനി! തുഭ്യം
നവമുല്ലാസമഹം സമർപ്പയാമി (4)

വിഭക്തി –
മണിമൗക്തികനിർമിതം – അ. പു. ദ്വി. ഏ.

മഹാന്തം – ത. പു. ദ്വി. ഏ.
കനകസ്തംഭചതുഷ്ടയേന – അ. പു. തൃ. ഏ.
യുക്തം – അ. പു. ദ്വി. ഏ.
കമനീയതമം – അ. പു. ദ്വി. ഏ.
ഭവാനി! – ഈ. സ്ത്രീ. സംപ്ര. ഏ.
തുഭ്യം – യുഷ്മ. ച്തു. ഏ.
നവം – അ. പു. ദ്വി. ഏ.
ഉല്ലാസം – അ. പു. ദ്വി. ഏ.
അഹം – അസ്മ. പ്ര. ഏ.
സമർപ്പയാമി – ലട്ട്. പര. ഉത്ത. ഏ.

അന്വയം – ഹേ ഭവാനീ! അഹം മണിമൗക്തികനിർമിതം മഹാന്തം കനകസ്തംഭചതുഷ്ടയേന യുക്തം കമനീയതമം നവം ഉല്ലാസം തുഭ്യം സമർപ്പയാമി.

അന്വയാർത്ഥം – അല്ലയോ ഭവാനി, ഞാൻ മണിമൗക്തിക നിർമിതമായി മഹത്തായി കനകസ്തംഭചതുഷ്ടയത്തോടു യുക്ത മായി കനീയതമായി നവമായിരിക്കുന്ന ഉല്ലാസത്തെ ഭവതിക്കായികൊണ്ടു സമർപ്പിക്കുന്നു്.

പരിഭാഷ – ഭവാനി – പാർവ്വതി. മണിമൗക്തികനിർമിതം – മണിമൗക്തികങ്ങളാൽ നിർമിക്കപ്പെട്ടത്. മണിമൗക്തികങ്ങൾ – മണികളും മൗക്തികങ്ങളും. മണികൾ – രത്ങ്ങൾ. മൗക്തികങ്ങൾ – മുത്തുകൾ. നിർമിതം – നിർമിക്കപ്പെട്ടത്. മഹത് – വലിയത് (ശ്രേഷ്ഠം). കനകസ്തംഭചതുഷ്ടയം – കനകസ്തംഭങ്ങ ളുടെ ചതുഷ്ടയം. കനകസ്തംഭങ്ങൾ – സ്വർണ്ണതൂണുകൾ. ചതുഷ്ടയം – നാല്. യുക്തം – യോജിച്ചത് (കൂടിയത്). കമനീയതമം – ഏറ്റവും കമനീയം. കമനീയം – മനോഹരം. നവം – പുതിയത്. ഉല്ലാസം – മണ്ഡപം.

ഭാവം – അല്ലയോ ഭവാനി! ഞാൻ മുത്തുകളെകൊണ്ടും രത്നങ്ങളെകൊണ്ടും ഉണ്ടാക്കപെട്ടതും വലിയതും (ശ്രേഷ്ഠവും) നാലു സ്വർണ്ണത്തൂണുകളോട് കൂടിയതും ഏറ്റവും മനൊഹരവും പുതിയതുമായിരിക്കുന്ന ഈ മണ്ഡപത്തെ ഭവതിക്കായി സമർപ്പിക്ക്ുന്നു.

ദുർവ്വയാ, സരസിജാന്വിതവിഷ്ണു –
ക്രാന്തയാ ച സഹിതം കുസുമാഢ്യം
പത്മയുഗ്മസദൃശേ പദയുഗ്മേ
പാദ്യമേതദുരരീകുരു മാതഃ (5)

വിഭക്തി –
ദുർവ്വയാ – ആ. സ്ത്രീ. തൃ. ഏ.
സരസിജാന്വിതവിഷ്ണുക്രാന്തയാ – ആ. സ്ത്രീ. തൃ. ഏ.
ച – അവ്യ.
സഹിതം – അ. ന. ദ്വി. ഏ.
ക്സുമാഢ്യം – അ. ന. ദ്വി. ഏ.
പദ്മയുഗ്മസദൃശേ – അ. ന. സ. ഏ.
പദയുഗ്മേ – അ. ന. സപ്ത. ഏ.
പാദ്യം – അ. ന. ദ്വി. ഏ.
ഉരരീകുരു – ലോട്ട്. പര. മദ്ധ്യ. പു. ഏ.
മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.

അന്വയം – ഹേ മാതാഃ, ദുർവ്വയാ, സരസിജാന്വിതവിഷ്ണുക്രാന്തയാ ച സഹിതം കുസുമാഢ്യം ഏതൽ പാദ്യം പദ്മയുഗ്മസദൃശേ പദ്മയുഗ്മേ ഉരരീകുരു.

അന്വയാർത്ഥം – അല്ലയോ അമ്മേ! ദുർവ്വയോടും സരസ്വിജാന്വിതവിഷ്ണുക്രാന്തയോടും സഹിതമായി കുസുമമാഢ്യമായിരിക്കുന്ന ഈ പാദ്യത്തെ പത്മയുഗ്മസദൃശമായിരിക്കുന്ന പദയുഗ്മത്തിൽ ഉരരീകരിച്ചാലും.

പരിഭാഷ – ദുർവ്വാ – കറുക. സരസിജാന്വിതവിഷ്ണുക്രാന്ത. സരസിജാന്വിതം – സരസിജത്തോടു അന്വിതം. സരസിജം – താമരപ്പൂവ്. അന്വിതം – കൂടിയത്. വിഷ്ണുക്രാന്ത – വിഷ്ണു ക്രാന്തയെന്ന മരുന്ന്. സഹിതം – കൂടിയത്. കുസുമാഢ്യം – കുസുമങ്ങളെകൊണ്ടു ആഢ്യം. കുസുമങ്ങൾ – പുഷ്പങ്ങൾ. ആഢ്യം – ശ്രേഷ്ഠം. പാദ്യം – പാദോദകം (കാൽ കഴുകാനുള്ള വെള്ളം). ഉരരീകരിക്കുക – സ്വീകരിക്ക.

ഭാവം – ഹേ ലോകജനനീ, കറുക, താമറപ്പൂവ്, വിഷ്ണുക്രാന്തി മുതലായവയോടുകൂടിയതും ശ്രേഷ്ഠങ്ങളായ പുഷ്പങ്ങൾ കലർന്നതും ആയ ഈ പാദക്ഷാളനജലത്തെ രണ്ടു താമര പ്പൂക്കൾ പോലെ ശോഭിച്ചിരിക്കുന്ന ഭവതിയുടെ പാദങ്ങളിൽ സ്വീകരിക്കേണമെ.

ഗന്ധപുഷ്പയവസർഷപദുർവ്വാ–
സംയുതം തിലകുശാക്ഷതമിശ്രം
ഹേമപാത്രനിഹിതം സഹരത്ന–
മർഘ്യമേതദുരരീകുരു മാതഃ! (6)

വിഭക്തി –

ഗന്ധപുഷ്പയവസർഷപദുർവ്വാസംയുതം – അ. ന. ദ്വി. ഏ.
തിലകുശാക്ഷതമിശ്രം – അ. ന. ദ്വി. ഏ.
ഹേമപാത്രനിഹിതം – അ. ന. ദ്വി. ഏ.
സഹ – അവ്യ.
രത്നൈഃ – അ. ന. തൃ. ബ.
അർഘ്യം – അ. ന. ദ്വി. ഏ.
ഏതൽ – ഏദത്. ന. ദ്വി. ഏ.
ഉരരീകരിക്കുക – ലോട്ട്. മദ്ധ്യ. ഏ.
മാതഃ – ഋ. സ്ത്രീ. സം പ്ര. ഏ.

അന്വയം – ഹേ മാതാഃ ഗന്ധപുഷ്പയവസർഷപദൂർവ്വാ സംയുതം തിലകുശാക്ഷതമിശ്രം രത്നൈഃ സഹ ഹേമപാത്ര നിഹിതം ഏതൽ അർഘ്യം ഉരരീകുരു.

അന്വയാർത്ഥം –അല്ലയോ അംബ! ഗന്ധപുഷ്പയവസർഷപ ദൂർവ്വാസംയുതമായി തിലകുശാക്ഷതമിശ്രമായി രത്നങ്ങളോടു കൂടി ഹേമപാത്രനിഹിതമായിരിക്കുന്ന ഈ അർഘ്യത്തെ ഉരുരീ കരിച്ചാലും.

പരിഭാഷ – ഗന്ധപുഷ്പയവസർഷപദൂർവ്വാസംയുതം – ഗന്ധം, പുഷ്പം, യവം, സർഷപം, ദൂർവ്വാ ഇവകളോടുകൂടിയത് ഗന്ധം – ചന്ദനം. പുഷ്പം – പൂവ്. യവം – യവം. സർഷപം – ഉഴുന്ന്. ദൂർവ്വാ – കറുക. തിലകുശാക്ഷമിശ്രം – തിലകുശാക്ഷത ങ്ങളോടു മിശ്രം. തിലകുശാക്ഷതങ്ങൾ – തിലവും കുശവും അക്ഷതവും. തിലം – എള്ള് കുശാ – ദർഭ. അക്ഷതം – ഉണങ്ങൽ അരി. മിശ്രം – കലർന്നത്. ഹേമപാത്രനിഹിതം – ഹേമപാത്രത്തിൽ നിഹിതം. ഹേമപാത്രം – സ്വർണ്ണപ്പത്രം. നിഹിതം – നിധാനം ചെയ്യപ്പെട്ടത്. അർഘ്യം – പൂജാജലം. ഉരരീകരിക്കുക – സ്വീകരിക്ക.

ഭാവം – അല്ലയോ അംബേ! ഭവതി ചന്ദനം പൂവ് യവം ഉഴുന്ന് കറുക എള്ള് ദർഭ ഉണങ്ങലരി ഇവയോടും രത്നങ്ങളോടുംകൂടി സ്വർണ്ണപ്പാത്രത്തിൽ വെച്ചിട്ടുള്ള ഈ പൂജാജലത്തെ സ്വീകരി ക്കേണമേ.

ജലജദ്യുതിനാ കരേണ ജാതീ–
ഫലതക്കോലലവംഗഗന്ധയുക്തൈഃ
അമൃതൈരമൃതൈരിവാതിശീതൈർ–
ഭഗവത്യാചമനം വിധീയതാം (7)

വിഭക്തി – ജലജദ്യുതിനാ – ഇ. പു. തൃ. ഏ.

കരേണ. – അ. പു. തൃ. ഏ.
ജാതീഫലതക്കോലലവംഗഗന്ധയുക്തൈഃ – അ. ന. തൃ. ബ.
അമൃതൈഃ – അ. ന. തൃ. ബ.
ഭഗവതി – ഈ. സ്ത്രീ. സം.പ്ര. ഏ.
ആചമനം – അ. ന. പ്ര. ഏ.
വിധീയതാം. ലോട്ട്. ആ. പ്ര. പു. ഏ.
അന്വയം – ഹേ ഭഗവതി! ജലജദ്യുതിനാ കരേണ ജാതീഫലതക്കോലലവംഗഗന്ധയുക്തൈഃ അമൃതൈഃ ഇവ അതിശീതൈഃ അമൃതൈഃ ആചമനം വിധീയതാം.

അന്വയാർത്ഥം – അല്ലയോ ഭഗവതി! ഭവതിയാൽ ജലജദ്യുതിയായിരിക്കുന്ന കരത്താൽ ജാതീഫലതക്കോലലവംഗ ഗന്ധയുക്തങ്ങളായി അതിശീതളങ്ങളായി അമൃതങ്ങൾ പോലെയിരിക്കുന്ന അമൃതങ്ങളെകൊണ്ടു ആചമനം ചെയ്യപ്പെട്ടാലും.

പരിഭാഷ – ഭഗവതി – ഭഗങ്ങളോടു കൂടിയവൾ. ഭഗങ്ങൾ – ഐശ്വര്യാദികൾ (ഐശ്വര്യം– സമ്പൂർണ്ണവീര്യം, യശസ്സ്, ശോഭ, ജ്ഞാനം, വൈരാഗ്യം ഇവ). ജലജദ്യുതി – ജലജത്തിന്റെ ദ്യുതി പോലെയുള്ള ദ്യുതിയോടുകൂടിയത്. ജലജം – താമര. കരം – കൈ, ജാതീഫലതക്കോലലവംഗഗന്ധയുക്തം – ജാതിഫലത്തിന്റെയും തക്കോല[3]ത്തിന്റെയും, ലവംഗത്തിന്റെയും ഗന്ധത്തോടു യുക്തം. ജാതീഫലം – ജാതിക്ക, ലവംഗം – ഇലവർങം. യുക്തം – യോജിച്ചത്. അതിശീതങ്ങൾ – ഏറ്റവും തണുപ്പുള്ളവ. അമൃതങ്ങൾ – സുധകൾ. അമൃതങ്ങൾ – ജലങ്ങൾ. ആചമനം – അംഗശുദ്ധിക്രിയ.

ഭാവം – അല്ലയോ ഭഗവതി! ഭവതി താമരപ്പൂപോലെയിരിക്കുന്ന കൈകൊണ്ടു ജാതിക്ക, തക്കോലം, ഇലവർങം മുതലായവയുടെ

[3] ഒരു അങ്ങാടിമരുന്ന് (cubeb pepper)

ഗന്ധമുള്ളതും ഏറ്റവും തണുപ്പുള്ളതും അമൃതുപോലെയിരിക്കുന്നതുമായ വെള്ളം കൊണ്ട് ആചമനം ചെയ്താലും.

നിഹിതം കനകസ്യ സംപുടേ
പിഹിതം രത്നവിധാനകേന ചിൽ
തദിദം ജഗദംബ! തേർപ്പിതം
മധുപർക്കം ജനനി പ്രഗൃഹ്യതാം (8)

വിഭക്തി –
നിഹിതം – അ. ന. പ്ര. ഏ.
കനകസ്യ – അ. ന. ഷ. ഏ.
സംപുടേ – അ. ന. സ. ഏ.
പിഹിതം – അ. ന. ഷ. ഏ.
രത്നവിധാനകേന – അ. ന. തൃ. ഏ.
ചിൽ – അവ്യ.
തൽ – തദ്. ദ. ന. ദ്വി. ഏ.
ഇദം – ഇദം. മ. ന. പ്ര. ഏ.
ജഗദംബ – ആ. സ്ത്രീ. സം പ്ര. ഏ.
തേ – യുഷ്മ. ദ. ച. ഏ.
അർപ്പിതം – അ. ന. പ്ര. ഏ.
മധുപർക്കം. അ. ന. പ്ര. ഏ.
ജനനി – ഈ. സ്ത്രീ. സമ്പ്ര. ഏ.
പ്രഗൃഹ്യതാം – ലോട്ട്. ആത്മ. പ്ര. പു. ഏ.

അന്വയം – ഹേ ജഗദംബ! കനകസ്യ സംപുടേ നിഹിതം രത്നവിധാനകേന പിഹിതം ഇദം മധുപർക്കം (മയാ) തേ അർപ്പിതം ഹേ ജനനീ തൽ പ്രഗൃഹ്യതാം.

അന്വയാർത്ഥം – അല്ലയോ ജഗദംബ! കനകത്തിന്റെ സംപുടത്തിങ്കൽ നിഹിതമായി രത്നവിധാനംകൊണ്ടു പിഹിതമായിരി

ക്കുന്ന ഈ മധുപർക്കം (എന്നാൽ) ഭവതിക്കായികൊണ്ടു അർപ്പിതമായി. അല്ലയോ അമ്മേ അതിനെ നിന്തിരുവടി സ്വീകരിക്കേണമേ.

പരിഭാഷ – ജഗദംബ – ലോകജനനി. സംപുടം – പാത്രം. നിഹിതം – നിധാനം ചെയ്യപ്പെട്ടത്. നിധാനം ചെയ്ക – വെയ്ക്കുക. രത്നവിധാനകം – രത്നപാത്രം. പിഹിതം – പിധാനം ചെയ്യപ്പെട്ടത്. പിധാനം ചെയ്ക – മറയ്ക്ക. (അടയ്ക്കുക). മധുപർക്കം – നിവേദ്യവിശേഷം. അർപ്പിതം – അർപ്പിക്കപ്പെട്ടത്. അർപ്പിയ്ക്ക– ആദരവോടുകൂടി വെയ്ക്കുക. ജനനി – അമ്മ.

ഭാവം – അല്ലയോ ലോകജനനീ! കനകപാത്രത്തിൽ വെച്ച് രത്നപാത്രം കൊണ്ടടച്ചിരിക്കുന്ന ഈ നിവേദ്യവിശേഷത്തെ ഞാൻ ആദരവോടുകൂടി ഭവതിക്കു സമർപ്പിക്കുന്നു. ഹേ അമ്മേ നിന്തിരുവടി സ്വീകരിക്കേണമേ.

ഏതച്ചമ്പകതൈലമംബ, വിവിധൈഃ
പുഷ്പൈർമ്മുഹുർവ്വാസിതം
ന്യസ്തം രത്നമയേ സുവർണ്ണചഷകേ
ഭൃംഗൈർ ഭ്രമദ്ഭിർവൃതം
സാനന്ദം സുരസുന്ദരീഭിരഭിതോ–
ഹസ്തൈർ ധൃതം തേ മയാ
കേശേഷു ഭ്രമരഭ്രമേഷു സകലേ–
ഷ്വംഗേഷു ചാലിപ്യതേ (9)

വിഭക്തി –
ഏതൽ – ഏതച്ഛബ്ദം. ദ. ന. പ്ര. ഏ.
ചമ്പകതൈലം – അ. ന. പ്ര. ഏ.
അംബ – ആ. സ്ത്രീ. സം പ്ര. ഏ.
വിവിധൈഃ – അ. ന. തൃ. ബ.
പുഷ്പൈഃ – അ. ന. തൃ. ബ.

മുഹുഃ – അവ്യ..
വാസിതം – അ. ന. പ്ര. ഏ.
ന്യസ്തം – അ. ന. പ്ര. ഏ.
രത്നമയേ – അ. ന. സ. ഏ.
സുവർണ്ണചഷകേ – അ. ന. പ്ര. ഏ.
ഭൃംഗൈഃ – അ. പു. തൃ. ബ
ഭ്രമദ്ഭിഃ – ത. പു. തൃ. ബ.
വൃതം – അ. ന. പ്ര. ഏ.
സാനന്ദം – ക്രി. വി.
സുരസുന്ദരീഭിഃ – ഈ. സ്ത്രീ. തൃ. ബ.
ധൃതം – അ. ന. പ്ര. ഏ.
തേ – യുഷ്മ. ദ. ഷ. ഏ.
മയാ – അസ്മ. ദ. തൃ. ഏ.
കേശേഷു – അ. പു. സ. ബ.
ഭ്രമരഭ്രമേഷു അ. പു. സ. ബ.
സകലേഷു – അ. ന. സ. ബ,
അംഗേഷു – അ. ന. സ. ബ.
ച – അവ്യ.
ആലിപ്യതേ – ല. ആ. പ്ര. ഏ.

അന്വയം – ഹേ അംബ! വിവിധൈഃ പുഷ്പൈഃ മുഹുഃ വാസിതം രത്നമയേ സുവർണ്ണചഷകേ ന്യസ്തം ഭ്രമദ്ഭിഃ ഭൃംഗൈഃ വൃതം അഭിതഃ സുരസുന്ദരീഭിഃ സാനന്ദം ഹസ്തൈഃ ധൃതം ഏതൽ ചമ്പകതൈലം മയാ തേ ഭ്രമരഭ്രമേഷു കേശേഷു സകലേഷു അംഗേഷു ച ആലിപ്യതേ.

അന്വയാർത്ഥം – അല്ലയോ അംബേ! വിവിധങ്ങളായിരിക്കുന്ന പുഷ്പങ്ങളാൽ പിന്നേയും പിന്നേയും വാസിതമായി രത്നമയ മായിരിക്കുന്ന സുവർണ്ണചഷകത്തിൽ ന്യസ്തമായി ഭ്രമത്തുകളാ യിരിക്കുന്ന ഭ്രംഗങ്ങളാൽ വ്യതമായി മുൻഭാഗത്തിൽ സുരസുന്ദരി കളാൽ ആനന്ദത്തോടുകൂടി ഹസ്തങ്ങളാൽ ധൃതമായിരിക്കുന്ന

ഈ ചെമ്പകതൈലം എന്നാൽ ഭവതിയുടെ ഭ്രമരഭ്രമങ്ങളായിരിക്കുന്ന കേശങ്ങളിലും സകലങ്ങളായിരിക്കുന്ന അംഗങ്ങളിലും ആലേപനം ചെയ്യപ്പെടുന്നു.

പരിഭാഷ – വിവിധങ്ങൾ – പലതരങ്ങൾ. വാസിതം – വാസിക്കപ്പെട്ടത്. വാസിക്ക – സുഗന്ധീകരിക്ക. രത്നമയം – രത്നം പതിച്ചിട്ടുള്ളവ. സുവർണ്ണചഷകം – സുവർണ്ണം കൊണ്ടുള്ള ചഷകം. സുവർണ്ണം – സ്വർണ്ണം. ചഷകം – പാനപാത്രം. ന്യസ്തം – ന്യസിക്കപ്പെട്ടത്. ന്യസിക്കുക – വെയ്ക്കുക. ഭ്രമത്തുക്കൾ – ഭ്രമിക്കുന്നവ. ഭ്രമിക്ക – ചുറ്റിസഞ്ചരിക്കുക. ഭൃംഗങ്ങൾ – വണ്ടുകൾ. വൃതം – വരണം ചെയ്തത്. വരണം ചെയ്ക – മറയ്ക്ക. സുരസുന്ദരികൾ – ദേവസുന്ദരികൾ. ഹസ്തങ്ങൾ – കൈകൾധൃതം – ധരിക്കപ്പെട്ടത്. ഭ്രമരഭ്രമങ്ങൾ – ഭ്രമരങ്ങൾ ഭ്രമിക്കുന്നവ. ഭ്രമരങ്ങൾ – വണ്ടുകൾ, ഭ്രമിക്ക – സഞ്ചരിക്ക. (ഭ്രമരങ്ങളെന്നും ഭ്രമിക്കുന്നവയെന്നും, ഭ്രമിക്ക – ശങ്കിക്ക). ആലേപനം ചെയ്ക – പുരട്ടുക.

ഭാവം – അല്ലയോ അംബേ! അനേകതരം പുഷ്പങ്ങളാൽ പിന്നേയും പിന്നേയും സുഗന്ധീകരിക്കപ്പെട്ടതും രത്നങ്ങൾ പതിച്ചിട്ടുള്ള സ്വർണ്ണപ്പാത്രത്തിൽ വെച്ചിട്ടുള്ളതും സുഗന്ധം കൊണ്ട് വന്നുകൂടിയിട്ടുള്ള വണ്ടുകളാൽ ആവരണം ചെയ്യപ്പെട്ടതും ഭവതിയുടെ മുൻഭാഗത്തിൽ ദേവകാമിനിമാർ ആനന്ദത്തോടുകൂടി കൈകളിൽ ധരിച്ചുകൊണ്ടു നിൽക്കുന്നതുമായ ഈ ചമ്പകതൈലം ഞാൻ പുഷ്പരസാസ്വാദനത്തിനായി വന്നു കൂടുന്ന വണ്ടുകളാൽ ചുറ്റപ്പെട്ട (വണ്ടിൻ കൂട്ടമാണോ എന്ന് ശങ്ക ജനിപ്പിക്കുന്നതായ) നിന്തിരുവടിയുടെ കുന്തളഭരത്തിലും മറ്റെല്ലാ അംഗങ്ങളിലും പുരട്ടുന്നു.

മാതഃ കുങ്കമപങ്കനിർമ്മിതമിദം
ദേഹേ തവോദ്വർത്തനം
ഭക്ത്യാഹം കലയാമി ഹേമരജസാ

സമ്മിശ്രിതം കേസരൈഃ
കേശാനാമലകൈർവ്വിശോധ്യ വിശദാൻ
കസ്തൂരികോദഞ്ചിതൈഃ
സ്നാനം തേ നവരത്നകുംഭനിഹിതൈ–
സ്സംവാസിതോഷ്ണോദകൈഃ (10)

വിഭക്തി –

മാതഃ – ഋ. പു. സം പ്ര. ഏ.
കുങ്കമപങ്കനിർമിതം – അ. ന. ദ്വി. ഏ.
ഇദം – ഇദംശബ്ദഃ. മ. ന. ദ്വി. ഏ.
ദേഹേ – അ. പു. സ. ഏ.
തവ – യുഷ്മ. ഷ്. ഏ.
ഉദ്വർത്തനം – അ. ന. ദ്വി. ഏ.
ഭക്ത്യാ – സ്ത്രീ. . തൃ. ഏ.
അഹം – അസ്മ. ദ. പ്ര. ഏ.
കലയാമി – ലട്ട്. പര. ഉത്ത. പു. ഏ.
ഹേമരജസാ – സ. ന. തൃ. ഏ.
സമ്മിശ്രിതം – അ. ന. ദ്വി. ഏ.
കേസരൈഃ – അ. ന. തൃ. ബ.
കേശാൻ – അ. പു. ദ്വി. ബ.
ആമലൈകഃ – അ. പു. തൃ. ബ.
വിശോധ്യ – ല്യബ. അവ്യ.
വിശദാൻ – അ. പു. ദ്വി. ബ.
കസ്തൂരികോദഞ്ചിതൈഃ – അ. ന. തൃ. ബ.
സ്നാനം – അ. ന. ദ്വി. ഏ.
തേ – യുഷ്മ. ച. ഏ.
നവരത്നകുംഭനിഹിതൈഃ –അ. ന. തൃ. ബ.
സംവാസിതോഷ്ണോദകൈഃ – അ. ന. തൃ. ബ.

അന്വയം – ഹേ അംബ! അഹം തവ ദേഹേ കുങ്കമപങ്കനിർമിതം കേസരൈഃ ഹേമരജസാ ച സമ്മിശ്രിതം ഇദം ഉദ്വർത്തനം

ഭക്ത്യാ കലയാമി. വിശദാൻ കേശാൻ വിശോധ്യ ആമലകൈഃ കസ്തൂരികോദഞ്ചിതൈഃ നവരത്നകുംഭനിഹിതൈഃ സംവാസിതോഷ്ണോദകൈഃ തേ ഭക്ത്യാ സ്നാനം കലയാമി.

അന്വയാർത്ഥം – അല്ലയോ അംബേ! ഞാൻ നിന്തിരുവടിയുടെ ദേഹത്തിൽ കുങ്കമപങ്കനിർമിതമായി കേസരങ്ങളേകൊണ്ടും ഹേമരജസ്സുകൊണ്ടും സമ്മിശ്രമായിരിക്കുന്ന ഉദ്വർത്തനത്തെ ഭക്തിയോടുകൂടിതേപ്പിക്കുന്നു. വിശദങ്ങളായിരിക്കുന്ന കേശങ്ങളെ വിശോധിച്ചിട്ട് ആമലകങ്ങളായി കസ്തൂരികോദഞ്ചിതങ്ങളായി നവരത്നകുംഭനിഹിതങ്ങളായിരിക്കുന്ന സംവാസിതോഷ്ണോദകങ്ങളെക്കൊണ്ടു ഭവതിയക്ക് ഭക്തിയോടുകൂടി സ്നാനത്തെയും ചെയ്യുന്നു

പരിഭാഷ – കുങ്കമപങ്കനിർമിതം – കുങ്കമപങ്കത്താൽ നിർമിക്കപ്പെട്ടത്. കുങ്കമപങ്കം – കുങ്കമച്ചാറ്. നിർമ്മിക്ക – ഉണ്ടാക്ക. കേസരങ്ങൾ – അല്ലികൾ. ഹേമരജസ്സ് – സ്വർണ്ണപ്പൊടി. സമ്മിശ്രിതം – കൂട്ടിക്കലർത്തപ്പെട്ടത്. ഉദ്വർത്തനം – മേൽതേപ്പ്. വിശദങ്ങൾ – നിമ്മലങ്ങൾ. കേശങ്ങൾ – തലമുടികൾ. വിശോധിക്ക – വിടർത്തുക. ആമലകങ്ങൾ – നെല്ലിക്കകൾ. കസ്തൂരികോദഞ്ചിതങ്ങൾ – കസ്തൂരികത്താൽ ഉദഞ്ചിതങ്ങൾ. കസ്തൂരികം – കസ്തൂരി. ഉദഞ്ചിതം – സമ്മിശ്രിതം. സംവാസിതോഷ്ണോദകങ്ങൾ – സംവാസിതമായിരിക്കുന്ന ഉഷ്ണോദക ങ്ങൾ. സംവാസിതം – സംവാസിക്കപ്പെട്ടത്.സംവാസിക്ക – നല്ലതുപോലെ സുഗന്ധീകരിക്ക. ഉഷ്ണോദകങ്ങൾ – ചൂടുള്ള വെള്ളങ്ങൾ. സ്നാനം – കുളി. നവരത്നകുംഭനിഹിതങ്ങൾ – നവരത്നക്കുടങ്ങളിൽ വെയ്ക്കപ്പെട്ടവ.

ഭാവം – അല്ലയോ അംബേ! ഞാൻ നിന്തിരുവടിയുടെ തിരുമെയ്യിൽ താമരയല്ലിയും സ്വർണ്ണപ്പൊടിയും കുങ്കമച്ചാറിൽ കുഴച്ചുണ്ടാക്കിയ മേൽതേപ്പുകൊണ്ടു തേപ്പിക്കുന്നു. നിർമ്മലങ്ങളായ അവിടുത്തെ തലമുടികളെ വിടർത്തിയിട്ട് നെല്ലിക്ക, കസ്തൂരി,

ഇവകൾ ചേർത്തുണ്ടാക്കി, നവരത്നക്കുടങ്ങളിൽ വച്ചിട്ടുള്ളതും നല്ല സുഗന്ധമുള്ളതും ചെറുചൂടുള്ളതും ആയ വെള്ളം കൊണ്ട് ഭക്തിയോടുകൂടി ഭവതിയെ സ്നാനം ചെയ്യിക്കുന്നു.

മധു ദുഗ്ദ്ധഘൃതൈശ്ച ചന്ദനൈ-
സ്സിതയാ ശർക്കരയാ സമന്വിതൈഃ
സ്നപയാമി തവാഹമാദരാൽ
ജനനി! ത്വാം പുനരുഷ്ണവാരിഭിഃ (11)

വിഭക്തി –
മധു ദുഗ്ദ്ധഘൃതൈഃ – അ. ന. തൃ. ബ.ച. അവ്യ.
ചന്ദനൈഃ – അ. പു. തൃ. ബ.
സിതയാ – ആ. സ്ത്രീ. തൃ.
ശർക്കരയാ – ആ. സ്ത്രീ. തൃ. ഏ.
സമന്വിതൈ – അ. ന. തൃ. ബ.
സ്നപയാമി – ലോട്ട്. പ. ഉ. പു. ഏ.
തവ. യുഷ്മ – ഷ. ഏ.
അഹം – അസ്മ. പ്ര. ഏ.
ആദരാൽ – അ. പു. പ. ഏ.
ജനനി – ഈ. സ്ത്രീ. സം പ്ര.
ത്വാം – യുഷ്മ. ദ്വി. ഏ.
പുനഃ – അവ്യ.
ഉഷ്ണവാരിഭിഃ – ഇ. ന. തൃ. ബ.

അന്വയം – ഹേ ജനനീ മധു ദുഗ്ദ്ധഘൃതൈഃ ചന്ദനൈഃ സിതയാ ശർക്കരയാ സമന്വിതൈഃ ഉഷ്ണവാരിഭിഃ ച അഹം ത്വാം ആദരാൽ പുനഃ സ്നപയാമി.

അന്വയാർത്ഥം – അല്ലയോ ജനനി! മധുദുഗ്ധഘൃതങ്ങളെ കൊണ്ടും ചന്ദനങ്ങളെകൊണ്ടും സിതയോടും ശർക്കരയോടും

സമന്വിതമായിരിക്കുന്ന ഉഷ്ണവാരികളെകൊണ്ടും ഞാൻ ഭവതിയെ ആദരവോടുകൂടി വീന്ദും സ്നാനം ചെയ്യിക്കുന്നു

പരിഭാഷ – മധു ദുശ്ധഘൃതങ്ങൾ – മധുവും ദുശ്ധവും ഘൃതവും. മധു – തേൻ. ദുഗ്ധം – പാൽ. ഘൃതം – നെയ്യ്. സിത – പഞ്ചസാര. സമന്വിതം – കൂടിയത്. ഉഷ്ണവാരി – ചൂടുള്ള വെള്ളം.

ഭാവം– അല്ലയോ അംബേ! തേൻ, പാൽ, നെയ്, ഇവകളെക്കൊണ്ടും പഞ്ചസാര, ശർക്കര ഇവ ചേർന്ന ചൂടു വെള്ളം കൊണ്ടും ആദരവോടുകൂടി ഞാൻ ഭവതിയെ വീണ്ടും കുളിപ്പിക്കുന്നു.

ഏലോശീരസുവാസിതൈഃ കുസുമൈർ–
ഗ്ഗംഗാദിതീർത്ഥോദകൈഃ
മാണിക്യാമല മൗക്തികാമലയുതൈ–
സ്സ്വച്ഛൈസ്സുവർണ്ണോദകൈഃ
മന്ത്രാന്വേദികതന്ത്രികാൻ പരിപഠൻ
സാനന്ദമത്യാദരാൽ
സ്നാനം തേ പരികല്പയാമി ജനനി!
സ്നേഹാത്ത്വമംഗീകുരു. (12)

വിഭക്തി –
ഏലോശീരസുവാസിതൈഃ – അ. ന. തൃ. ബ.
സുകുസുമൈഃ – അ. ന. തൃ. ബ.
ഗംഗാദിതീർത്ഥോദകൈഃ – അ. ന. തൃ. ബ.
മാണിക്യാമലമൗക്തികാമലയുതൈഃ – അ. ന. തൃ. ബ.
സ്വച്ഛൈഃ – അ. ന. തൃ. ബ.
മന്ത്രാൻ – അ. പു. ദ്വി. ബ.
വേദികതന്ത്രികാൻ – അ. പു. ദ്വി. ബ.
പരിപഠൻ – ത. പു. പ്ര. ഏ.

സാനന്ദം – ക്രിയാ. വി. അ. ന. ദ്വി. ഏ.
അത്യാദരാൽ – അ. പു. പ്ര. ഏ.
സ്നാനം – അ. ന. ദ്വി. ഏ.
തേ – യുഷ്മ. ദ്വി. പ്ര. ഏ.
പരികല്പയാമി – ലട്ട്. പ. ഉത്ത്. ഏ.
ജനനി – ഈ. സ്ത്രീ. സം പ്ര. ഏ.
സ്നേഹാൽ – അ. പു. പ്ര. ഏ.
ത്വം – യുഷ്മ. ദ്വി. പ്ര. ഏ.
അംഗീകുരു – ലോട്ട്. പ. മ. ഏ.

അന്വയം – ഹേ ജനനീ! അഹം ഏലോശീരസുവാസിതൈഃ സുകുസുമൈഃ മാണിക്യാമലമൗക്തികാമലയുതൈഃ സ്വച്ഛൈഃ ഗംഗാതീർത്ഥോദകൈഃ സുവർണ്ണോദകൈഃ വേദികതന്ത്രികാൻ മന്ത്രാൻ പരിപഠൻ അത്യാദരാൽ സാനന്ദം തേ സ്നാനം പരികല്പയാമി. സ്നേഹാൽ ത്വം അംഗീകുരു.

അന്വയാർത്ഥം – അല്ലയോ ജനനീ! ഞാൻ ഏലോശീര സുവാസിതങ്ങളായ സുകുസുമങ്ങളായി മാണിക്യാമലമൗക്തി കാമലയുതങ്ങളായി സ്വച്ഛങ്ങളായി ഗംഗാദിതീർത്ഥോദകങ്ങളാ യിരിക്കുന്ന സുവർണ്ണോദകങ്ങളേകൊണ്ടു വേദികതന്ത്രികങ്ങ ളായിരിക്കുന്ന മന്ത്രങ്ങളെ പരിപഠന്നായി അത്യാദര ത്തോടും ആനന്ദത്തോടും കൂടി ഭവതിയ്ക്കായികൊണ്ടു സ്നാനത്തെ പരികല്പക്കുന്നു. സ്നേഹത്തോടു കൂടി ഭവതി അംഗീകരിച്ചാലും.

പരിഭാഷ – ഏലോശീരസുവാസിതങ്ങൾ – ഏലോശീരങ്ങളെ കൊണ്ടു. സുവാസിതങ്ങൾ. ഏലോശീരങ്ങൾ – ഏലവും, ഉശീരവും. ഉശീരം – രാമച്ചം. സുവാസിതങ്ങൾ – സുവാസിക്ക പ്പെട്ടവ. സുവാസിക്ക – സുഗന്ധീകരിക്ക. (നല്ല വാസനയുള്ള തായി തീർക്കുക). സുകുസുമങ്ങൾ – നല്ല പുഷ്പങ്ങളോടു കൂടിയവ. മാണിക്യാമലമൗക്തികാമലയുതങ്ങൾ – മാണിക്യങ്ങ ളോടും, അമലമൗക്തികങ്ങളോടും, അമലങ്ങളോടും.യുതങ്ങൾ.

അമലമൗക്തികങ്ങൾ – അമലങ്ങളായിരിക്കുന്ന. മൗക്തികങ്ങൾ. അമലങ്ങൾ – നിർമ്മലങ്ങൾ. മൗക്തികങ്ങൾ – മുത്തുകൾ. അമല ങ്ങൾ – വൈരക്കല്ലുകൾ. യുതങ്ങൾ – കൂടിയവ. സ്വച്ഛങ്ങൾ – നിർമലങ്ങൾ. ഗംഗാദിതീർത്ഥോദകങ്ങൾ – ഗംഗ മുതലായ തീർത്ഥങ്ങളിൽ ഉള്ളജലങ്ങൾ.സുവർണ്ണോദകങ്ങൾ – സ്വർണ്ണ കുംഭങ്ങൾ, ഉദകങ്ങൾ – ജലങ്ങൾ. വേദികതന്ത്രികങ്ങൾ – വേദികങ്ങളായിരിക്കുന്ന തന്ത്രികങ്ങളോടു കൂടിയവ. വേദിക ങ്ങൾ – വേദത്തെ സംബന്ധിച്ചവ. തന്ത്രികങ്ങൾ – മുദ്രകൾ. പരിപഠൻ – ഉച്ചരിക്കുന്നവൻ. പരികല്പിക്കുക. – ചെയ്യുക. അംഗകരിക്ക – സ്വീകരിക്ക.

ഭാവം – അല്ലയോ ജനനി! ഞാൻ ഏലം, രാമച്ചം ഇവയെ കൊണ്ടു വാസന വരുത്തിയിട്ടുള്ളതും സുഗന്ധപുഷ്പങ്ങൾ ഇട്ടിട്ടുള്ളതും മാണിക്യങ്ങൾ നല്ല മുത്തുകൾ വൈരക്കല്ലുകൾ, ഇവകൾ ഇട്ടിട്ടുള്ളതും, ഏറ്റവും നിർമലവും ഗംഗാ മുതലായ തീർത്ഥങ്ങളിൽ നിന്നും കൊണ്ടുവന്ന സുവർണ്ണകുംഭങ്ങളിൽ വെച്ചിട്ടുള്ളതുമായ ജലം കൊണ്ടു വേദോക്തപ്രകാരമുള്ള മുദ്രകളോടുകൂടി മന്ത്രങ്ങളെ ഉച്ചരിച്ച് ആദരവോടും അത്യാനന്ദ ത്തോടും കൂടി ഭവതിയെ സ്നാനം ചെയ്യിക്കുന്നു. അല്ലയോ അംബേ! നിന്തിരുവടി സ്നേഹത്തോടുകൂടി അംഗീകരിച്ചാലും.

ബാലാർക്കദ്യുതിദാഡിമീയകുസുമ–
പ്രസ്പർദ്ധിസർവ്വോത്തമം
മാതസ്ത്വം പരിഗേഹി ദിവ്യവസനം
ഭക്ത്യാ മയാ കല്പിതം
മുക്താഭിർഗ്രഥിതഞ്ച കഞ്ചുകമിതം
സ്വീകൃത്യ വിദ്യുത്പ്രഭം
തപ്തസ്വർണ്ണസമാനവർണ്ണമതുലം
പ്രാവാരമംഗീകുരു. (13)

വിഭക്തി –
ബാലാർക്കദ്യുതിദാഡിമീയകുസുമപ്രസ്പർദ്ധിസർവ്വോത്തമം –
അ. ന. ദ്വി. ഏ.
മാതഃ – സ്ത്രീ. സം പ്ര. ഏ.
ത്വം – യുഷ്മ. പ്ര. ഏ.
പരിഗേഹി – ലോട്ട്. ആ. മ. പു. ഏ.
ദിവ്യവസനം – അ. ന. ദ്വി. ഏ.
ഭക്ത്യാ – ഇ. സ്ത്രീ. ത്യേ.ഇ.
മയാ – അസ്മാ. ദ്വി. തൃ. ഏ.
കല്പിതം – അ. ന. ദ്വി. ഏ.
മുക്താഭിഃ – ആ. സ്ത്രീ. തൃ. ബ.
ഗ്രഥിതം – അ. ന. ദ്വി. ഏ.
ച – അവ്യ.
വിദ്യുൽപ്രഭം – അ. ന. ദ്വി. ഏ.
തപ്തസ്വർണ്ണസമാനവർണ്ണം – അ. പു. ദ്വി. ഏ.
അതുലം – അ. പു. ദ്വി. ഏ.
പ്രാവാരം – അ. പു. ദ്വി. ഏ.
അംഗീകുരു – ലോട്ട്. പര. മദ്ധ്യ. ഇ.

അന്വയം – ഹേ മാതഃ ത്വം ബാലാർക്കദ്യുതിദാഡിമീയകുസുമ പ്രസ്പർദ്ധിസർവ്വോത്തമം മയാ ഭക്ത്യാ കല്പിതം ദിവ്യവസനം പരിഗേഹി മുക്താഭിഃ ഗ്രഥിതം വിദ്യുൽപ്രഭമിദം കഞ്ചുകം ച സ്വീകൃത്യ തപ്തസ്വർണ്ണസമാനവർണ്ണം അതുലം പ്രാവാരം അംഗീകുരു.

അന്വയാർത്ഥം – അല്ലയോ മാതാവേ, ഭവതി ബാലാർക്ക ദ്യുതിദാഡിമീയകുസുമപ്രസ്പർദ്ധി സർവ്വോത്തമമായി എന്നാൽ ഭക്തിയോടുകൂടി കല്പിതമായിരിക്കുന്ന ദിവ്യവസനത്തെ പരിഗ്രഹിച്ചാലും. മുക്തകളാൽ ഗ്രഥിതമായി വിദ്യുത്പ്രഭമായി രിക്കുന്ന ഈ കഞ്ചുകത്തേയും സ്വീകരിച്ചിട്ട് തപ്തസ്വർണ്ണ

സമാനവർണ്ണമായി അതുലമായിരിക്കുന്ന പ്രാവാരത്തെ അംഗീകരിച്ചാലും.

പരിഭാഷ – ബാലാർക്കദ്യുതിദാഡിമീയകുസുമപ്രസ്പർദ്ധി സർവ്വോത്തമം – ബാലാർക്ക ദ്യുതിദാഡിമീയകുസുമപ്രസ്പർദ്ധി സർവ്വോത്തമമായും ഇരിക്കുന്നത്. ബാലാർക്കദ്യുതിദാഡിമീയ കുസുമപ്രസ്പർദ്ധി – ബാലർക്കദ്യുതിയേയും ദാഡിമീയകുസുമത്തെയും പ്രസ്പർദ്ധിക്കുന്നത്. ബാലാർക്കദ്യുതി – ബാലസൂര്യരശ്മി. ദാഡിമീയകുസുമം – മാതളപുഷ്പ്പം. പ്രസ്പർദ്ധിക്ക – ഏറ്റവും വിരോധിക്ക (ജയിക്കയെന്നർത്ഥം). സർവ്വോത്തമം – എല്ലാത്തിനേക്കാളും ശ്രേഷ്ഠം. കല്പിതം – കല്പിക്കപെട്ടത്. ദിവ്യവസനം – ദിവ്യവസ്ത്രം. പരിഗ്രഹിക്ക – സ്വീകരിക്ക. മുക്തകൾ – മുത്തുകൾ. ഗ്രഥിതം – ഗ്രഥിക്കപെട്ടത്. ഗ്രഥിക്ക – ഉണ്ടാക്ക. വിദ്യൽപ്രഭം – വിദ്യുത്തിന്റെ പ്രഭപോലെയുള്ള പ്രഭയോടുകൂടിയത്. വിദ്യുത് – മിന്നൽ. പ്രഭ – ശോഭ. കഞ്ചുകം – റൗക്ക. തപ്തസ്വർണ്ണസമാനവർണ്ണം – തപ്തസ്വർണ്ണസമാനമായിരിക്കുന്ന വർണ്ണത്തോടുകൂടിയത്. തപ്തവർണ്ണസമാനം – തപ്തമായിരിക്കുന്ന സ്വർണ്ണത്തോടുസമാനം. തപ്തം – തപിപ്പിച്ചത് (ഉരുക്കിയത്) സമാനം – തുല്യം. വർണ്ണം – നിറം. അതുലം – തുലയില്ലാത്തത്. തുല – സാദൃശ്യം. പ്രാവാരം – മൂടുപടം. അംഗീകരിക്ക – സ്വീകരിക്ക.

ഭാവം – അല്ലയോ അംബേ ഭവതിബാലസൂര്യപ്രഭയേയും മാതളപുഷ്പ്പത്തിന്റെ ശോഭയേയും തോല്പിക്കുന്ന നിറത്തോടുകൂടിയതും എല്ലാ വസ്ത്രങ്ങളേക്കാൾ ശ്രേഷ്ഠവും, എന്നാൽ ഭക്തിയോടെ കൊണ്ടുവരപ്പെട്ടതുമായ ഈ ദിവ്യ വസ്ത്രത്തെ സ്വീകരിക്കേണമേ. മിന്നൽപ്രഭ പോലെ ശോഭിക്കുന്നതും മുത്തുരത്തങ്ങൾ പതിച്ചിട്ടുള്ളതുമായ ഈ റൗക്കയേയും ധരിച്ച്, ഉരുക്കിയ സ്വർണ്ണം പോലെയുള്ള നിറമുള്ളതും സാദൃശ്യമില്ലാത്തതുമായ ഈമൂടുപടത്തേയും ഭവതി അംഗീകരിക്കേണമേ.

നവരത്നമയേ മയാർപ്പിതേ
കമനീയേ തപനീയപാദുകേ
സവിലാസമിദം പദദ്വയം
കൃപയാ ധേഹി! സമർച്ചനം ഗൃഹീതും (14)

വിഭക്തി – നവരത്നമയേ – അ. പു. സ. ഏ.
മയാ – അസ്മ. ദ. തൃ. ഏ.
അർപ്പിതേ – അ. പു. ദ്വി. ദ്വി.
കമനീയേ – അ. പു. ദ്വി. ദ്വി.
തപനീയപാദുകേ – അ. പു. ദ്വി. ദ്വി.
സവിലാസം – ക്രി. വി. അ. ന. ദ്വി. ഏ.
ഇദം – ഇദം ശബ്ദം. ന. ദ്വി.. ഏ.
പദദ്വയം – അ. ന. ദ്വി. ഏ.
കൃപയാ – ആ. സ്ത്രീ. തൃ. ഏ.
ധേഹി – ലോട്ട്. ആ. മധ്യ. ഏ.
സമർച്ചനം – അ. അന. ദ്വി. ഏ.
ഗൃഹീതം – തുമു. അവ്യ.

അന്വയം – (ത്വം) കൃപയാ സമർച്ചനം ഗൃഹീതം നവരതനമയേ കമനീയേ മയാ അർപ്പിതേ തപനീയപാദുകേ ഇദം പദദ്വയം സവിലാസം ധേഹി.

അന്വയാർത്ഥം – നിന്തിരുവടി കൃപയോടെ അർച്ചനത്തെ ഗ്രഹി പ്പാനായിക്കൊണ്ടു നവരത്നമയങ്ങളായി കമനീയങ്ങളായി എന്നാൽ അർപ്പിതങ്ങളായിരിക്കുന്ന തപനീയപാദുകങ്ങളിൽ ഈ പദദ്വയത്തെ സവിലാസമാകും വണ്ണം ധരിച്ചാലും.

പരിഭാഷ – അർച്ചനങ്ങൾ – പൂജകൾ. ഗ്രഹിക്ക – സ്വീകരിക്ക. നവരത്നമയങ്ങൾ – നവരത്നങ്ങൾ കൊണ്ടുണ്ടാക്കപ്പെട്ടവ. കമനീ യങ്ങൾ – മനോഹരങ്ങൾ. അർപ്പിതങ്ങൾ – അർപ്പിക്കപ്പെട്ടവ. അർപ്പിക്കുക – വെയ്ക്കുക. തപ്നീയപാദുകങ്ങൾ – തപനീയ

ങ്ങളായിരിക്കുന്ന പാദുകങ്ങൾ. തപനീയങ്ങൾ – പ്രകാശമാനങ്ങൾ. പാദുകങ്ങൾ – മെതിയടികൾ. പദദ്വയം – പദങ്ങളുടെ ദ്വയം. പദങ്ങൾ – കാലുകൾ. ദ്വയം – രണ്ട്. സവിലാസം – വിലാസത്തോടുകൂടെ. വിലാസം – ധീരമായിട്ടുള്ള നോട്ടം. മനോഹരമായിട്ടുള്ള ഗമനം, മന്ദസ്മിതത്തോടുകൂടിയ വാക്ക് ഇവയാകുന്നു വിലാസമെന്നു പറയുന്നത്.

ഭാവം – നിന്തിരുവടി കരുണയോടു കൂടി എന്റെ പൂജയെ സ്വീകരിപ്പാനായിട്ട് നവരത്നങ്ങൾ കൊണ്ടു മനോഹരമാകുംവണ്ണം ഉണ്ടാക്കിയിട്ടുള്ളതും ഭവതിക്കായിട്ട് എന്നാൽ അർപ്പിക്കപ്പെട്ടതും ഏറ്റവും ശോഭിച്ചിരിക്കുന്നതുമായ ഈ പാദുകങ്ങളിൽ നിന്തിരുവടിയുടെ കാലുകൾ വിലാസത്തോടു കൂടി ചേർക്കേണമേ.

ബഹുഭിരഗരുധൂപൈസ്സാദരം ധൂപയിത്വാ
ഭഗവതി! തവകേശാൻ കങ്കതൈമ്മാർജ്ജയിത്വാ
സുരഭിഭിരരവിന്ദൈശ്ചമ്പകൈശ്ചാർച്ചയിത്വാ
ഝടിതി കനകസൂത്രൈർജ്ജൂടമന്വേഷ്ടയാമി. (15)

വിഭക്തി –
ബഹുഭിഃ – ഉ. പു. തൃ. ബ.
അഗരുധൂപൈഃ – അ. പു. തൃ. ബ.
സാദരം – അവ്യ.
ധൂപയിത്വാ – ത്വാ. പ്ര. അവ്യ.
ഭഗവതിഃ – ഈ. സ്ത്രീ. സം പ്ര. ഏ.
കങ്കതൈഃ – അ. ന. തൃ. ബ.
മാർജ്ജയിത്വാ – ത്വാ. പ്ര. അവ്യ.
സുരഭിഭിഃ – ഇ. ന. തൃ. ബ.
അരവിന്ദൈഃ – അ. ന. തൃ. ബ.
ചമ്പകൈഃ – അ. പു. തൃ. ബ.
ച – അവ്യ.

അർച്ചയിത്വാ – ത്വാപ്ര. അവ്യ
ഝടിതി – അവ്യ.
കനകസൂത്രൈഃ – അ. ന. തൃ. ബ
ജൂടം – അ. ന. ദ്വി. ഏ.
അന്വേഷ്ടയാമി – ലട്ട്. പര. ഉത്ത. ഏ.

അന്വയം – ഹേ ഭഗവതി! അഹം സാദരം തവ കേശാൻ ബഹുഭിഃ അഗരുധൂപൈഃ ധൂപയിത്വാ കങ്കതൈ മാർജ്ജയിത്വാ സുരഭിഭിഃ അരവിന്ദൈഃ ചമ്പകൈഃ ച അർച്ചയിത്വാ ഝടിതി കനകസൂത്രൈഃ ജൂടം അന്വേഷ്ടയാമി.

അന്വയാർത്ഥം – അല്ലയോ ഭഗവതി! ഞാൻ ആദരവോടുകൂടി നിന്തിരുവടിയുടെ കേശങ്ങളെ ബഹുക്കളായിരിക്കുന്ന അഗരു ധൂപങ്ങളെകൊണ്ടു ധൂപിച്ചിട്ടു കങ്കതങ്ങളെകൊണ്ടു മാർജ്ജനം ചെയ്തിട്ട് സുരഭികളായിരിക്കുന്ന അരവിന്ദങ്ങളെകൊണ്ടും അർച്ചിച്ചിട്ട് വേഗത്തിൽ കനകസൂത്രങ്ങളെകൊണ്ടു ജൂടത്തെ അന്വേഷ്ടിക്കുന്നു

പരിഭാഷ – കേശങ്ങൾ – തലമുടികൾ. ബഹുക്കൾ – വളരെ. അഗരുധൂപങ്ങൾ – അകിൽപ്പുകകൾ. ധൂപിക്കുക – പുകയ്ക്കുക. കങ്കതങ്ങൾ – ചീപ്പുകൾ. മാർജ്ജനം ചെയ്യുക – ചീകുക. സുരഭികൾ – സുഗന്ധികൾ. അരവിന്ദങ്ങൾ – താമരപൂക്കൾ. ചെമ്പകങ്ങൾ – ചെമ്പകപ്പൂക്കൾ. അർച്ചിക്കുക – പൂജിക്കുക. കനകസൂത്രങ്ങൾ – പൊൻനൂലുകൾ ജൂടം – കേശബന്ധം. അന്വേഷ്ടിക്ക – കെട്ടുക.

ഭാവം – അല്ലയോ ഭഗവതി! ഞാൻ ആദരവൊടു കൂടി നിന്തിരുവടിയുടെ കേശഭാരത്തെ വളരെ അകിൽപ്പുക കൊണ്ടു വാസനവരുത്തിചീർപ്പുകൾ കൊണ്ടു ചീകിമിനുക്കി സൗരഭ്യ മുള്ള താമരപ്പൂക്കളെകൊണ്ടും ചെമ്പകപ്പൂക്കളെകൊണ്ടും പൂജിച്ചു ബന്ധിച്ചിട്ട് സ്വർണ്ണനൂലുകൊണ്ട് അതിനെ ചുറ്റുന്നു.

സൗവീരാഞ്ജനമിദമംബ! ചക്ഷുഷോസ്തേ
വിന്യസ്തം കനകശലാകയാമയാ യൽ
തന്നൂനം മലിനമപി ത്വദക്ഷിസംഗാൽ
ബ്രഹ്മേന്ദ്രാദ്യഭിലഷണീയതാമിയായാൽ (16)

വിഭക്തി –
സൗവീരാഞ്ജനം – അ. ന. പ്ര. ഏ.
ഇദം – ഇദം ശബ്ദം ന. പ്ര. ഏ.
അംബ – ആ സ്ത്രീ. സം പ്ര ഏ.
ചക്ഷുഷോഃ – സ. ന. സ. ദ്വി.
തേ – യുഷ്മ. ദ. ഷ. ഏ.
വിന്യസ്തം – അ. ന. പ്ര. ഏ.
കനകശലാകയാ – ആ. സ്ത്രീ. തൃ. ഏ.
മയാ – അസ്മ. ദ. തൃ. ഏ.
യൽ – യച്ഛബ്ദം. ന. പ്ര. ഏ.
തൽ – തച്ഛ്ദ. ന. പ്ര. ഏ.
നൂനം – അവ്യ.
മലിനം. അ. ന. പ്ര. ഏ.
ത്വദക്ഷിസംഗാൽ – അ. പു. പ്ര. ഏ.
ബ്രഹ്മേന്ദ്രാദ്യഭിലഷണീയതാം – അ. സ്ത്രീ. ദ്വി. ഏ.
ഇയായാൽ – ലങ്. പര. പ്ര. പു. ഏ.

അന്വയം – ഹേ അംബ! തേ ചക്ഷുഷോഃ കനകശലാകയാ മയാ യൽ ഇദം സൗവീരാഞ്ജനം വിന്യസ്തം തൽ മലിനം അപി ത്വദക്ഷിസംഗാൽ നൂനം ബ്രഹ്മേന്ദ്രാദ്യഭിലഷണീയതാം ഇയായാൽ.

അന്വയാർത്ഥം – അല്ലയോ അംബേ! നിന്തിരുവടിയുടെ ചക്ഷുസ്സുകളിൽ കനകശലാക കൊണ്ടു എന്നാൽ യാതൊരു ഈ സൗവീരാഞ്ജനം വിന്യസ്തമായി, അതു മലിനമാണെങ്കിലും

ത്വദക്ഷിസംഗം ഹേതുവായിട്ട് നൂനമായി ബ്രഹ്മേന്ദ്രാദ്യഭിലഷ ണീയതയെ പ്രാപിച്ചു.

പരിഭാഷ – ചക്ഷുസ്സുകൾ – കണ്ണുകൾ. കനകശലാക – സ്വർണ്ണകമ്പി. സൗവീരാഞ്ജനം – സൗവീരമെന്നു പറയുന്ന അഞ്ജനം. അഞ്ജനം – മഷി വിന്യസ്തം – വെയ്ക്കപ്പെട്ടത്. മലിനം – കറുത്തത്. ത്വദക്ഷിസംഗം – ത്വദക്ഷികളുടെ സംഗം. ത്വദക്ഷികൾ – ഭവതിയുടെ അക്ഷികൾ. അക്ഷികൾ – കണ്ണുകൾ. നൂനം – നിശ്ചയമായും. ബ്രഹ്മേന്ദ്രാദ്യഭിലഷണീയം – ബ്രഹ്മേന്ദ്രാദികളാൽ അഭിലഷണീയം. ബ്രഹ്മേന്ദ്രാദികൾ – ബ്രഹ്മാവ്, ഇന്ദ്രൻ, തുടങ്ങിയുള്ളവർ. അഭിലഷണീയം. – അഭിലഷിക്കപ്പെടുവാൻ യോഗ്യം. അഭിലഷിക്ക – ആഗ്രഹിക്ക.

ഭാവം – അല്ലയോ അംബേ! നിന്തിരുവടിയുടെ കണ്ണുകളിൽ സ്വർണ്ണക്കമ്പികൊണ്ട് ഞാൻ യാതൊരു സൗവീരാഞ്ജനം എഴുതിച്ചുവോ അതു കറുത്തതാണെങ്കിലും നിന്തിരുവടിയുടെ കണ്ണുകളുടെ സംസർഗ്ഗം ഹേതുവായിട്ട് നിശ്ചയമായും ബ്രഹ്മാവ്, ഇന്ദ്രൻ തുടങ്ങിയവർക്കുപോലും ആഗ്രഹത്തെ ജനിപ്പിക്കുവാൻ യോഗ്യമായിത്തീർന്നു

മഞ്ജീരേ പദയോർന്നിധായ, രുചിരാം
വിന്യസ്യ കാഞ്ചീം കടൗ,
മുക്താഹാരമുരോജയോരനുപമാം
നക്ഷത്രമാലാം ഗളേ
കേയൂരാണീ ഭുജേഷു, രത്നവലയ–
ശ്രേണീം കരേഷു ക്രമാൽ
താടങ്കേ തവകർണ്ണയോർവ്വിനിദധേ
ശീർഷേ ച ചൂഡാമണിം. (17)

വിഭക്തി –
മഞ്ജീരേ – അ. ന. ദ്വി. ദ്വി.

പദയോഃ – അ. ന. സ. ദ്വി. ഏ.
നിധായ – ല്യബ. അവ്യ.
രുചിരാം – ആ. സ്ത്രീ. ദ്വി. ഏ.
വിന്യസ്യ – ല്യ.. അ.
കാഞ്ചീം – ഈ. സ്ത്രീ. ദ്വി. ഏ.
കടൗ – ഈ. സ്ത്രീ. സ. ഏ.
മുക്താഹാരം – അ. പു. ദ്വി. ഏ.
ഉരോജയോഃ – അ. പു. സ. ദ്വി..
അനുപമാം. ആ. സ്ത്രീ. ദ്വി. ഏ.
നക്ഷത്രമാലാം – ആ. സ്ത്രീ. ദ്വി. ഏ.
ഗളേ – അ. പു. സ. ഏ.
കേയൂരാണി – അ. ന. ദ്വി. ബ.
ഭുജേഷു – അ. പു. സ. ബ.
രത്നവാലയശ്രേണീം – ഈ. സ്ത്രീ. ദ്വി. ഏ.
കരേഷു – അ. പു. സ. ബ.
ക്രമാൽ – അവ്യ.
താടങ്കേ – അ. ന. ദ്വി..
തവ – യുഷ്മ. ദ. ഷ. ഏ.
കർണ്ണയോഃ – അ. പു. സ. ദ്വി.
വിനിദധേ – ലട്ട്. ആ. ഉ. ഏ.
ശീർഷേ – അ. ന. സ. ഏ.
ച – അവ്യ.
ചൂഡാമണീം – ഇ. പു. ദ്വി. ഏ.

അന്വയം – ഹേ ദേവി! അഹം (തേ) പദയോഃ മഞ്ജീരേ നിധായ കടൗ രുചിരാം കാഞ്ചീം, ഉരോജയോഃ, മുക്താഹാരം, ഗളേ അനുപമാം നക്ഷത്രമാലാം, ഭുജേഷു കേയൂരാണി, കരേഷു രത്നവലയശ്രേണീം, കർണ്ണയോഃ താടങ്കേ, ക്രമാൽ വിന്യസ്യ ശീർഷേ ചൂടാമണീം ച വിദധേ.

അന്വയാർത്ഥം – അല്ലയോ ദേവി! ഞാൻ ഭവതിയുടെ പദങ്ങളിൽ മഞ്ജീരങ്ങളെ നിധാനം ചെയ്തിട്ട് കടിയിൽ രുചിരയായിരിക്കുന്ന കാഞ്ചിയേയും ഉരോജങ്ങളിൽ മുക്താഹാരത്തെയും ഗളത്തിങ്കൽ അനുപമയായിരിക്കുന്ന നക്ഷത്രമാലയേയും ഭുജങ്ങളിൽ കേയൂര ങ്ങളേയും കരങ്ങളിൽ രത്നവലയശ്രേണിയേയും കർണ്ണങ്ങളിൽ താടങ്കങ്ങളെയും ക്രമേണ വിന്യസിച്ചിട്ട് ശീർഷത്തിങ്കൽ ചൂഡാമണിയെ വിധാനം ചെയ്യുന്നു

പരിഭാഷ – മഞ്ജീരങ്ങൾ – കാൽച്ചിലമ്പുകൾ. നിധാനം ചെയ്യുക – ഇടുക. കടി – അരപ്രദേശം. രുചിര – മനോഹര. കാഞ്ചി – അരഞ്ഞാൺ. ഉരോജങ്ങൾ – മുലകൾ. മുക്താഹാരം – മുത്തു മാല. ഗളം – കഴുത്ത്. അനുപമം – സാദൃശ്യമില്ലാത്തത്. നക്ഷത്രമാല – ശ്രേഷ്ഠങ്ങളായ ഇരുപത്തേഴു രത്നങ്ങളെകൊണ്ടു ണ്ടാക്കിയിട്ടുള്ള മാല. (നക്ഷത്രങ്ങൾ പോലെ ശോഭിക്കുന്ന മാലയെന്നും, നക്ഷത്രങ്ങളാകുന്ന മാലയെന്നും പറയാം.) ഭുജങ്ങൾ – തോളുകൾ. കേയൂരങ്ങൾ – തോൾവളകൾ. കരങ്ങൾ – കയ്യുകൾ. രത്നവലയശ്രേണീ – രത്നവലയങ്ങളുടെ ശ്രേണീ. രത്നവലയങ്ങൾ – രത്നക്കടകങ്ങൾ. ശ്രേണീ – കൂട്ടം. കർണ്ണങ്ങൾ – കാതുകൾ. താടങ്കങ്ങൾ – തോടകൾ. വിന്യസിക്ക – ചാർത്തുക. ശീർഷകം – തല. ചൂഡാമണി – ചൂഡാരത്നം. വിധാനം ചെയ്ക – ചാർത്തുക.

ഭാവം – അല്ലയോ ദേവി! ഞാൻ ഭവതിയുടെ കാലുകളിൽ ചിലമ്പുകളെ ചാർത്തി അരയിൽ അരഞ്ഞാണം മുലകളിൽ മുത്തുമാല്യവും കഴുത്തിൽ നിസ്തുല്യമായ നക്ഷത്രമാലയും തോളുകളിൽ തോൾവളകളും കൈകളിൽ രത്നക്കടകങ്ങളും കാതുകളിൽ തോടകളും ക്രമം പോലെ ചാർത്തിയിട്ടു ശിരസ്സിൽ ചൂഡാമണിയെയും (രത്നത്തെ) ചാർത്തുന്നു

മാതഃ ഫാലതലേ തവാതിവിമലേ
കാശ്മീരകസ്തൂരികാ.

കർപ്പൂരാഗരുഭിഃ കരോമി തിലകം
ദേഹേംഗരാഗം തതഃ
വക്ഷോജാദിഷു ലക്ഷ്മകർദമകലൈ–
സ്സിക്ത്വാ ചപുഷ്പദ്രവൈഃ
പദൗ ചന്ദനലേപനാദിഭിരഹം
സമ്പൂജയാമി ക്രമാൽ. (18)

വിഭക്തി –
മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.
ഫാലതലേ – അ. ന. സ. ഏ.
തവ – യുഷ്മ. ഷ. ഏ.
അതിവിമലേ – അ. ന. സ. ഏ.
കാശ്മീരകസ്തൂരികാകർപ്പൂരാഗരുഭിഃ – ഉ. സ്ത്രീ. തൃ. ബ.
കരോമി – ലട്ട്. പ. ഉ. ഏ.
തിലകം – അ. ന. ദ്വി. ഏ.
ദേഹേ – അ. പു. സ. ഏ.
അംഗരാഗം – അ. പു. ദ്വി. ഏ.
തതഃ – അവ്യ.
വക്ഷോജാദിഷു – ഇ. ന. സ. ബ.
ലക്ഷ്മകർദ്ദമകലൈഃ – അ. പു. തൃ. ബ.
സിക്ത്വാ – ത്വാപ്ര. അവ്യ.
പുഷ്പദ്രവൈഃ – അ. പു. തൃ. ബ.
പാദൗ – അ. പു. ദ്വി. ദ്വി.
ചന്ദനലേപനാദിഭിഃ – ഇ. ന. തൃ. ബ.
അഹം – അസ്മ. പ്ര. ഏ.
സംപൂജയാമി – ലട്ട്. പ. ഉ. ഏ.
ക്രമാൽ – അവ്യയം.

അന്വയം – ഹേ മാതഃ അഹം അതിവിമലേ തവ ഫാലതലേ കാശ്മീരകസ്തൂരികാകർപ്പൂരാഗരുഭിഃ തിലകം കരോമി. തതഃ ദേഹേ അംഗരാഗം കരോമി. വക്ഷോജാദിഷു ലക്ഷ്മകർദമ

കലൈഃ പുഷ്പ്പദ്രവൈഃ ചന്ദനലേപനാദിഭിഃ ച സിക്ത്വാ ക്രമാൽ പാദൗ സംപൂജയാമി.

അന്വയാർത്ഥം – അല്ലയോ മാതാവേ! ഞാൻ നിന്തിരുവടിയുടെ അതിവിമലമായിരിക്കുന്ന ഫാലതലത്തിങ്കൽ കാശ്മീരകസ്തൂരികാ കർപ്പൂരാഗരുകളെക്കൊണ്ട് തിലകത്തെ ചെയ്യുന്നു. അനന്തരം ദേഹത്തിൽ അംഗരാഗത്തെ ചെയ്യുന്നു. വക്ഷോജാദികളിൽ ലക്ഷ്മ കർദ്ദമങ്ങളായിരിക്കുന്ന പുഷ്പദ്രവങ്ങളെകൊണ്ടും ചന്ദനലേപനാദികളെകൊണ്ടും സേചനം ചെയ്തിട്ട് ക്രമേണ പാദങ്ങളെ സംപൂജിക്കുന്നു.

പരിഭാഷ – അതിവിമല – ഏറ്റവുംനിർമ്മലംഫാലതലം – നെറ്റിത്തടം. കാശ്മീരകസ്തൂരികാകർപ്പൂരാഗുകൾ – കാശ്മീരം, കസ്തൂരിക, കർപ്പൂരം, അഗരു, ഇവ. കാശ്മീരം – കുങ്കമം. കസ്തൂരിക – കസ്തൂരി. അഗരു – അകിൽ. തിലകം – കുറി. അംഗരാഗം – കുറിക്കൂട്ട്. വക്ഷോജാദികൾ – വക്ഷോജങ്ങൾ തുടങ്ങിയുള്ളവ. വക്ഷോജങ്ങൾ – മുലകൾ. ലക്ഷ്മകർദ്ദമങ്ങൾ – കുങ്കമച്ചാറുകൾ. കളങ്ങൾ – മനോഹരങ്ങൾ. പുഷ്പദ്രവങ്ങൾ – പനിനീരുകൾ. ചന്ദനലേപാദികൾ – ചന്ദനലേപനം തുടങ്ങി യുള്ളവ. ചന്ദനലേപനം – കളഭച്ചാർത്ത്. സേചനം ചെയ്യുക – നല്ലവണ്ണം പുരട്ടുക. പാദങ്ങൾ – കാലുകൾ.

ഭാവം – അല്ലയോ അംബേ! ഞാൻ നിന്തിരുവടിയുടെ ഏറ്റവും നിർമ്മലമായ നെറ്റിത്തടത്തിങ്കൽ കുങ്കമം, കസ്തൂരി, കർപ്പൂരം, അകിൽ, ഇവ കൊണ്ടുണ്ടാക്കിയ തിലകത്തെ ചാർത്തുന്നു. അനന്തരം ഭവതിയുടെ ദേഹത്തിൽ കുറിക്കൂട്ടണിയിക്കുന്നു. സ്തനങ്ങൾ മുതലായ അവയവങ്ങളിൽ ചിഹ്നങ്ങളായിത്തീരുന്ന കുങ്കമച്ചാറു കൊണ്ട് മനോഹരമായിരിക്കുന്ന പനിനീരും ചന്ദന കുറിക്കൂട്ടു മുതലായവയും നല്ലപോലെ അണിയിച്ചിട്ട് ക്രമേണ പാദങ്ങളെ പൂജിക്കുന്നു.

രത്നാക്ഷതൈസ്ത്വാം പരിപൂജയാമി
മുക്താഫലൈർവ്വാ രുചിരൈരവിദ്ധൈഃ
അഖണ്ഡിതൈർ ദേവിയവാദിഭിർവ്വാ
കാശ്മീരപങ്കാങ്കിത തണ്ഡുലൈർവ്വാ. (19)

വിഭക്തി –
രത്നാക്ഷതൈഃ – അ. പു. തൃ. ബ.
ത്വാം – യുഷ്മ. ദ. ദ്വി. ഏ.
പരിപൂജയാമി – ലട്ട്. പ. ഉ. ഏ.
മുക്താഫലൈഃ – അ. ന. തൃ. ബ.
വാ – അവ്യ.
രുചിരൈഃ – അ. ന. തൃ. ബ.
അവിദ്ധൈഃ – അ. ന. തൃ. ബ.
അഖണ്ഡിതൈഃ – അ. ന. തൃ. ബ.
ദേവി – ഇ. സ്ത്രീ. സം പ്ര. ഏ.
യവാദിഭിഃ – ഇ. ന. തൃ. ബ..
വാ – അവ്യ.
കാശ്മീരപങ്കാങ്കിതതണ്ഡുലൈഃ – അ. ന. തൃ. ബ.
വാ – അവ്യ.

അന്വയം – ഹേ ദേവി! അഹം രത്നാക്ഷതൈഃ രുചിരൈഃ അവിദ്ധൈഃ മുക്താഫലൈഃ വാ അഖണ്ഡിതൈഃ യവാദിഭിഃ വാ കാശ്മീരപങ്കാങ്കിതതണ്ഡുലൈഃ വാ ത്വം പരിപൂജയാമി.

അന്വയാർത്ഥം – അല്ലയോ ദേവി! ഞാൻ രത്നാക്ഷതങ്ങളെക്കൊണ്ടും രുചിരങ്ങളായും അവിദ്ധങ്ങളായുമിരിക്കുന്ന മുക്താഫലങ്ങളെക്കൊണ്ടും അഖണ്ഡിതങ്ങളായിരിക്കുന്ന യവാദികളെക്കൊണ്ടും കാശ്മീരപങ്കാങ്കിതങ്ങളായിരിക്കുന്ന തണ്ഡുലങ്ങളെക്കൊണ്ടും നിന്തിരുവടിയെ പൂജിക്കുന്നു.

പരിഭാഷ – രത്നാക്ഷതങ്ങൾ – രത്നങ്ങളും, അക്ഷതങ്ങളും. അക്ഷതങ്ങൾ – ഉണക്കലരികൾ. രുചിരങ്ങൾ – മനോഹരങ്ങൾ. അവിദ്ധങ്ങൾ – വേധിക്കാത്തവ. വേധിക്കുക – തുളയ്ക്കുക. മുക്താഫലങ്ങൾ – മുത്തുകൾ. അഖണ്ഡിതങ്ങൾ – മുറിയ്ക്കാത്തവ. യവാദികൾ – യവം മുതലായ ധാന്യങ്ങൾ. കാശ്മീര പങ്കാങ്കിത തണ്ഡുലങ്ങൾ – കാശ്മീര പങ്കത്താലങ്കിതങ്ങളായിരിക്കുന്ന തണ്ഡൂലങ്ങൾ. കാശ്മീരപങ്കം – കുങ്കമച്ചാർ. അങ്കിതം – അടയാളപ്പെട്ടത്. തണ്ഡുലങ്ങൾ – ഉണക്കലരികൾ.

ഭാവം –അല്ലയോ ദേവി! ഞാൻ രത്നങ്ങൾ, ഉണക്കലരി, ഇവ കൊണ്ടും, മനോഹരങ്ങളും ,തുളയ്ക്കാത്തവയുമായ രത്നങ്ങളെക്കൊണ്ടും മുറിയാത്ത യവം മുതലായ ധാന്യങ്ങളെക്കൊണ്ടും കുങ്കമച്ചാറിൽ നനച്ച ഉണക്കലരികൊണ്ടും നിന്തിരുവടിയെ പൂജിക്കുന്നു.

ജനനി! ചമ്പകതൈലമിദം പുരോ
മൃഗമദോപയുതം പടവാസകം
സുരഭിഗന്ധമിദം ച ചതുസ്സമം
സപടി സർവ്വമിദം പരിഗൃഹ്യതാം. (20)

വിഭക്തി –

ജനനി – ഈ. സ്ത്രീ. സം പ്ര. ഏ.
ചമ്പകതൈലം – അ. ന. പ്ര. ഏ.
ഇദം – ഇദം ശ. മ. ന. പ്ര. ഏ.
പുരഃ – അവ്യ.
മൃഗമദോപയുതം – അ. ന. പ്ര. ഏ.
പടവാസകം – അ. ന. പ്ര. ഏ.
സുരഭിഗന്ധം –. ന. പ്ര. ഏ.
ഇദം – ഇദം ശ. മ. ന. പ്ര. ഏ.
ചതുസ്സമം – അവ്യ.
സപദി – അവ്യ.

സർവ്വം – അ. ന. പ്ര. ഏ.
പരിഗൃഹ്യതാം – ലോട്ട്. ആ. പ്ര. പു. ഏ.

അന്വയം – ഹേ ജനനീ! മൃഗമദോപയുതം പടവാസകം പുരഃ (സ്ഥിതം) ഇദം ചമ്പകതൈലം ച ചതുസ്സമം ഇദം സുരഭിഗന്ധം സപദി ഇദം സർവ്വം ച പരിഗൃഹ്യതാം.

അന്വയാർത്ഥം – അല്ലയോ ജനനി! മൃഗമദോപയുതമായി പടവാസകമായി പുരോഭാഗത്തിൽ സ്ഥിതമായിരിക്കുന്ന ഈ ചമ്പകതൈലവും ചതുസ്സമമായിരിക്കുന്ന ഈ സുരഭിഗന്ധവും ഉടനെ തന്നെ ഇവയെല്ലാം ഭവതിയാൽ പരിഗ്രഹിക്കപ്പെടേണമേ.
പരിഭാഷ – മൃഗമദോപയുതം – മൃഗമദത്തോടു കൂടിയത്. മൃഗമദം – കസ്തൂരി. പടവാസകം – പടങ്ങളെ വാ സിപ്പിക്കുന്നത്. പടങ്ങൾ – വസ്ത്രങ്ങൾ. വാസിപ്പിക്ക – സുഗന്ധീകരിക്ക. പുരോഭാഗം – മുൻപ്. സ്ഥിതി ചെയ്യുക – ഇരിക്ക. ചതുസ്സമം – നാലുകളോടു കൂടിയത്. നാലുകൾ – കസ്തൂരി, ഗോരോചനം, ചന്ദനം, പനിനീർ. സുരഭിഗന്ധം – സുരഭിയായിരിക്കുന്ന സുരഭി – സൗരഭ്യമുള്ളത്. പരിഗ്രഹിക്ക – സ്വീകരിക്ക.

ഭാവം – അല്ലയോ അംബേ! കസ്തൂരി ചേർത്തിട്ടുള്ളതും വസ്ത്രങ്ങളെ സൗരഭ്യമുള്ളതാക്കിത്തീർക്കുന്നതും മുൻപിൽ ഇരിക്കുന്നതുമായ ഈ ചമ്പകപുഷ്പത്തിന്റെ തൈലത്തേയും കസ്തൂരി, ഗോരോചനം, ചന്ദനം, പനിനീരു ഇവ ചേർത്തുണ്ടാ ക്കിയ ഈ സൗരഭ്യകളഭത്തേയും ഇവയെല്ലാം തന്നെയും ഭവതി പരിഗ്രഹിക്കേണമേ.

സീമന്തേ തേ ഭഗവതി! മയാ സാദരം ന്യസ്തമേത–
ത്സിന്ദൂരം മേ ഹൃദയകമലേ ഹർഷവർഷം തനോതി
ബാലാദിത്യദ്യുതിരിവ സദാ ലോഹിതാ യസ്യ കാന്തിഃ
അന്തർദ്ധ്വാന്തം ഹരതി സകലം ചേതസാ ചിന്തയൈവ. (21)

വിഭക്തി –

സീമന്തേ – അ. പു. സ. ഏ.
തേ – യുഷ്മ. ഷ. ഏ.
ഭഗവതി – ഈ. സ്ത്രീ. സം പ്ര. ഏ.
മയാ – അസ്മ. തൃ. ഏ.
സാദരം – അവ്യ.
ന്യസ്തം – അ. ന. പ്ര. ഏ.
ഏതൽ – ഏതച്ഛ. ദ. പ്ര. ഏ.
സിന്ദൂരം – അ. ന. പ്ര. ഏ.
മേ – അസ്മ. ഷ. ഏ.
ഹൃദയകമലേ – അ. ന. സ. ഏ,
ഹർഷവർഷം – അ. ന. ദ്വി. ഏ.
തനോതി – ലട്ട്. പര. പ്ര. ഏ.
ഇവ – അവ്യയം.
സദാ – അവ്യം.
ലോഹിതാ – ആ. സ്ത്രീ. പ്ര. ഏ.
യസ്യ – യച്ഛ. ദ. ന. ഷ. ഏ.
കാന്തിഃ – ഇ. സ്ത്രീ. പ്ര. ഏ.
അന്തഃ – അവ്യ.
ധ്വാന്തം – അ. ന. ദ്വി. ഏ.
ഹരതി – ലട്ട്. പര. പ്ര.
സകലം – അ. ന. ദ്വി. ഏ.
ചേതസാ – സ. ന. തൃ. ഏ.
ചിന്തയാ – ആ. സ്ത്രീ. തൃ. ഏ.
ഏവ – അവ്യ.

അന്വയം – ഹേ ഭഗവതി! മയാ സാദരം തേ സീമന്തേ ന്യസ്തം ഏതൽ സിന്ദൂരം മേ ഹൃദയകമലേ ഹർഷവർഷം തനോതി യസ്യ കാന്തിഃ ബാലാദിത്യദ്യുതിഃ ഇവ സദാ ലോഹിതാ ചേതസാ ചിന്തയാ ഏവ മേ അന്തഃ ധ്വാന്തം സകലം ഹരതി.

അന്വയാർത്ഥം – അല്ലയോ ഭഗവാതി! എന്നാൽ ആദരവോടു കൂടെ ഭവതിയുടെ സീമന്തത്തിങ്കൽ ന്യസ്തമായിരിക്കുന്ന ഈ സിന്ദൂരം എന്റെ ഹൃദയകമലത്തിങ്കൽ ഹർഷവർഷത്തെ ചെയ്യുന്നു. യാതൊന്നിന്റെ കാന്തി ബാലാദിത്യദ്യുതിയെന്ന പോലെ എല്ലായ്പോഴും ലോഹിതയായിട്ട് ചേതസ്സുകൊണ്ടുള്ള ചിന്തകൊണ്ടുതന്നെ എന്റെ അന്തർഭാഗത്തിലുള്ള ധ്വാന്തത്തെ എല്ലാം ഹരിക്കുന്നു.

പരിഭാഷ – സീമന്തം – സീമന്തരേഖ (തലമുടി ഇരുവശ ത്തേയ്ക്കും പകുത്തിടുമ്പോൾ തലയുടെ മുൻഭാഗത്തു നടുവിൽ കാണുന്ന രേഖയ്ക്ക് സീമന്തരേഖയെന്നു പേർ) ന്യസ്തം – ന്യസിക്കപ്പെട്ടത്. ന്യസിക്ക വെയ്ക്കുക, സിന്ദൂരം കുങ്കുമം. ഹൃദയ കമലം – ഹൃദയമാകുന്ന കമലം. ഹൃദയം – മനസ്സ്. കമലം – താമരപ്പൂവ്. ഹർഷവർഷം – സന്തോഷവർഷം. യാതൊന്ന് – ആ സിന്ദൂരം. കാന്തി – ശോഭ. ബാലാർക്കദ്യുതി – ബാലസൂര്യശോഭ. ലോഹിതാ – ചുവപ്പ്. ചേതസ്സ് – മനസ്സ്. ചിന്ത – വിചാരം. അന്തർഭാഗം – ഉള്ള്, ധ്വാന്തം – ഇരുട്ട്. ഹരിക്ക – നശിപ്പിക്ക.

ഭാവം – അല്ലയോ ഭഗവതി! ഞാൻ ആദരവോടുകൂടി നിന്തിരുവടിയുടെ സീമന്തരേഖയിൽ തൊടുവിച്ചിട്ടുള്ള ഈ സിന്ദൂരക്കുറി എന്റെ മനസ്സാകുന്ന താമരപ്പൂവിൽ സന്തോഷ വർഷത്തെ ഉണ്ടാക്കുന്നു. ആ സിന്ദൂരക്കുറിയുടെ ശോഭ ബാലാദിത്യപ്രഭപോലെ എപ്പോഴും ചുവപ്പുള്ളതായിട്ട് എന്റെ മനസ്സുകൊണ്ടു വിചാരിക്കുമ്പോൾ തന്നെ ഉള്ളിലുള്ള എല്ലാ ഇരുട്ടുകളേയും നശിപ്പിക്കുന്നു.

മന്ദാരകുന്ദകരവീരലവംഗപുഷ്പൈഃ
ത്വാം ദേവി! സന്തതമഹം പരിപൂജയാമി
ജാതീജപാബകുളചമ്പകകേതകാദി
നാനാവിധാനി! കുസുമാനി ച തേƒർപ്പയാമി. (22)

ദേവീമാനസപൂജാ സ്തോത്രം

വിഭക്തി –

മന്ദാരകുന്ദകരവീരലവംഗപുഷ്പൈഃ – അ. ന. തൃ. ബ.
ത്വാം – യുഷ്.മ ദ. ദ്വി. ഏ.
ദേവി – ഈ. സ്ത്രീ. സം്രപ. ഏ.
സന്തതം – അവ്യ.
അഹം – അസ്മ. പ്ര. ഏ.
പരിപൂജയാമി – ലട്ട്. പ. ഉ. പു. ഏ.
ജാതീജപാബകുളചമ്പകകേതകാദി നാനാവിധാനി–അ.ന.ദ്വി.ബ.
കുസുമാനി – അ. ന. ദ്വി. ബ.
ച – അവ്യ.
തേ – യുഷ്മ. ചതു. ഏ.
അർപ്പയാമി – ലട്ട്. പര. ഉത്ത. പു. ഏ.

അന്വയം – ഹേ ദേവി! അഹം ത്വാം മന്ദാരകുന്ദകരവീരലവംഗ പുഷ്പൈഃ സന്തതം പരിപൂജയാമി. ജാതീജപാബകുളചമ്പക കേതകാദി നാനാവിധാനി കുസുമാനി ച തേ അർപ്പയാമി.

അന്വയാർത്ഥം – അല്ലയോ ദേവീ! ഞാൻ നിന്തിരുവടിയെ മന്ദാര കുന്ദകരവീരലവംഗപുഷ്പങ്ങളെക്കൊണ്ട് എല്ലായ്പ്പോഴും പൂജി ക്കുന്നു. ജാതിജപാബകുളചമ്പകകേതകാദി നാനാവിധങ്ങളാ യിരിക്കുന്ന കുസുമങ്ങളേയും ഭവതിക്കയ്ക്കൊണ്ട് അർപ്പിക്കുന്നു.

പരിഭാഷ – മന്ദാരകുന്ദകരവീരലവംഗപുഷ്പങ്ങൾ – മന്ദാര പുഷ്പവും കുന്ദപുഷ്പവും കരവീരപുഷ്പവും ലവംഗപുഷ്പ വും. കുന്ദപുഷ്പം – കുരുക്കുത്തിമുല്ലപ്പൂവ്. കരവീരപുഷ്പം – ചുവന്നരളിപ്പൂവ്. ലവംഗപുഷ്പം – ഇലവർങ്ങപ്പൂവ്. ജാതീ ജപാബകുളചമ്പകകേതകാദി നാനാവിധങ്ങൾ – ജാതിയും ജപയും ചമ്പകവും ബകുളവും കേതകവും തുടങ്ങിയുള്ള പലവിധങ്ങൾ. ജാതീ – പിച്ചകപ്പൂവ്. ജപാ – ചെമ്പരത്തി പ്പൂവ്. ബകുളം – ഇലഞ്ഞിപ്പൂവ്. ചമ്പകം – ചമ്പകപ്പൂവ്. കേതകം – കൈതപ്പൂവ്. അർപ്പിക്ക – പൂജിക്കുക.

ഭാവം – അല്ലയോ ദേവി! മന്ദാരം, ചുവന്നരുളി, കുരുക്കുത്തി മുല്ല, എലവർങ്ങം ഇവയുടെ പുഷ്പങ്ങളെക്കൊണ്ട് ഞാൻ ഭവതിയെ പൂജിക്കുന്നു. ചെമ്പരത്തിപ്പൂവ്, പിച്ചകപ്പൂവ്, ഇലഞ്ഞി പ്പൂവ് കൈതപ്പൂവ് മുതലായ അനേകവിധപുഷ്പങ്ങളെക്കൊണ്ടും ഞാൻ ഭവതിയെ അർച്ചിക്കുന്നു.

പാരിജാതശതപത്രപാടലാ
മല്ലികാബകുളചമ്പകാദിഭിഃ

അംബുജൈശ്ച കമലൈശ്ച സാദരം
പൂജയാമി ജഗദംബ! തേ വപുഃ (23)

വിഭക്തി –
പാരിജാതശതപത്രപാടലാമല്ലികാബകുളചമ്പകാദിഭിഃ
– ഇ. ന. തൃ. ബ.
അംബുജൈഃ – അ. ന. തൃ. ബ.
കമലൈഃ – അ. ന. തൃ. ബ.
ച – അവ്യ.
സാദരം – അവ്യ.
പൂജയാമി – ലട്ട്. പ. ഉ. ഏ.
ജഗദംബ – ആ സ്ത്രീ. സം. പ്ര. ഏ.
തേ – യുഷ്മ. ഷ. ഏ.
വപുഃ – സ. ന. ദ്വി. ഏ.

അന്വയം – ഹേ ജഗദംബ! (അഹം) സാദരം പാരിജാതശതപത്ര പാടലാ മല്ലികാബകുള ചമ്പകാദിഭിഃ അംബുജൈഃ കമലൈഃ ച തേ വപുഃ പൂജയാമി.

അന്വയാർത്ഥം – അല്ലയോ ജഗദംബ! ഞാൻ ആദരവോടു കൂടെ പാരിജാതശതപത്ര പാടലാ മല്ലികാബകുള ചമ്പകാദികളെ

ക്കൊണ്ടും അംബുജങ്ങളെക്കൊണ്ടും കമലങ്ങളെക്കൊണ്ടും നിന്തിരുവടിയുടെ ശരീരത്തെ പൂജിക്കുന്നു.

പരിഭാഷ – പാരിജാതശതപത്രപാടലാ മല്ലികാബകുള ചമ്പകാദികൾ – പാരിജാതങ്ങൾ, ശതപത്രങ്ങൾ, പാടലകൾ, മല്ലികകൾ, ബകുളങ്ങൾ, ചമ്പകങ്ങൾ തുടങ്ങിയുള്ളവ. പാരിജാതങ്ങൾ – പാരിജാതപുഷ്പങ്ങൾ. ശതപത്രങ്ങൾ – താമരപ്പൂക്കൾ. പാടലങ്ങൾ – കുങ്കുമപുഷ്പങ്ങൾ. മല്ലികകൾ – മുല്ലപ്പൂക്കൾ. ബകുളങ്ങൾ – ഇലഞ്ഞിപ്പൂക്കൾ. ചമ്പകങ്ങൾ – ചമ്പകപ്പൂക്കൾ. അംബുജങ്ങൾ – താമരപ്പൂക്കൾ. കമലങ്ങൾ – താമരപ്പൂക്കൾ.

ഭാവം – അല്ലയോ ലോകമാതാവേ! ഞാൻ ആദരവോടു കൂടി പാരിജാതപുഷ്പങ്ങൾ, താമരപ്പൂക്കൾ, കുങ്കുമപ്പൂക്കൾ, മുല്ല പ്പൂക്കൾ, ഇലഞ്ഞിപ്പൂക്കൾ, ചമ്പകപ്പൂക്കൾ മുതലായവകൊണ്ടും താമരപ്പൂക്കളെക്കൊണ്ടും നിന്തിരുവടിയുടെ ശരീരത്തെ പൂജിക്കുന്നു. ഇവിടെ താമരയെ മൂന്നിടത്ത് ആവർത്തിച്ചത്, ചെന്താമര, വെള്ളത്താമര, നീലത്താമര എന്ന മൂന്നിനത്തെ സംബന്ധിച്ചാകുന്നു.

ലാക്ഷാസമ്മിളിതൈസ്സിതാഭ്രസഹിതൈഃ
ശ്രീവാസസമ്മിശ്രിതൈഃ
കർപ്പൂരാകലിതൈശ്ശിരൈർമ്മധുയുതൈർ–
ഗ്ഗോസർപ്പിഷാ ലോഡിതൈഃ
ശ്രീഖണ്ഡാഗരുഗുൽഗുലുപ്രഭൃതിഭിർ–
ന്നാനാവിധൈർവ്വസ്തുഭിർ
ദ്ധൂപം തേ പരികല്പയാമി ജനനി!
സ്നേഹാത്ത്വമംഗീകുരു. (24)

വിഭക്തി –
ലാക്ഷാസമ്മിളിതൈഃ – അ. ന. തൃ. ബ.

സിതാഭ്രസഹിതൈഃ – അ. ന. തൃ. ബ.
ശ്രീവാസസമ്മിശ്രിതൈഃ – അ. ന. തൃ. ബ.
കർപ്പൂരാകലിതൈഃ – അ. ന. തൃ. ബ.
ശിരൈഃ – അ. ന. തൃ. ബ.
മധുയുതൈഃ – അ. ന. തൃ. ബ.
ഗോസർപ്പിഷാ – സ. ന. തൃ ഏ.
ലോഡിതൈഃ – അ. ന. തൃ. ബ.
ശ്രീഖണ്ഡാഗരുഗുൽഗുലുപ്രഭൃതിഭിഃ – ഇ. ന. തൃ. ബ..
നാനാവിധൈഃ – അ. ന. തൃ. ബ.
വസ്തുഭിഃ – ഉ. ന തൃ. ബ.
ധൂപം – അ. ന. ദ്വി. ഏ.
തേ – യുഷ്മ. ച. ഏ.
പരികല്പയാമി – ലട്ട്. പ. ഉ. ഏ.
ജനനീ – ഈ. സ്ത്രീ. സംപ്ര. ഏ.
സ്നേഹാൽ – ആ. പു. പ. ഏ.
ത്വം – യുഷ്മ. പ്ര. ഏ.
അംഗീകുരു – ലോട്ട്. പ. മദ്ധ്യ. പു. ഏ.

അന്വയം – ഹേ ജനനി! അഹം ലാക്ഷാസമ്മിളിതൈഃ സിതാഭ്രസഹിതൈഃ ശ്രീവാസസമ്മിശ്രിതൈഃ കർപ്പൂരാകലിതൈഃ ശിരൈഃ മധുയുതൈഃ ഗോസർപ്പിഷാ ലോഡിതൈഃ ശ്രീഖണ്ഡാഗരുഗുൽഗുലുപ്രഭൃതിഭിഃ നാനാവിധൈഃ വസ്തുഭിഃ തേ ധൂപം പരികല്പയാമി സ്നേഹാൽ ത്വം അംഗീകുരു.

അന്വയാർത്ഥം – അല്ലയോ ജനനി! ഞാൻ ലാക്ഷാസമ്മിളിതങ്ങളായി സിതാഭ്രസഹിതങ്ങളായി ശ്രീവാസസമ്മിശ്രിതങ്ങളായി കർപ്പൂരാകലിതങ്ങളായി ശിരൈഃ മധുയുതങ്ങളായി ഗോസർപ്പിസ്സിനോട് ലോഡിതങ്ങളായി ശ്രീഖണ്ഡാഗരു ഗുൽഗുലു പ്രഭൃതികളായി നാനാവിധങ്ങളായിരിക്കുന്ന വസ്തുക്കളെക്കൊണ്ടു ഭവതിക്കായിട്ടു ധൂപത്തെ പരികല്പിക്കുന്നു. സ്നേഹത്തോടുകൂടി നിന്തിരുവടി അംഗീകരിച്ചാലും.

ദേവീമാനസപൂജാ സ്തോത്രം

പരിഭാഷ – ജനനി – അംബ. ലാക്ഷാസമ്മിളിതങ്ങൾ – ലാക്ഷയാൽ സമ്മിളിതങ്ങൾ. ലാക്ഷാ – അരക്ക് സമ്മിളിതങ്ങൾ – സമ്മേളനം ചെയ്യപ്പെട്ടവ. സമ്മേളനംചെയ്ക – കൂട്ടിക്കലർത്തുക. സിതാഭ്രസഹിതങ്ങൾ സിതാഭ്രത്തോടുകൂടിയവ. സിതാഭ്രം – വെളുത്ത അഭ്രം. ശ്രീവാസ സമ്മിശ്രിതങ്ങൾ – ശ്രീവാസത്തോടു സമ്മീശ്രിതങ്ങൾ. ശ്രീവാസം – കുന്തിരിക്കം. സമ്മിശ്രിതങ്ങൾ – കുട്ടിക്കലർന്നവ. കർപ്പൂരാകലിതങ്ങൾ – കർപ്പൂരത്തോടുകൂടിയവ. ശിരൈഃ – ശിരങ്ങളോട്. ശിര – രാമച്ചം. മധുയുതങ്ങൾ – മധുവിനോടുകൂടിയവ. മധു – തേൻ. ഗോസർപ്പിസ്സ് – പശുവിൻ നെയ്. ലോഡിതങ്ങൾ – കൂട്ടിക്കലർത്തപ്പെട്ടവ. ശ്രീഖണ്ഡാഗരു – ഗുൽഗുലുപ്രഭൃതികൾ ശ്രീഖണ്ഡം, അഗരു, ഗുൽഗുലു തുടങ്ങിയുള്ളവ. ശ്രീഖണ്ഡം – ചന്ദനം. അഗരു – അകിൽ. നാനാവിധങ്ങൾ – പലവിധങ്ങൾ. ധൂപം – പുക. അംഗീകരിക്ക – സ്വീകരിക്ക.

ഭാവം – അല്ലയോ അമ്മേ! ഞാൻ അരക്ക്, വെളുത്ത അഭ്രം, കുന്തിരിക്കം, കർപ്പൂരം, രാമച്ചം, ചന്ദനം, ഗുൽഗുലു, അകിൽ തുടങ്ങിയുള്ള പലവിധ സുഗന്ധവസ്തുക്കളിൽ നെയ്, തേൻ മുതലായവ ചേർത്ത് ധൂപിച്ച ധൂപം കല്പിക്കുന്നു. നിന്തിരുവടി സ്നേഹത്തോടുകൂടി സ്വീകരിച്ചാലും.

രത്നാലംകൃതഹേമപാത്രനിഹിതൈർ–
ഗ്ഗോസർപ്പിഷാ ലോഡിതൈർ–
ദ്ദീർഘൈർദ്ദീർഘതരാന്ധകാരഭിദുരൈർ
ബ്ബാലാർക്കകോടിപ്രഭൈഃ
ആതാമ്രജ്വലദുജ്ജ്വലപ്രവിലസ–
ദ്രത്നപ്രദീപ്തൈസ്തഥാ
മാതസ്ത്വാമഹമാദരാദനുദിനം
നീരാജയാമ്യുച്ചകൈഃ (25)

വിഭക്തി –

രത്നാലംകൃതഹേമപാത്രനിഹിതൈഃ – അ. പു. തൃ. ബ.
ഗോസർപ്പിഷാ – സ. ന. തൃ ഏ.
ലോഢിതൈഃ – അ. പു. തൃ. ബ.
ദീർഘൈഃ – അ. പു. തൃ. ബ.
ദീർഘതരാന്ധകാരഭിദുരൈഃ – അ. പു. തൃ. ബ.
ബാലാർക്കകോടിപ്രഭൈഃ – അ. പു. തൃ. ബ.
ആതാമ്രജ്വലദുജ്ജ്വലപ്രവിലസദ്രത്നപ്രദീപ്തൈഃ–അ.പു.തൃ.ബ.
തഥാ – അവ്യ.
മാതഃ – പു. സംപ്ര. ഏ.
ത്വാം – യുഷ്മ. ദ്വി ഏ.
അഹം – അസ്മ. പ്ര. ഏ.
ആദരാൽ – അവ്യ.
നീരാജയാമി – ലട്ട്. പര. ഉ. ഏ.
ഉച്ചൈഃ – അവ്യ.

അന്വയം – ഹേ മാതഃ രത്നാലംകൃതഹേമപാത്രനിഹിതൈഃ ഗോസർപ്പിഷാ ലോഢിതൈഃ ദീർഘൈഃ ദീർഘതരാന്ധ കാരഭിദുരൈഃ ബാലാർക്കകോടി പ്രഭൈഃ തഥാ ആതാമ്ര ജ്വലദുജ്ജ്വലപ്രവിലസദ്രത്നപ്രദീപ്തൈഃ അഹം ആദരാൽ ത്വാം അനുദിനം ഉച്ചൈഃ നീരാജയാമി.

അന്വയാർത്ഥം – അല്ലയോ മാതാവേ! രത്നാലംകൃത ഹേമപാത്ര നിഹതങ്ങളായി, ഗോസർപ്പിസ്സുകൊണ്ട് ലോഢിതങ്ങളായി, ദീർഘങ്ങളായി, ദീർഘതരാന്ധകാരഭിദുരങ്ങളായി, ബാലാർക്ക കോടി പ്രഭങ്ങളായി, അപ്രകാരം ആതാമ്രജ്വലദുജ്വല പ്രവിലസദ്രത്ന പ്രദീപ്തങ്ങളായിരിക്കുന്ന ദീപങ്ങളെക്കൊണ്ട് ആദരത്തോടുകൂടി ഭവതിയ ദിവസംതോറും വഴിപോലെ നീരാജനം ചെയ്യുന്നു.

ദേവീമാനസപൂജാ സ്തോത്രം

പരിഭാഷ – രത്നാലംകൃതഹേമപാത്രനിഹിതങ്ങളായ – രത്നത്താൽ അലംകൃതമായിരിക്കുന്ന ഹേമപാത്രത്തിൽ നിഹിതങ്ങൾ. അലംകൃതം – അലങ്കരിക്കപ്പെട്ടത്. ഹേമപാത്രം. – സ്വർണ്ണപാത്രം. നിഹിതങ്ങൾ – വെയ്ക്കപ്പെട്ടവ. ഗോസർപ്പിസ്സ് – പശുവിൻനെയ്. ലോഡിതങ്ങൾ – നനയ്ക്കപെട്ടവ. ദീർഘങ്ങൾ – നീളമുള്ളവ. ദീർഘതരാന്ധകാരഭിദൂരങ്ങൾ – ദീർഘതരങ്ങളായ അന്ധകാരങ്ങളെ ഭേദിക്ക ശീലമായിട്ടുള്ളവ. ദീർഘതരങ്ങൾ – ഏറ്റവും ദീർഘങ്ങൾ (വളരെ അകലെയുള്ളവയെക്കൂടി) എന്നർത്ഥം. ഭിദൂരങ്ങൾ – ഭേദിക്ക ശീലമായിട്ടുള്ളവ. ഭേദിക്ക – നശിപ്പിക്ക. ബാലാർക്കകോടിപ്രഭങ്ങൾ – ബാലർക്കകോടി യുടെ പ്രഭപോലുള്ള പ്രഭയോടുകൂടിയത്. ബാലാർക്കകോടി – ബാലാർക്കന്മാരുടെ കോടി. ബാലാർക്കൻമാർ – ബാലസൂര്യന്മാർ. പ്രഭ – ശോഭ. ആതാമ്രജ്വലദുജ്ജ്വലപ്രവിലസദ്രത്നപ്രദീപ്തങ്ങൾ – ആതാമ്രജ്വലദുജ്ജ്വലപ്രവിലസത്തുകളായിരിക്കുന്ന രത്നങ്ങളാൽ പ്രദീപ്തങ്ങൾ. അതാമ്രജ്വലദുജ്ജ്വലപ്രവിലസത്തുകൾ – ആതാമ്രജ്വലത്തുകളായിട്ടു ഉജ്ജ്വലങ്ങളെന്നുപോലെ പ്രവിലസത്തുകൾ. ആതാമ്രജ്വലത്തുകൾ – ചുറ്റും താമ്രമായി ജ്വലിക്കുന്നവ. താമ്രം – ചുവപ്പ്. ജ്വലിക്ക – പ്രകാശിക്ക, ഉജ്ജ്വലങ്ങൾ – കത്തുന്നവ. പ്രവിലസത്തുകൾ – ഏറ്റവും ശോഭിക്കുന്നവ. പ്രദീപ്തങ്ങൾ പ്രദീപിക്കപ്പെട്ടവ. പ്രദീപിക്ക – ദീപംപോലെ ശോഭിക്ക. ദീപങ്ങൾ – വിളക്കുകൾ. നീരാജനം ചെയ്ക – ഉഴിയുക. ദീപം കൊണ്ടുഴിയുന്നതിന് നീരാജനമെന്ന പേർ.

ഭാവം – അല്ലയോ അമ്മേ! രത്നങ്ങൾ പതിച്ചിട്ടുള്ള സ്വർണ്ണപാത്രത്തിൽ വച്ചിട്ടുള്ളതും പശുവിൻനെയ്യൊഴിച്ചു, കത്തിച്ചിട്ടുള്ളതും നീണ്ടുനിൽക്കുന്നതും അകല പ്രദേശങ്ങളിലുള്ള ഇരുട്ടിനെപ്പോലും കോടി ബാലസൂര്യപ്രഭയുള്ളതും അപ്രകാരംതന്നെ ചുറ്റും ചുവന്നു പ്രകാശിക്കുന്നതും കത്തുന്നവയെന്നപോലെ ഏറ്റവും പ്രകാശിക്കുന്നവവ്യുമായ രത്നദീപങ്ങളെക്കൊണ്ട് ആദര

വോടുകൂടി ഭഗവതിയെ ദിവസംതോറും വഴിപോലെ ഞാൻ നീരാജനം ചെയ്യുന്നു.

മഹതി കനകപാത്രേ സ്ഥാപയിത്വാ വിശാലാൻ
ഡമരുസദൃശരൂപാൻ പക്വഗോധൂമദീപാൻ
ബഹുഘൃതമഥ തേഷു ന്യസ്യ ദീപാൻ പ്രകൃഷ്ടാൻ
ഭുവനജനനി! കൂർവ്വേ നിത്യമാരാത്രികം തേ (26)

വിഭക്തി –
മഹതി – ത. ന. സ. ഏ.
കനകപാത്രേ – അ. ന. സ. ഏ.
സ്ഥാപയിത്വാ – ത്വാപ്ര. അവ്യ.
വിശാലാൻ – അ. പു. ദ്വി. ബ.
ഡമരുസദൃശരൂപാൻ – അ. പു. ദ്വി. ബ.
പക്വഗോധുമദീപാൻ – അ പു. ദ്വി. ബ.
ബഹുഘൃതം – അ. ന. ദ്വി. ഏ.
അഥ – അവ്യ.
തേഷു – തച്ഛ. പു. സ. ബ.
ന്യസ്യ – ല്യബ. അവ്യ,
ദീപാൻ – അ. പു. ദ്വി. ബ.
ഭുവനജനനി – ഈ. സ്ത്രീ. സംപ്ര. ഏ
കൂർവ്വേ – ലട്ട്. ആ. ഉത്ത. ഏ.
നിത്യം – അവ്യ.
ആരാത്രികം – അ. ന. ദ്വി. ഏ.
തേ – യുഷ്മ. ച. ഏ.

അന്വയം – ഹേ ഭുവനജനനി! മഹതി കനകപാത്രേ വിശാലാൻ ഡമരുസദൃശരൂപാൻ പക്വഗോധൂമദീപാൻ സ്ഥാപയിത്വാ തേഷു ബഹുഘൃതം അഥ ന്യസ്യ പ്രകൃഷ്ടാൻ (കൃത്വാ) നിത്യം തേ ആരാത്രികം കുർവ്വേ.

അന്വയാർത്ഥം – അല്ലയോ ഭുവനജനനീ! മഹത്തായിരിക്കുന്ന കനകപാത്രത്തിൽ വിശാലങ്ങളായി ഡമരുസദൃശരുപങ്ങളായിരിക്കുന്ന പക്വഗോധൂമദീപങ്ങളെ സ്ഥാപിച്ചിട്ട് അനന്തരം അവയിൽ ബഹുഘൃതത്തെ ന്യസിച്ചിട്ട് ദീപങ്ങളെ പ്രകൃഷ്ടങ്ങളാക്കിച്ചെയ്തിട്ട് ഭവതിക്കായിക്കൊണ്ടു ഞാൻ ദിവസവും ആരാത്രികത്തെ ചെയ്യുന്നു.

പരിഭാഷ – മഹത്ത് – വലിയത്. കനകപാത്രം – സ്വർണ്ണപ്പാത്രം. വിശാലങ്ങൾ – വിസ്തൃതങ്ങൾ. ഡമരുസദൃശരൂപങ്ങൾ – ഡമരുവിനോട് സദൃശമായിരിക്കുന്ന രൂപത്തോടുകൂടിയവ. ഡമരു – ഉടുക്ക്. പക്വഗോധൂമദീപങ്ങൾ – പക്വഗോധൂമം കൊണ്ടുണ്ടാക്കിയിട്ടുള്ള ദീപങ്ങൾ. പക്വഗോധുമം – ഗോതമ്പുപൊടി. ദീപങ്ങൾ – വിളക്കുകൾ. സ്ഥാപിക്ക – വെക്കുക. ബഹുഘൃതം. – വളരെ നെയ്, ന്യസിക്ക – വെക്കുക (ഒഴുക്കുക). ദീപങ്ങൾ തിരികൾ. പ്രകൃഷ്ടങ്ങൾ – ഉജ്ജ്വലങ്ങൾ. ആരാത്രികം – നീരാജനകർമ്മം.

ഭാവം – അല്ലയോ ലോകമാതാവേ! ഗോതമ്പുപൊടികൊണ്ട് ഉടുക്കിന്റെ ആകൃതിയിൽ വിസ്താരമായി ഉണ്ടാക്കിയിട്ടുള്ള വിളക്കുകൾ വലുതായ സ്വർണ്ണപ്പാത്രത്തിൽ വച്ചിട്ട് അവയിൽ ധാരാളം നെയ്യൊഴിച്ച് കത്തിച്ച് വർദ്ധിപ്പിച്ച് ഞാൻ ഭവതിക്കായിട്ട് ആരാത്രികമെന്ന നീരാജനകർമ്മത്തെ ചെയ്യുന്നു.

സവിനയമഥ ദത്വാ ജാനുയുഗ്മം ധരണ്യാം
സപദി ശിരസി ധൃത്വാ പാത്രമാരാത്രികസ്യ
മുഖകമലസമീപേ തേംബ സാർദ്ധം ത്രിവാരം.
ഭ്രമയതി മയി ഭൂയാത്തേകൃപാർദ്രഃ കടാക്ഷഃ (27)

വിഭക്തി –
സവിനയം – അവ്യ.
അഥ – അവ്യ.

ദത്വാ – ത്വാ. പ്ര. അവ്യ.
ജാനുയുഗ്മം – അ. ന. ദ്വി. ഏ.
ധരണ്യാം – ഈ. സ്ത്രീ. സ. ഏ.
സപദി – അവ്യ.
ശിരസി – സ. ന. സ. ഏ.
ധൃത്വാ – ത്വാ. പ്ര. അവ്യ.
പാത്രം – അ. ന. ദ്വി. ഏ.
ആരാത്രികസ്യ – അ. ന. ഷ. ഏ.
മുഖകമലസമീപേ – അ. പു. സ. ഏ.
തേ – യുഷ്മദ്. ഷ. ഏ.
അംബ – ആ. സ്ത്രീ. സംപ്ര. ഏ.
സാർദ്ധം – അവ്യ.
ത്രിവാരം – അവ്യ.
ഭ്രമയതി – ത. പു. സ. ഏ.
മയി – അസ്മ. സപ്ത. ഏ.
ഭൂയാൽ – ആ. ലിങ്. പര. പ്ര. ഏ.
തേ – യുഷ്മ. ദ ഷ ഏ.
കൃപാർദ്രഃ – അ. പു. പ്ര. ഏ.
കടാക്ഷഃ – അ. പു. പ്ര. ഏ.

അന്വയം – ഹേ അംബ! സവിനയം ജാനുയുഗ്മം ധരണ്യാം ദത്വാ അഥ സപദി ആരാത്രികസ്യ പാത്രം ശിരസി ധൃത്വാ തേ മുഖകമലസമീപേ ത്രിവാരം ഭ്രമയതി മയി തേ കൃപാർദ്രഃ കടാക്ഷഃ ഭൂയാൽ.

അന്വയാർത്ഥം – അല്ലയോ അംബേ! വിനയത്തോടുകൂടി ജാനു യുഗ്മത്തെ ധരണിയിൽ ദാനം ചെയ്തിട്ട് അനന്തരം, ഉടൻ ആരാത്രികത്തിന്റെ പാത്രത്തെ ശിരസ്സിങ്കൽ ധരിച്ചിട്ട് ഭവതിയുടെ മുഖകമലസമീപത്തിങ്കൽ ത്രിവാരം ഭ്രമയന്നായിരിക്കുന്ന എന്നിൽ നിന്തിരുവടിയുടെ കൃപാർദ്രമായിരിക്കുന്ന കടാക്ഷം ഭവിക്കണമേ.

പരിഭാഷ – ജാനുയുഗ്മം – ജാനുക്കളുടെ യുഗ്മം. ജാനുക്കൾ – മുട്ടുകൾ. യുഗ്മം – രണ്ട്. ധരണി – ഭൂമി. ദാനംചെയ്ക കൊടുക്കുക. ആരാത്രികം – നീരാജനകർമ്മം, മുഖകമലം – കമലംപോലുള്ള മുചം. കമലം – താമര. ത്രിവാരം – മൂന്നു പ്രാവശ്യം. ഭ്രമയൻ – ഭ്രമിപ്പുക്കുന്നവൻ. ഭ്രമിപ്പിക്ക – ചുറ്റിക്ക. കൃപാർദ്രം – കൃപകൊണ്ടലിഞ്ഞത്. കടാക്ഷം – കടക്കൺ നോട്ടം.

ഭാവം – അല്ലയോ അംബേ! വിനയത്തോടുകൂടി നിലത്തു മുട്ടു കുത്തിനിന്ന് ആരാത്രികദീപപാത്രത്തെ തലയിൽവെച്ച് നിന്തിരുവടിയുടെ താമരപ്പൂപോലുള്ള മുഖത്തിന് സമീപത്തിൽ മൂന്നു പ്രാവശ്യം ഉഴിയുന്നു. കരുണകൊണ്ടലിഞ്ഞിരിക്കുന്ന നിന്തിരുവടിയുടെ കടാക്ഷം എന്നിൽ ഉണ്ടാകണമേ.

മാതസ്ത്വം ദധി ദുഗ്ധ പായസമഹാ –
ശാല്യന്നസന്താനികാ
സൂപാപൂപസിതാഘൃതൈസ്സവടകൈ –
സ്സക്ഷൗദ്രരംഭാഫലൈഃ
ഏലാജീരകഹിംഗുനാഗരനിശാ –
കുസ്തുംഭരീസംസ്കൃതൈഃ
ശാകൈസ്സാകമഹം സുധാദികരസൈ –
സ്സംതൃപ്തയാമൃർപയൻ (28)

വിഭക്തി –
മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.
ത്വാം. യുഷ്മ. ദ്വി. ഏ.
ദധിദുഗ്ധപായസമഹാശാല്യന്നസന്താനികാ–
സൂപാപുപസിതാഘൃതൈഃ – അ. ന. തൃ. ബ.
സവടകൈഃ – അ. ന. തൃ. ബ.
സക്ഷൗദ്രരംഭാഫലൈഃ – അ. ന. തൃ. ബ.

ഏലാജീരകഹിംഗുനാഗരനിശാകുസ്തുംഭരീ സംസ്കൃതൈഃ –
അ. ന. തൃ. ബ.
ശാകൈഃ – അ. ന. തൃ. ബ.
സാകം – അവ്യ.
അഹം – അസ്മ. പ്ര. ഏ.
സുധാദികരസൈഃ – അ. പു. തൃ. ബ.
സംതൃപ്തയാമി – ലട്ട്. പ. ഉ ഏ.
അർപ്പയൻ – ത. പു. പ്ര. ഏ.

അന്വയം – ഹേ മാതഃ ത്വാം അഹം ദധിദുഗ്ധപായസമഹാ ശാല്യന്നസന്താനികാ സൂപാപൂപസിതാഘൃതൈഃ സവടകൈഃ സക്ഷൗദ്രരംഭാഫലൈഃ ഏലാജീരകഹിംഗുനാഗരനിശാകുസ്തുംഭരീസംസ്കൃതൈഃ സുധാധികരസൈഃ ശാകൈഃ അർപ്പയൻ സംതൃപ്തയാമി.

അന്വയാർത്ഥം – അല്ലയോ മാതാവേ! നിന്നേ ഞാൻ ദധിദുഗ്ധ പായസമാഹാശാല്യന്നസന്താനികാ സൂപാപൂപസിതാഘൃതങ്ങളെക്കൊണ്ടും വടകങ്ങളെക്കൊണ്ടും ക്ഷൗദ്രരംഭാഫലങ്ങളെക്കൊണ്ടും ഏലാജീരകഹിംഗുനാഗരനിശാകുസ്തുംഭരീസംസ്കൃതങ്ങളായി സുധാധികരസങ്ങളായിരിക്കുന്ന ശാകങ്ങളെക്കൊണ്ടും അർപ്പയന്നായിട്ട് സംതൃപ്തിപ്പെടുത്തുന്നു.

പരിഭാഷ – ദധിദുഗ്ധപായസമഹാശാല്യന്നസന്താനികാ സൂപാപൂപസിതാഘൃതങ്ങൾ – ദധി, ദുഗ്ധം, പായസം, മഹാ ശാല്യന്നസന്താനികം, സൂപം, അപൂർവ്വം, സിതാ, ഘൃതം ഇവ കൾ. ദധി – തൈർ. ദുഗ്ധം – പാൽ, മഹാശാല്യന്നസന്താനികം – മഹത്തായ പലവിധ ശാല്യന്നങ്ങൾ. സൂപം – പരിപ്പ്. അപൂപം – അപ്പം. സിതാ – പഞ്ചസാര. ഘൃതം – നെയ്യ്. വടകങ്ങൾ – വടകൾ. ക്ഷൗദ്രരംഭാഫലങ്ങൾ – ക്ഷൗദ്രവും രംഭാഫലങ്ങളും ക്ഷൗദ്രം – തേൻ. രംഭാഫലങ്ങൾ – കദളിപ്പഴങ്ങൾ. ഏലാജീരകഹിംഗുനാഗരനിശാകുസ്തുംഭരീസംസ്കൃതങ്ങൾ –

ഏലം, ജീരകം, ഹിംഗു, നാഗരം, നിശാകുസ്തുംഭരീ ഇവയാൽ സംസ്കൃതങ്ങൾ. ഹിംഗു – കായം, നാഗരം – ചുക്ക്. നിശാ – മഞ്ഞൾ. കുസ്തുംഭരീ – കുസുംഭയില. സംസ്കൃതങ്ങൾ – സംസ്കരിക്കപ്പെട്ടവ. സംസ്കരിക്ക – വഴിപോലെയുണ്ടാക്കുക. സുധാധികരസങ്ങൾ – സുധയേക്കാൾ അധികം രസമുള്ളവ. സുധാ – അമൃത്. രസം – സ്വാദ്. ശാകങ്ങൾ – ഇലക്കറികൾ. അർപ്പയൻ – അർപ്പിക്ക – വെയ്ക്കുക.

ഭാവം – അല്ലയോ അംബേ, ഞാൻ തയിർ, പാൽ, പായസം, പരിപ്പ്, അപ്പം, പഞ്ചസാര, നൈ, തേൻ, വട, കദളിപ്പഴം ഇതുകളെക്കൊണ്ടും ഏലം, ജീരകം, കായം, ചുക്ക്, മഞ്ഞൾ, കുസുംഭയില ഇതുകളാലുണ്ടാക്കപ്പെട്ടവയും അമൃതത്തേക്കാൾ രുചിയുള്ളവയുമായ ഇലക്കറിക്കളെക്കൊണ്ടും മഹാശാല്യന്ന ങ്ങളെക്കൊണ്ടും ഭവതിയെ തൃപ്തിപ്പെടുത്തുന്നു.

സാപുപസുപദധിദുഗ്ദ്ധസിതാഘൃതാനി
സുസ്വാദുഭക്തപരമാന്നപുരസ്സരാണി
ശാകോല്ലസൻമരിചിജീരകബാഹ്ളികാനി
ഭക്ഷ്യാണിഭുങ്ക്ഷ്വ ജഗദംബ! മായർപ്പിതാനി. (29)

വിഭക്തി –
സാപൂപസൂപദധിദുഗ്ദ്ധസിതാഘൃതാനി – അ. ന. ദ്വി. ബ.
സുസ്വാദുഭക്തപരമാന്നപുരസ്സരാണി – അ. ന. ദ്വി. ബ.
ശാകോല്ലസൻമരിചിജീരകബാഹ്ളികാനി – അ. ന. ദ്വി. ബ.
ഭക്ഷ്യാണി – അ. ന. ദ്വി. ബ.
ഭുങ്ക്ഷ്വ – ലോട്ട്. ആ. മ ഏ.
ജഗദംബ – ആ. സ്ത്രീ. സംപ്ര. ഏ.
അർപ്പിതാനി – അ. ന. ദ്വി. ബ.

അന്വയം – ഹേ അംബേ! (ത്വം) സാപൂപസൂപദധിദുഗ്ദ്ധ സിതാഘൃതാനി സുസ്വാദുഭക്തപരമാന്നപുരസ്സരാണി ശാകോല്ല–

സന്മരിചിജീരകബാഹ്ളികാനി മയാ അ!പ്പിതാനി ഭക്ഷ്യാണി ഭുങ്ക്ഷ്വ.

അന്വയാർത്ഥം – അല്ലയോ അംബ! (നിന്തിരുവടി) സാപൂപസൂപ ദധിദുഗ്ദ്ധസിതാഘൃതങ്ങളായി സുസ്വാദുഭക്തപരമാന്ന പുരസ്സര ങ്ങളായി ശാകോല്ലസന്മരിചിജീരകബാഹ്ളികങ്ങളായി എന്നാൽ അർപ്പിതങ്ങളായിരിക്കുന്ന ഭക്ഷ്യങ്ങളെ ഭുജിച്ചാലും.

പരിഭാഷ– സാപുപസുപദധിദുഗ്ധസിതാഘൃതങ്ങൾ – അപൂപം, സൂപം, ദധി, ദുഗ്ദ്ധം, സിതാ, ഘൃതം ഇവയോടുകൂടിയവ. അപൂപം – അപ്പം. സൂപം – പരിപ്പ്, ദധി – തൈർ. ദുഗ്ധം – പാൽ. സിതാ – പഞ്ചസാര. ഘൃതം – നെയ്, സുസ്വാദു ഭക്തപരമാന്നപുരസ്സരങ്ങൾ – സുസ്വാദുക്കളായിരിക്കുന്ന ഭക്തങ്ങ ളോടും പരമാന്നത്തോടും കൂടിയവ. സുസ്വാദുകൾ – ഏറ്റവും സ്വാദുള്ള. ഭക്തങ്ങൾ – കറികൾ. പരമാന്നം – ശ്രേഷ്ഠമായ അന്നം. ശാകോല്ലസന്മരിചിഝിരകബാഹ്ളികങ്ങൾ – ശാക ത്തോടുകൂടെ ഉല്ലസത്തുകളായിരിക്കുന്ന മരിചങ്ങളോടും ജീരക ങ്ങളോടും ബാഹ്ളികങ്ങളോടുംകുടിയവ. ശാകം – ഇലക്കറി. ഉല്ലസത്ത് – ഉല്ലസിക്കുന്നത്. ഉല്ലസിക്കുക – ചേരുക. മരിചങ്ങൾ – മുളകുകൾ. ബാഹ്ളികങ്ങൾ. – കടുകുകൾ. ഭക്ഷ്യങ്ങൾ. – ഭക്ഷണദ്രവ്യങ്ങൾ. അർപിതങ്ങൾ – സമർപ്പിക്കപ്പെട്ടവ.

ഭാവം – അല്ലയോ ലോകമാതാവേ! അപ്പം, പരിപ്പ്, തയിർ, പാൽ, പഞ്ചസാര, നെയ്യ്, വളരെ സ്വാദുള്ള കറികളോടുകൂടിയ ശ്രേഷ്ഠമായ അന്നം, മുളക്, ജീരകം തുടങ്ങിയുള്ളവ ചേർത്തു ണ്ടാക്കിയിട്ടുള്ള ഇലക്കറി ഇങ്ങിനെ എന്നാൽ സമർപ്പിക്കപ്പെടുന്ന ഭക്ഷണദ്രവ്യങ്ങളെ ഭുജിക്കണമേ.

ക്ഷീരമേതദിദമുത്തമോത്തമം
പ്രാജ്യമാജ്യമിദമുജ്ജ്വലം മധു
മാതരേതദമൃതോപമം പയഃ
സംഭ്രമേണ പരിപീയതാം മുഹുഃ (30)

വിഭക്തി –
ക്ഷീരം – അ. ന. പ്ര. ഏ.
ഏതൽ – ഏതച്ഛബ്ദം. ദ. പ്ര. ഏ.
ഉത്തമോത്തമം – അ. ന. പ്ര ഏ.
പ്രാജ്യം – അ. ന. പ്ര. ഏ.
ആജ്യം – അ. ന. പ്ര. ഏ.
ഇദം – ഇദംശ. മ. ന. പ്ര. ഏ.
ഉജ്ജ്വലം – അ. ന. പ്ര. ഏ.
മധു – ഉ. ന. പ്ര. ഏ.
മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.
അമൃതോപമം – അ. ന. പ്ര. ഏ.
പയഃ – സ. ന. പ്ര. ഏ.
സംഭ്രമേണ – അ. പു. തൃ. ഏ.
പരിപീയതാം – ലോട്ട്. ആ. പ്ര. പു. ഏ.
മുഹുഃ – അവ്യ.

അന്വയം – ഹേ മാതഃ! ഉത്തമോത്തമം ഏതൽ ക്ഷീരം പ്രാജ്യം ഇദം ആജ്യം ഉജ്ജ്വലം ഇദം മധു അമൃതോപമം ഏതൽ പയഃ (ച) സംഭ്രമേണ (ത്വയാ) മുഹുഃ പരിപീയതാം.

അന്വയാർത്ഥം – അല്ലയോ മാതാവേ! ഉത്തമോത്തമമായിരിക്കുന്ന ഈ ക്ഷീരത്തേയും പ്രാജ്യമായിരിക്കുന്ന ഈ ആജ്യത്തേയും ഉജ്ജ്വലമായിരിക്കുന്ന ഈ മധുവിനേയും അമൃതോപമമായിരിക്കുന്ന ഈ പയസ്സിനേയും ഭവതിയാൽ സംഭ്രമത്തോടുകൂടി പിന്നേയും പിന്നേയും പാനംചെയ്യപ്പെട്ടാലും.

പരിഭാഷ – ഉത്തമോത്തമം – ഏറ്റവും ഉത്തമം. ക്ഷീരം – പാൽ. പ്രാജ്യം – ശ്രേഷ്ഠം. ആജ്യം – നെയ്യ്. ഉജ്ജ്വലം – ശോഭിക്കുന്നത്. മധു – തേൻ. അമൃതോപമം. അമൃതുപോലെയുള്ളത്. പയസ്സ് – വെള്ളം. പാനംചെയ്ക – കുടിക്കുക.

ഭാവം – അല്ലയോ അമ്മേ! ഏറ്റവും ഉത്തമമായിരിക്കുന്ന ഈ പാലും ശ്രേഷ്ഠമായിരിക്കുന്ന ഈ നെയ്യും നിർമ്മലമായ ഈ തേനും അമൃതുപോലെയുള്ള ഈ വെള്ളവും നിന്തിരുവടി പിന്നേയും പിന്നേയും കുടിക്കണമേ.

ഉഷ്ണോദകൈഃ പാണിയുഗം മുഖം ച
പ്രക്ഷാള്യ മാതഃ കളധൗതപാത്രേ
കർപ്പൂരമിശ്രേണ സകുങ്കുമേന
ഹസ്തൗ സമുദ്വർത്തയ ചന്ദനേന. (31)

വിഭക്തി –
ഉഷ്ണോദകൈഃ – അ. ന. തൃ. ബ.
പാണിയുഗം – അ. ന. ദ്വി. ഏ.
മുഖം – അ. ന. ദ്വി. ഏ.
പ്രക്ഷാള്യ – ല്യബ. അവ്യ.
മാതഃ – ഋ. സ്ത്രീ. സംപ്ര. ആ.
കളധൗതപാത്രേ – അ. ന. സ. ഏ
കർപ്പൂരമിശ്രേണ – അ. ന. തൃ. ഏ.
സകുങ്കുമേന – അ. ന. തൃ. ഏ.
ഹസ്തൗ – അ. പു. ദ്വി.
ചന്ദനേന – അ. ന. തൃ. ഏ.
സമുദ്വർത്തയ – ലോട്ട്. ആ. പ്ര. പു. ഏ.

അന്വയം – ഹേ മാതഃ കളധൗതപാത്രേ ഉഷ്ണോദകൈഃ പാണിയുഗം മുഖം ച പ്രക്ഷാള്യ കർപ്പൂരമിശ്രേണ സകുങ്കുമേന ചന്ദനേന ഹസ്തൗ സമുദ്വർത്തയ.

അന്വയാർത്ഥം – അല്ലയോ മാതാവേ! കളധൗതപാത്രത്തിൽ ഉള്ള ഉഷ്ണോദകങ്ങളെക്കൊണ്ട് പാണിയുഗത്തേയും മുഖത്തേയും പ്രക്ഷാളനം ചെയ്തിട്ട് കർപ്പൂരമിശ്രമായി സകുങ്കുമമാ

യിരിക്കുന്ന ചന്ദനംകൊണ്ട് ഹസ്തങ്ങളെ സമുദ്വർത്തനം ചെയ്താലും.

പരിഭാഷ – കളധൗതപാത്രം – കളമായിരിക്കുന്ന ധൗതപാത്രം. കളം – മനോഹരം. ധൗതപാത്രം. – വെള്ളിപ്പാത്രം. ഉഷ്ണോദക ങ്ങൾ – ചൂടുള്ള ജലങ്ങൾ. പാണിയുഗം. – രണ്ട് കയ്യ് പ്രക്ഷാളനംചെയ്ക – കഴുകുക. കർപ്പൂരമിശ്രം – കർപ്പൂരം. കലർന്നത്. സകുങ്കുമം – കുങ്കുമത്തോടുകൂടിയത്. ഹസ്തങ്ങൾ – കൈകൾ. സമുദ്വർത്തനംചെയ്ക – നല്ലപോലെ തുടയ്ക്കുക.

ഭാവം – അല്ലയോ അമ്മേ! നിന്തിരുവടി മനോഹരമായ വെള്ളിപ്പാത്രത്തിൽ ഇരിക്കുന്ന ചൂടുവെള്ളംകൊണ്ട് കൈകളും മുഖവും കഴുകി കർപ്പൂരകുങ്കുമങ്ങൾ ചേർത്ത ചന്ദനംകൊണ്ട് കൈകൾ തുടയ്ക്കേണമേ.

അതിശീതമുശിരവാസിതം
തപനീയേ കലശേ നിവേശിതം
പടപൂതമിദം ജലാമൃതം
ശുചിഗംഗാജലമംബ പീയതാം. (32)

വിഭക്തി –
അതിശീതം – അ. ന. പ്ര. ഏ.
ഉശീരവാസിതം – അ. ന. പ്ര. ഏ.
തപനീയേ – അ. ന. സ. ഏ.
കലശേ – അ. ന. സ. ഏ.
നിവേശിതം – അ. ന. പ്ര. ഏ.
പടപൂതം – അ. ന. പ്ര. ഏ.
ഇദം – ഇദംശ. മ. ന. പ്ര. ഏ.
ജലമൃതം – അ. ന. പ്ര. ഏ.
ശുചിഗംഗാജലം – അ. ന. പ്ര ഏ.
അംബ – ആ സ്ത്രീ. സംപ്ര. ഏ (ത്വയാ)

പീയതാം – ലോട്ട്. ആ. പ്ര. ഏ.

അന്വയം – ഹേ അംബ! അതിശീതം ഉശീരവാസിതം തപനീയേ കലശേ നിവേശിതം പടപൂതം ശുചിഗംഗാജലം ഇദം ജലാമൃതം ത്വയാ പീയതാം.

അന്വയാർത്ഥം – അല്ലയോ അംബേ! അതിശീതളമായി ഉശീര വാസിതമായി തപനീയമായിരിക്കുന്ന കലശത്തിൽ നിവേശിത മായി പടപൂതമായി ശുചിഗംഗാജലമായിരിക്കുന്ന ഈ ജലാമൃതം (നിന്തിരുവടിയാൽ) പാനംചെയ്യപ്പെടണമേ.

പരിഭാഷ – അതിശീതളം – ഏറ്റവും തണുപ്പുള്ളത്. ഉശീര വാസിതം – ഉശീരത്താൽ വാസിക്കപ്പെട്ടത്. ഉശീരം – രാമച്ചം. വാസിക്ക – വാസനയുള്ളതാക്കിത്തീർക്ക. തപനീയം – തപന ത്തെ സംബന്ധിച്ചത്. തപനം – സ്വർണ്ണം (സ്വർണ്ണം കൊണ്ടു ണ്ടാക്കിയത്) കലശം. – കുടം. പടപുതം പടത്താൽ ശുദ്ധമാക്ക പ്പെട്ടത്. പടം. – വസ്ത്രം. (വസ്ത്രത്തിൽ അരിച്ചത്). ശുചിഗംഗാ ജലം. – ശുചിയായിരിക്കുന്ന ഗംഗാജലം. (വേനൽക്കാലത്തെ) ഗംഗാജലം. ജലാമൃതം. – അമൃതുപോലെയിരിക്കുന്ന ജലം. പാനംചെയ്ക – കുടിക്കുക.

ഭാവം – അല്ലയോ അംബേ! ഏറ്റവും തണുപ്പുള്ളതും രാമച്ചം കൊണ്ട് വാസനയുള്ളതാക്കിത്തിർത്തതും വസ്ത്രംകൊണ്ടരിച്ചു പൊൻകുടത്തിൽ വെച്ചിരിക്കുന്നതും വേനൽക്കാലത്തെ ഗംഗാ ജലവുമായ ഈ അമൃതുപോലുള്ള ശുദ്ധജലത്തെ നിന്തിരുവടി പാനം ചെയ്താലും.

താമ്രാമ്രരംഭാഫലസംയുതാനി
ദ്രാക്ഷാഫലക്ഷൗദ്രസമന്വിതാനി
സനാളികേരാണി സദാഡിമാനി
ഫലാനി തേ ദേവി! സമർപ്പയാമി (33)

വിഭക്തി –
താമ്രാമ്രരംഭാഫലസംയുതാനി – അ. ന. ദ്വി. ബ.
ദ്രാക്ഷാഫലക്ഷൗദ്രസമന്വിതാനി – അ. ന. ദ്വി. ബ.
സനാളികേരാണി – അ. ന. ദ്വി. ബ.
തേ – യുഷ്മ. ച. ഏ.
ദേവി – ഈ. സ്ത്രീ. സംപ്ര. ഏ.
സമർപ്പയാമി – ലട്ട്. പ. ഉ. ഏ.

അന്വയം – ഹേ ദേവി! താമ്രാമ്രരംഭാഫലസംയുതാനി ദ്രാക്ഷാഫലക്ഷൗദ്രസമന്വിതാനി സനാളികേരാണി സദാഡിമാനി ഫലാനി തേ സമർപ്പയാമി.

അന്വയാർത്ഥം – അല്ലയോ ദേവി! താമ്രാമ്രരംഭാഫലസംയുതങ്ങളായി ദ്രാക്ഷാഫലക്ഷൗദ്രസമന്വിതങ്ങളായി സനാളികേരങ്ങളായി സദാഡിമങ്ങലായിരിക്കുന്ന ഫലങ്ങളേ ഭവതിക്കായിക്കൊണ്ടു സമർപ്പിക്കുന്നു.

പരിഭാഷ – താമ്രാമ്രരംഭഫലസംയുതങ്ങൾ – താമ്രാമ്രങ്ങൾ, രംഭാഫലങ്ങൾ, ഇവയോട് സംയോജിച്ചവ. താമ്രാമ്രങ്ങൾ – പഴുത്തു ചുവന്നിരിക്കുന്ന മാമ്പഴങ്ങൾ. രംഭാഫലങ്ങൾ – കദളിപ്പഴങ്ങൾ. ദ്രാക്ഷഫലക്ഷൗദ്രസമന്വിതങ്ങൾ – ദ്രാക്ഷാഫലങ്ങളോടും ക്ഷൗദ്രത്തോടും കുടിയവ. ദ്രാക്ഷാഫലങ്ങൾ – മുന്തിരിങ്ങാപ്പഴങ്ങൾ. ക്ഷൗദ്രം – തേൻ, സനാളികേരങ്ങൾ, നാളികേരങ്ങളോടുകൂടിയവ. ദാഡിമങ്ങൾ മാതളപ്പഴങ്ങൾ, ഫലങ്ങൾ – പഴങ്ങൾ.

ഭാവം – അല്ലയോ ദേവി! പഴുത്തു ചുവന്നിരിക്കുന്ന മാമ്പഴങ്ങൾ, കദളിപ്പഴങ്ങൾ, മുന്തിരിങ്ങാപ്പഴങ്ങൾ, തേൻ, നാളികേരങ്ങൾ, മാതളപ്പഴങ്ങൾ ഇവയോടുകൂടിയ അനേകം ഫലങ്ങളെ നിന്തിരുവടിയായിക്കൊണ്ടു സമർപ്പിക്കുന്നു.

കൂശ്മാണ്ഡകോശാതകിസംയുതാനി
ജംബീരനാരംഗസമന്വിതാനി
സബീജപൂരാണി സജാംബവാനി
ഫലാനി തേ ദേവി! സമർപ്പയാമി (34)

വിഭക്തി –
കൂശ്മാണ്ഡകോശാതകിസംയുതാനി – അ. ന. ദ്വി. ബ.
ജംബീരനാരംഗസമന്വിതാനി – അ. ന. ദ്വി. ബ.
സബീജപൂരാണി – അ. ന. ദ്വി. ബ.
സജാംബവാനി – അ. ന. ദ്വി. ബ
ഫലാനി – അ. ന. ദ്വി. ബ. വ.
തേ – യുഷ്മ. ച. ഏ.
സമർപ്പയാമി – ലട്ട്. പ. ഉ. ഏ.

അന്വയം – ഹേ ദേവി! കൂശ്മമാണ്ഡകോശാതകിസംയുതാനി ജംബീരനാരംഗസമന്വിതാനി സബീജപൂരാണി സജാംബവാനി ഫലാനി തേ അഹം സമർപ്പയാമി.

അന്വയാർത്ഥം – അല്ലയോ ദേവി! കുശ്മാണ്ഡകോശാതകി സംയുതങ്ങളായി ജംബീരനാരംഗസമന്വിതങ്ങളായി സബീജപൂരങ്ങളായി സജാംബവങ്ങളായിരിക്കുന്ന ഫലങ്ങളെ നിന്തിരുവടിക്കായിക്കൊണ്ട് ഞാൻ സമർപ്പിക്കുന്നു.

പരിഭാഷ – കൂശ്മാണ്ഡകോശാതകിസംയുതങ്ങൾ – കൂശ്മാണ്ഡം, കോശാതകി ഇവയോടുകൂടിയവ കൂശ്മാണ്ഡം – കുമ്പളങ്ങ. കോശാതകി – പടവലക്കായ. ജംബീരനാരംഗ സമന്വിതങ്ങൾ – ജംബീരങ്ങളോടും നാരംഗകളോടും കൂടിയവ. ജംബീരങ്ങൾ – ചെറുനാരങ്ങകൾ. നാരംഗകൾ – നാരങ്ങകൾ. ബീജപൂരങ്ങൾ – വെള്ളിനാരങ്ങകൾ. സജാംബവങ്ങൾ – ജാംബവങ്ങളോടുകൂടിയവ. ജാംബവങ്ങൾ – ഞാവല്പഴങ്ങൾ.

ഭാവം – അല്ലയോ ദേവി! കുമ്പളങ്ങ, കോശാതകി (പടവലങ്ങ), പലതരത്തിലുള്ള അനേകം നാരങ്ങകൾ, ഞാവല്പഴം ഇപ്രകാര മുള്ള പഴങ്ങളെ ഞാൻ നിന്തിരുവടിക്കായി സമർപ്പിക്കുന്നു.

കർപ്പൂരേണയുതൈർ ലവംഗസഹിതൈ –
സ്തക്കോലചൂർണ്ണാന്വിതൈഃ
സുസ്വാദുക്രമുകൈസ്സഗൗരഖചിതൈ
സ്സുസ്നിഗ്ദ്ധജാതീഫലൈഃ
മാതഃ കൈതകപത്രപാണ്ഡുരുചിഭി–
സ്താംബുലവല്ലീദളൈഃ
സ്സാനന്ദം മുഖമണ്ഡനാർത്ഥമതുലം
താംബൂലമംഗീകുരു. (35)

വിഭക്തി –
കർപ്പൂരേണ – അ. ന. തൃ. ഏ.
യുതൈഃ – അ ന. തൃ. ബ.
ലവംഗസഹിതൈഃ – അ. ന. തൃ. ബ.
തക്കോലചൂർണ്ണാന്വിതൈഃ – അ. ന. തൃ. ബ.
സുസ്വാദുക്രമുകൈഃ – അ. ന. തൃ. ബ.
സഗൗരഖചിതൈഃ – അ. ന. തൃ. ബ.
സുസ്നിഗ്ദ്ധജാതീഫലൈഃ – അ. ന. തൃ. ബ.
മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.
കൈതപത്രപാണ്ഡൂരുചിഭിഃ – ഇ. ന. തൃ. ബ.
താംബൂലവല്ലീദളൈഃ – അ. ന. തൃ. ബ.
സാനന്ദം – അവ്യ.
മുഖമണ്ഡനാർത്ഥം. അവ്യ.
അതുലം – അ. ന. ദ്വി. ഏ.
താംബൂലം – അ. ദ്വി. ഏ.
അംഗീകുരു – ലോട്ട്. പ. മ. പു. ഏ.

അന്വയം – ഹേ മാതഃ കർപ്പൂരേണ യുതൈഃ ലവംഗസഹിതൈഃ സുസ്നിഗ്ദ്ധജാതീഫലൈഃ തക്കോലചൂർണ്ണാന്വിതൈഃ സുസ്വാദു ക്രമുകൈഃ സഗൗരഖചിതൈഃ കൈതകപത്രപാണ്ഡുരുചിഭിഃ താംബൂലവല്ലീദളൈഃ അതുലം താംബൂലം സാനന്ദം (ത്വം) മുഖമണ്ഡനാർത്ഥം അംഗീകുരു.

അന്വയാർത്ഥം – അല്ലയോ അംബ! കർപ്പൂരത്തോടുകൂടിയതായി ലവംഗസഹിതങ്ങളായി സുസ്നിഗ്ദ്ധജാതീഫലങ്ങളായി തക്കോല ചൂർണ്ണാന്വിതങ്ങളായി സുസ്വാദുക്രമുകങ്ങളായി സഗൗരഖചിത ങ്ങളായി കൈതകപത്രപാണ്ഡുരുചികളായിരിക്കുന്ന താംബൂല വല്ലീദളങ്ങളെക്കൊണ്ട് അതുലമായിരിക്കുന്ന താംബൂലത്തെ ആനന്ദത്തോടുകൂടെ നിന്തിരുവടി മുഖമണ്ഡനത്തിനായ്ക്കൊണ്ട് അംഗീകരിച്ചാലും.

പരിഭാഷ – ലവംഗസഹിതങ്ങൾ – ലവംഗത്തോടുകൂടിയവ. ലവംഗം – ഇലവർങ്ങം. സുസ്നിഗ്ദ്ധജാതീഫലങ്ങൾ – സുസ്നിഗ്ദ്ധ ങ്ങളായിരിക്കുന്ന ജാതീഫലങ്ങളോടുകൂടിയവ. സുസ്നിഗ്ദ്ധങ്ങൾ. ഏറ്റവും മനോഹരങ്ങൾ. ജാതീഫലങ്ങൾ – ജാതിക്കകൾ. തക്കോലചൂർണ്ണാന്വിതങ്ങൾ – തക്കോലചൂർണ്ണത്തോടുകൂടിയവ. തക്കോലചൂർണ്ണം. തക്കോലപ്പൊടി. സ്വദുക്രമുകങ്ങൾ. സ്വദുള്ള ക്രമുകങ്ങൾ. ക്രമുകങ്ങൾ. അടയ്ക്കകൾ. ഗൗരഖചിതങ്ങൾ. ഗൗരത്താൽ ഖചിതങ്ങൾ. ഗൗരം വെളുപ്പുനിറം. ഖചിതം. – നിർമ്മിതം. കൈതകപത്രപാണ്ഡുരുചികൾ – കൈതകപത്രം പോലെ പാണ്ഡുവായിരിക്കുന്ന രുചിയോടുകുടിയവ. കൈതക പത്രം കയ്തപ്പൂവിന്റെ ഇതൾ. പാണ്ഡു – വെളുപ്പ് രുചി – ശോഭ. താംബുലവല്ലീദളങ്ങൾ – വെറ്റിലകൾ. അതുലം – തുല്യ മില്ലാത്തത്. താംബൂലം – താംബൂലചർവണം. മുഖമണ്ഡനം – മുഖാലങ്കാരം. അംഗീകരിക്ക – സ്വീകരിക്ക.

ഭാവം – അല്ലയോ ജനനി! കർപ്പൂരം, ഇലവർങ്ങം, നല്ലജാതിക്ക, തക്കോലപ്പൊടി, സ്വദുള്ള അടയ്ക്ക, ഏറ്റവും വെളുത്തു കൈതപ്പുപോലെ ശോഭയുള്ള വെറ്റിലകൾ ഇവകളെക്കൊണ്ട്

സാദൃശ്യമില്ലാത്തതായ താംബൂലത്തെ നിന്തിരുവടിയുടെ മുഖാലങ്കാരത്തിനായി സ്വീകരിച്ചാലും.

ഏലാലവംഗാദിസമന്വിതാനി
തക്കോലകർപ്പൂരവിമിശ്രിതാനി
താംബൂലവല്ലീദളസംയുതാനി
പൂഗാനി തേ ദേവി! സമർപ്പയാമി! (36)

വിഭക്തി –
ഏലാലവംഗാദിസമന്വിതാനി – അ. ന. ദ്വി. ബ.
തക്കോലകർപ്പൂരവിമിശ്രിതാനി – അ. ന. ദ്വി. ബ.
താംബൂലവല്ലീദളസംയുതാനി – അ. ന. ദ്വി. ബ.
പൂഗാനി – അ. ന. ദ്വി. ബ.
തേ – യുഷ്മ. ച. ഏ.
ദേവി – ഈ. സ്ത്രീ.. സംപ്ര. ഏ.
സമർപ്പയാമി – ലട്ട്. പ. ഉ. ഏ.

അന്വയം – ഹേ ദേവി! അഹം ഏലാലവംഗാദിസമന്വിതാനി തക്കോലകർപ്പൂരവിമിശ്രിതാനി താംബൂലവല്ലീദളസംയുതാനി പൂഗാനി തേ സമർപ്പയാമി.

അന്വയാർത്ഥം – അല്ലയോ ദേവി! ഞാൻ ഏലാലവംഗാദി സമന്വിതങ്ങളായി തക്കോലകർപ്പൂരവിമിശ്രിതങ്ങളായി താംബൂല വല്ലീദളസംയുതങ്ങളായിരിക്കുന്ന പൂഗങ്ങളെ നിന്തിരുവടിക്കായി ക്കൊണ്ട് സമർപ്പിക്കുന്നു.

പരിഭാഷ – ഏലാലവംഗാദിസമന്വിതങ്ങൾ – ഏലാലവംഗങ്ങ ളോടുകൂടിയവ. ഏലാലവംഗങ്ങൾ – ഏലവും ഇലവർങവും. തക്കോലകർപ്പൂരവിമിശ്രിതങ്ങൾ – തക്കോലത്തോടും കർപ്പൂര ത്തോടും കൂടിയവ. താംബൂലവല്ലീദളസംയുതങ്ങൾ – തംബൂല

വല്ലിദളങ്ങളോടുകൂടിയവ. താംബൂലവല്ലീദളങ്ങൾ – വെറ്റിലകൾ. പൂഗങ്ങൾ അടയ്ക്കകൾ.

ഭാവം – അല്ലയോ ദേവി! ഞാൻ ഏലം, ഇലവർങ്ഗം, തക്കോലം, കർപ്പൂരം ഇവയോടും വെറ്റിലകളോടുകൂടി അടയ്ക്കകളെ നിന്തിരുവടിക്കായ്ക്കൊണ്ട് സമർപ്പിക്കുന്നു.

താംബൂലനിർജ്ജിതസുതപ്തസുവർണ്ണവർണ്ണം
സ്വർണ്ണാക്ഷപൂഗഫലമൗക്തികചൂർണ്ണയുക്തം
സൗവർണപാത്രനിഹിതം ഖദിരേണസാർദ്ധം
താംബൂലമംബ! വദനാംബുരുഹേ ഗൃഹാണ. (37)

വിഭക്തി –
താംബൂലനിർജ്ജിതസുതപ്തസുവർണ്ണവർണ്ണം – അ. ന. ദ്വി. ഏ.
സ്വർണ്ണാക്ഷപൂഗഫലമൗക്തികചൂർണ്ണയുക്തം – അ. ന. ദ്വി. ഏ.
ഖദിരേണ – അ. പു. തൃ. ഏ.
സാർദ്ധം – അവ്യ.
താംബൂലം – അ. ന. ദ്വി ഏ.
അംബ – ആ. സ്ത്രീ. സംപ്ര. ഏ.
വദനാംബുരുഹേ – അ. ന. സ. ഏ.
ഗൃഹാണ – ലോട്ട്. പ. മ. ഏ.

അന്വയം – ഹേ അംബ! താംബൂലനിർജ്ജിതസുതപ്തസുവർണ്ണ വർണ്ണം സ്വർണ്ണാക്ഷപൂഗഫലമൗക്തികചൂർണ്ണയുക്തം ഖദിരേണ സാർദ്ധം സൗവർണ്ണപാത്രനിഹിതം താംബൂലം ത്വം വദനാംബു രുഹേ ഗൃഹാണ.

അന്വയാർത്ഥം – അല്ലയോ അംബ! താംബൂലനിർജ്ജിത സുതപ്തസുവർണ്ണവർണ്ണമായി സ്വർണ്ണാക്ഷപൂഗഫലമൗക്തിക ചൂർണ്ണയുക്തമായി ഖദിരത്തോടുകൂടെ സൗവർണ്ണപാത്രത്തിൽ നിഹിതമായിരിക്കുന്ന താംബൂലത്തെ നിന്തിരുവടി വദനാംബുരു ഹത്തിൽ ഗ്രഹിച്ചാലും.

പരിഭാഷ – താംബൂലനിർജ്ജിതസുതപ്തസുവർണ്ണവർണ്ണം – താംബൂലത്താൽ നിർജ്ജിതമായിരിക്കുന്ന സുതപ്തസുവർണ്ണ വർണ്ണത്തോടുകൂടിയത്. താംബൂലം – വെറ്റില. നിർജ്ജിതം തോല്പിക്കപ്പെട്ടത്. സുതപ്തസുവർണ്ണവർണ്ണം സുതപ്ത സുവർണ്ണത്തിന്റെ വർണ്ണം. സുതപ്തം – നല്ലപോലെ ചുട്ടുപഴു പ്പിച്ചത്. സുവർണ്ണം – സ്വർണ്ണം വർണ്ണം. – നിറം. സ്വർണ്ണാക്ഷ പൂഗഫലമൗക്തികചൂർണ്ണയുക്തം സ്വർണ്ണാക്ഷം – കരയാമ്പു. പൂഗഫലം – അടയ്ക്ക. മൗക്തികചൂർണ്ണം – മുത്തുപ്പൊടി. ഖദിരം – കരിങ്ങാലിക്കാതൽ. സാർദ്ധം. – കൂടെ. സൗവർണ്ണ പാത്രനിഹിതം. – സൗവർണ്ണപാത്രത്തിൽ നിധാനംചെയ്യപ്പെട്ടത്. സൗവർണ്ണപാത്രം. – സ്വർണ്ണപാത്രം. നിധാനംചെയ്ക – വയ്ക്കുക. വദനാംബുരുഹം – അംബുരുഹം പോലെ ഇരിക്കുന്ന വദനം. അംബുരുഹം – താമര, വദനം – മുഖം. ഗ്രഹിക്ക – സ്വീകരിക്ക.

ഭാവം – അല്ലയോ അമ്മേ! പഴുപ്പിച്ച തങ്കത്തിന്റെ നിറത്തെ തോല്പിക്കുന്ന നിറത്തിലുള്ള വെറ്റിലകളും കരയാമ്പു, അടയ്ക്ക, മുത്തുപ്പൊടി, കരിങ്ങാലിക്കാതൽ ഇവയുംകൂട്ടി സ്വർണ്ണപ്പാത്ര ത്തിൽ വെച്ചിരിക്കുന്ന താംബൂലത്തെ താമരപ്പൂപോലെ ഇരിക്കുന്ന നിന്തിരുവടിയുടെ മുഖത്തിൽ സ്വീകരിച്ചാലും.

അഥ ബഹുമണിമിശ്രൈർമ്മൗക്തികൈസ്ത്വാം വികീര്യ
ത്രിഭുവനകമനീയൈഃ പൂജയിത്വാ ച വസ്ത്രൈഃ
മിളിതവിവിധയുക്താം ദിവ്യമാണിക്യയുക്താം
ജനനി, കനകവൃഷ്ടിം ദക്ഷിണാന്തേർപ്പയാമി. (38)

വിഭക്തി –
അഥ – അവ്യ.
ബഹുമണിമിശ്രൈഃ – അ. ന. തൃ. ബ.
മൗക്തികൈഃ – അ. ന. തൃ. ബ.
ത്വാം – യുഷ്മ. ദ്വി. ഏ.

വികീര്യ – ല്യബ. അവ്യ.
ത്രിഭുവനകമനീയൈഃ – അ. ന. തൃ. ബ.
പൂജയിത്വാ – ത്വാ. അവ്യ.
ച – അവ്യ.
വസ്ത്രൈഃ – അ. ന. തൃ. ബ.
മിളിതവിവിധയുക്താം – ആ. സ്ത്രീ.. ദ്വി. ഏ.
ജനനി – ഈ. സ്ത്രീ. സംപ്ര ഏ.
കനകവൃഷ്ടിം – ഈ. സ്ത്രീ. ദ്വി. ഏ.
ദക്ഷിണാ – ആ. സ്ത്രീ. പ്ര. ഏ.
അന്തേ – അ. പു. സ. ഏ.
അർപ്പയാമി – ലട്ട്. പ. പ്ര. ഏ.

അന്വയം – ഹേ ജനനി അഥ ത്വാം ബഹുമണിമിശ്രൈഃ മൗക്തികൈഃ വികീര്യ ത്രിഭുവനകമനീയൈഃ വസ്ത്രൈഃ പൂജയിത്വാ ച മിളിതവിവിധയുക്താം ദിവ്യമാണിക്യയുക്താം കനകവൃഷ്ടിം ദക്ഷിണാ അന്തേ അർപ്പയാമി.

അന്വയാർത്ഥം. അല്ലയോ അംബേ, അനന്തരം ഞാൻ ഭവതിയെ ബഹുമണിമിശ്രങ്ങളായിരിക്കുന്ന മൗക്തികങ്ങളെക്കൊണ്ട് വികരണം ചെയ്തിട്ട് ത്രിഭുവനകമനീയങ്ങളായിരിക്കുന്ന വസ്ത്രങ്ങളെക്കൊണ്ട് പൂജിച്ചിട്ട് മിളിത വിവിധയുക്തയായി ദിവ്യമാണിക്യ യുക്തയായിരിക്കുന്ന കനകവൃഷ്ടിയെ ദക്ഷിണയായിട്ട് അന്തത്തിൽ അർപ്പിക്കുന്നു.

പരിഭാഷ – ബഹുമണിമിശ്രങ്ങൾ – വളരെ രത്നങ്ങൾ കലർന്നവ. മൗക്തികങ്ങൾ – മുത്തുകൾ. വികരണം ചെയ്ക – ആരാധിക്ക. ത്രിഭുവനകമനീയങ്ങൾ – ത്രൈലോക്യസുന്ദരങ്ങൾ (അതിമനോ ഹരങ്ങൾ). മിളിതവിവിധയുക്താ – മിളിതമായിരിക്കുന്ന വിവിധ ത്തോടുകൂടിയത്. മിളിതം. – കൂട്ടിക്കലർന്നത്. വിവിധം – പല വിധം. ദിവ്യമാണിക്യയുക്താ – ദിവ്യങ്ങളായിരിക്കുന്ന മാണിക്യ

ങ്ങളോടുകൂടിയത്. കനകവൃഷ്ടി – കനകവർഷം. അന്തം – അവസാനം. അർപ്പിക്ക – സമർപ്പിക്ക.

ഭാവം – അല്ലയോ അംബ! അനന്തരം ഞാൻ അനേകരത്നങ്ങൾ കലർന്ന മുത്തുകളെക്കൊണ്ടു നിന്തിരുവടിയെ ആരാധിച്ച് ത്രൈലോക്യസുന്ദരങ്ങളായ വസ്ത്രങ്ങളെക്കൊണ്ടു പൂജിച്ച മാണിക്യാദി രത്നങ്ങൾ ചേർന്ന കനകവർഷത്തെ നിന്തിരുവടിക്കു ദക്ഷിണയായി സമർപ്പിക്കുന്നു.

മാതഃ കാഞ്ചനദണ്ഡമണ്ഡിതമിദം
പൂർണ്ണേന്ദുബിംബപ്രഭം
നാനാരത്നവിശോഭിഹേമകലശം.
ലോകത്രയാഹ്ലാദകം
ഭാസ്വൻമൗക്തികമാലികാപരിവൃതം
പ്രീത്യാത്മഹസ്തേ ധൃതം
ഛത്രം തേ പരികല്പയാമി ശിരസഃ
ത്വഷ്ട്രാ സ്വയം നിർമ്മിതം. (39)

വിഭക്തി –
മാതഃ. ഋ. സ്ത്രീ. സംപ്ര. ഏ.
കാഞ്ചനദണ്ഡമണ്ഡിതം. അ. ന. ദ്വി. ഏ.
ഇദം. ശ. ന. ദ്വി. ഏ.
പൂർണ്ണേന്ദുബിംബപ്രഭം. അ. ന. ദ്വി. ഏ.
നാനാരത്നവിശോഭിഹേമകലശം. അ. ന. ദ്വി. ഏ.
പ്രീത്യാ. ഈ. സ്ത്രീ. തൃ. ഏ.
ആത്മഹസ്തേ. അ. പു. സ. ഏ.
ധൃതം – അ. ന. ദ്വി. ഏ.
കല്പയാമി. ലട്ട്. പ. ഉ. പു. ഏ.
ശിരസഃ. സ. ന ഷ. ഏ.
ത്വഷ്ട്രാ. ഋ. പു. തൃ. ഏ.
സ്വയം. അവ്യ.

നിർമ്മിതം. അ. ന. ദ്വി. ഏ.

അന്വയം – ഹേ മാതഃ കാഞ്ചനദണ്ഡമണ്ഡിതം പൂർണ്ണേന്ദു ബിംബപ്രഭം നാനാരത്നവിശോഭിഹേമകലശം ലോകത്രയാഹ്ലാ ദകം ഭാസ്വൻമൗക്തികമാലികാപരിവൃതം ത്വഷ്ട്രാ സ്വയം നിർമ്മിതം ഇദം ഛത്രം പ്രീത്യാ ആത്മഹസ്തേ ധൃതം തേ ശിരസഃ പരികല്പയാമി.

അന്വയാർത്ഥം – അല്ലയോ മാതാവേ! കാഞ്ചനദണ്ഡമണ്ഡിത മായി പൂർണ്ണേന്ദുബിംബപ്രഭമായി നാനാരത്നവിശോഭിഹേമ കലശമായി ലോകത്രയാഹ്ലാദകമായി ഭാസ്വൻമൗക്തികമാലികാ പരിവൃതമായി ത്വഷ്ടാവിനാൽത്തന്നെ നിർമ്മിതമായിരിക്കുന്ന ഈ ഛത്രത്തെ ആത്മഹസ്തത്തിൽ ധൃതമായിട്ട് ഞാൻ ഭവതി യുടെ ശിരസ്സിനു പരികല്പിക്കുന്നു.

പരിഭാഷ – കാഞ്ചനദണ്ഡമണ്ഡിതം – കാഞ്ചനദണ്ഡത്താൽ മണ്ഡിതം. കാഞ്ചനദണ്ഡം – സ്വർണ്ണദണ്ഡം. മണ്ഡിതം – അലങ്കരിക്കപ്പെട്ടത്. പൂർണ്ണേന്ദുബിംബപ്രഭം – പൂർണ്ണേന്ദു ബിംബത്തിന്റെ പ്രഭപോലുള്ള പ്രഭപോലുള്ള പ്രഭയോടു കൂടിയത്. പൂർണ്ണേന്ദുബിംബം.. – പൂർണ്ണ ചന്ദ്രബിംബം. പ്രഭ – ശോഭ. നാനാരത്നവിശോഭിഹേമകലശം – നാനാരത്നവിശോഭി യായിരിക്കുന്ന ഹേമകലശത്തോടുകൂടിയത്. നാനാരത്നവിശോഭി – നാനാ രത്നങ്ങളെക്കൊണ്ട് ഏറ്റവും ശോഭിക്കുന്നത്. ഹേമ കലശം. – സ്വർണ്ണക്കുടം. ലോകത്രയാഹ്ലാദകം – ലോകത്രയ ത്തെ ആഹ്ളാദിപ്പിക്കുന്നത്. ലോകത്രയം – മൂന്നു ലോകം. ഭാസ്വന്മൗക്തികമാലികാപരിവൃതം – ഭാസ്വത്തുകളായിരിക്കുന്ന മൗക്തികമാലികകളാൽ പരിവൃതം. ഭാസ്വത്തുകൾ – ശോഭിക്കു ന്നവ. മൗക്തികമാലികകൾ – മുത്തുമാലകൾ പരിവൃതം – പുറ്റും ചാർത്തപ്പെട്ടത്. ത്വഷ്ടാവ് – വിശ്വകർമ്മാവ്. ഛത്രം – കുട. പ്രീതി – സന്തോഷം. ആത്മഹസ്തം – എന്റെ കൈ ധൃതം – പിടിക്ക പ്പെട്ടത്.

ഭാവം – അല്ലയോ അംബേ! സ്വർണ്ണക്കാൽകൊണ്ട് അലങ്കരിക്കപ്പെട്ട് പൂർണ്ണചന്ദ്രനെപ്പോലെ ശോഭിക്കുന്നതും അനേകവിധരത്നങ്ങൾ പതിച്ചിരിക്കുന്ന സ്വർണ്ണത്താഴികക്കുടങ്ങളോടുകുടിയതും മൂന്നു ലോകത്തേയും ആഹ്ലാദിപ്പിക്കുന്നതും നാലുഭാഗത്തും ശോഭിക്കുന്ന മുത്തുമാലകളോടുകൂടിയതും. വിശ്വകർമ്മാവിനാൽത്തന്നെ നിർമ്മിക്കപ്പെട്ടതുമായ കുടയെ ഞാൻ വഹിച്ചു സന്തോഷത്തോടുകൂടി ഭവതിയുടെ ശിരസ്സിനായി സമർപ്പിക്കുന്നു.

ശരദിന്ദുമരീചിഗൗരവർണ്ണൈർ–
മ്മണിമുക്താവിലസത്സുവർണ്ണദണ്ഡൈഃ
ജഗദംബ! വിചിത്രചാമരൈസ്ത്വാ–
മഹമാനന്ദഭരേണ വീജയാമി (40)

വിഭക്തി –
ശരദിന്ദുമരീചിഗൗരവർണ്ണൈഃ – അ. ന. തൃ. ബ.
മണിമുക്താവിലസത്സുവർണ്ണദണ്ഡൈഃ – അ. ന. തൃ. ബ.
ജഗദംബ – ആ സ്ത്രീ. സം പ്ര. ഏ.
വിചിത്രചാമരൈഃ – അ. ന. തൃ. ബ.
ത്വാം – യുഷ്മ. ദ്വി ഏ.
അഹം – അസ്മ. പ്ര. ഏ.
ആനന്ദഭരേണ – അ. പു. തൃ. ഏ.
വീജയാമി –ലട്ട്. പ. ഉ. ഏ.

അന്വയം – ഹേ ജഗദംബ! ശരദിന്ദുമരീചിഗൗരവർണ്ണൈഃ മണിമുക്താവിലസത്സുവർണ്ണദണ്ഡൈഃ വിചിത്രചാമരൈഃ ആനന്ദഭരേണ അഹം ത്വാം വീജയാമി.

അന്വയാർത്ഥം – അല്ലയോ ജഗദംബേ! ശരദിന്ദുമരീചിഗൗരവർണ്ണങ്ങളായി മണിമുക്താവിലസത്സുവർണ്ണദണ്ഡങ്ങളായിരി

ക്കുന്ന വിചിത്രചാമരങ്ങളെക്കൊണ്ട് ആനന്ദഭരത്തോടുകൂടി, ഞാൻ നിന്തിരുവടിയെ വീശുന്നു.

പരിഭാഷ – ജഗദംബ – ലോകമാതാവ്. ശരദിന്ദുമരീചിഗൗര വർണ്ണങ്ങൾ – ശരദിന്ദുമരീചികൾപോലെ ഗൗരവർണ്ണമായിരി ക്കുന്ന വർണ്ണത്തോടുകൂടിയവ. ശരദിന്ദുമരീചികൾ – ശരൽ ക്കാലത്തിലെ ചന്ദ്രന്റെ രശ്മികൾ. ഗൗരവർണ്ണങ്ങൾ – വെള്ള നിറങ്ങൾ. മണിമുക്താവിലസത്തുവർണ്ണദണ്ഡങ്ങൾ – മണിമുക്ത ങ്ങളെക്കൊണ്ട് ശോഭിക്കുന്ന സുവർണ്ണ ദണ്ഡങ്ങളോടു കൂടിയവ. മണിമുക്തങ്ങൾ – രത്നങ്ങളും മുത്തുകളും, സുവർണ്ണദണ്ഡങ്ങൾ – സ്വർണ്ണപ്പിടികൾ. വിചിത്രചാമരങ്ങൾ. വിചിത്രങ്ങളായിരി ക്കുന്ന ചാമരങ്ങൾ. വിചിത്രങ്ങൾ – മനോഹരങ്ങൾ. ആനന്ദഭരം – അത്യാനന്ദം.

ഭാവം – അല്ലയോ ലോകജനനീ! ശരച്ചന്ദ്രരശ്മികൾപോലെ വെളുത്തിരിക്കുന്നവയും മുത്തുകളും രത്നങ്ങളും പതിച്ചിരിക്കുന്ന സ്വർണ്ണപ്പിടികളുള്ളവയും ഏറ്റവും മനോഹരങ്ങളുമായ വെൺ ചാമരങ്ങളെക്കൊണ്ടു ഞാൻ പരമാനന്ദത്തോടുകൂടി നിന്തിരുവടി യെ വീശുന്നു.

മാർത്താണ്ഡമണ്ഡലനിഭോ ജഗദംബ! യോയം
ഭക്ത്യാ മയാ മണിമയോ മുകുരോഽർപ്പിതസ്തേ
പൂർണ്ണേന്ദുബിംബരുചിരം വദനം സ്വകീയ–
മസ്മിൻ വിലോകയ വിലോലവിലോചനേ! ത്വം (41)

വിഭക്തി –
മാർത്താണ്ഡമണ്ഡലനിഭഃ – അ. പു. പ്ര. ഏ.
ജഗദംബ – അ. സ്ത്രീ. സംപ്ര. ഏ.
യഃ – യച്ഛ. പു. പ്ര. ഏ.
അയം – ഇദം. ശ. മ. പു. പ്ര ഏ.
ഭക്ത്യാ – ഇ. സ്ത്രീ. തൃ. ഏ.

മയാ – അസ്മ തൃ. ഏ.
മണിമയഃ – അ. പു. പ്ര. ഏ.
മുകുരഃ – അ. പു. പ്ര. ഏ.
അർപ്പിതഃ – അ. പു. പ്ര. ഏ.
തേ – യുഷ്മ. ച. ഏ.
പൂർണ്ണേന്ദുബിംബരുചിരം – അ. ന. ദ്വി. ഏ.
വദനം – അ. ന. പ്ര ഏ.
സ്വകീയം – അ. ന. പ്ര. ഏ.
അസ്മിൻ – ഇദം. മ. പു. സ ഏ.
വിലോകയ – ലോട്ട്. പ. മ ഏ.
വിലോലവിലോചനേ – ഏ. സ്ത്രീ. സംപ്ര. ഏ.
ത്വം – യുഷ്മ. ദ. പ്ര. ഏ.

അന്വയം – ഹേ ജഗദംബ! മാർത്താണ്ഡമണ്ഡലനിഭഃ മണിമയഃ യഃ അയം മുകുരഃ മയാ ഭക്ത്യാ തേ അർപ്പിതഃ ഹേ വിലോലവിലോചനേ! ത്വം പൂർണ്ണേന്ദുബിംബരുചിരം സ്വകീയം വദനം അസ്മിൻ വിലോകയ.

അന്വയാർത്ഥം – അല്ലയോ ജഗദംബ! മാർത്താണ്ഡമണ്ഡല നിഭനായി മണിമയമായിരിക്കുന്ന യാതൊരു ഈ മുകുരം എന്നാൽ ഭക്തിയോടുകൂടി ഭവതിക്കായിക്കൊണ്ട് അർപ്പിതമായി. അല്ലയോ വിലോലവിലോചനേ! നിന്തിരുവടി പൂർണ്ണേന്ദു ബിംബരുചിരമായി സ്വകീയമായിരിക്കുന്ന വദനത്തെ ഇതിൽ വിലോകനം ചെയ്താലും.

പരിഭാഷ – മാർത്താണ്ഡമണ്ഡലനിഭം – മാർത്താണ്ഡ മണ്ഡലതുല്യം. മാർത്താണ്ഡമണ്ഡലം – സൂര്യബിംബം. മണിമയം – രത്നംകൊണ്ടുണ്ടാക്കിയിട്ടുള്ളത്. മുകുരം – കണ്ണാടി. അർപ്പിതം – അർപ്പിക്കപ്പെട്ടത്. അർപ്പിക്ക – വെയ്ക്കുക. വിലോലവിലോചനാ – വിലോലങ്ങളായിരിക്കുന്ന വിലോചന ങ്ങളോടുകൂടിയവൾ. വിലോലങ്ങൾ – ഇളകിക്കൊണ്ടിരിക്കുന്നവ.

വിലോചനങ്ങൾ – കണ്ണുകൾ. പൂർണ്ണേന്ദുബിംബരുചിരം പൂർണ്ണേന്ദുബിംബംപോലെ രുചിരം. പൂർണ്ണേന്ദുബിംബം – പൂർണ്ണചന്ദ്രബിംബം. രുചിരം – മനോഹരം. സ്വകീയം – തന്റേത്. വദനം – മുഖം. വിലോകനം ചെയ്ക – നോക്കുക.

ഭാവം – അല്ലയോ ലോകമാതാവേ! സൂര്യബിംബംപോലെ പ്രകാശിക്കുന്നതും രത്നങ്ങളാൽ ഉണ്ടാക്കപ്പെട്ടതുമായ ഈ കണ്ണാടി ഞാൻ ഭക്തിയോടുകൂടി നിന്തിരുവടിക്കായി സമർപ്പിക്കുന്നു. ഇളകിക്കൊണ്ടിരിക്കുന്ന കണ്ണോടുകൂടിയ ഹേ ദേവി! പൂർണ്ണചന്ദ്രനെപ്പോലെ മനോഹരമായ നിന്തിരുവടിയുടെ മുഖത്തെ ഈ കണ്ണാടിയിൽ നോക്കേണമേ!

ഇന്ദ്രാദയോ നതിശതൈർമ്മകുടപ്രദീപൈർ–
ന്നീരാജയന്തി സതതം തവ പാദപീഠം
തസ്മാദഹം തവ സമസ്തശരീരമേത –
ന്നീരാജയാമി ജഗദംബ! സഹസ്രദീപൈഃ (42)

വിഭക്തി

ഇന്ദ്രാദയഃ – ഇ. പു. പ്ര. ബ
നതിശതൈഃ – അ. പു. തൃ. ബ.
മകുടപ്രദീപൈഃ – അ. പു. തൃ. ബ.
നീരാജയന്തി – ലട്ട്. പ. പ്ര. പു. ബ.
സതതം – അവ്യ.
തവ – യുഷ്മ. ഷ ഏ.
പാദപീഠം – അ. ന. ദ്വി. ഏ.
തസ്മാൽ – തച്ഛ. ദ. ന. പ. ഏ.
അഹം – അസ്മ. ദ. പ്ര. ഏ.
തവ – യുഷ്മ. ദ. ശ. ഏ.
സമസ്തശരീരം – അ. ന. ദ്വി ഏ.
ഏതൽ – ഏത. ദ. ന. ദ്വി ഏ.
നീരാജയാമി – ലട്ട്. പ. ഉത്ത. ഏ.

ജഗദംബ – സ്ത്രീ. സംപ്ര. ഏ.
സഹസ്രദീപൈഃ – അ. പു. തൃ. ബ.

അന്വയം – ഹേ ജഗദംബ! ഇന്ദ്രാദയഃ നതിശതൈഃ മകുടപ്രദീപൈഃ തവ പാദപീഠം സതതം നീരാജയന്തി. തസ്മാൽ അഹം തവ ഏതൽ സമസ്തശരീരം സഹസ്രദീപൈഃ നീരാജയാമി.

അന്വയാർത്ഥം – അല്ലയോ ജഗദംബേ! ഇന്ദ്രാദികൾ നതിശതങ്ങളായിരിക്കുന്ന മകുടപ്രദീപങ്ങളെക്കൊണ്ട് എല്ലയ്പ്പോഴും നിന്തിരുവടിയുടെ പാദപീഠത്തെ നീരാജനംചെയ്യുന്നു. അതു ഹേതുവായിട്ട് ഞാൻ ഭവതിയുടെ ഈ സമസ്തശരീരത്തെ സഹസ്രദീപങ്ങളെക്കൊണ്ട് നീരാജനംചെയ്യുന്നു.

പരിഭാഷ – ഇന്ദ്രാദികൾ – ഇന്ദ്രൻ തുടങ്ങിയുള്ളവർ. നതിശതങ്ങൾ – നുറു നമസ്ക്കാരങ്ങൾ, മകുടപ്രദീപങ്ങൾ മകുടങ്ങളാകുന്ന പ്രദീപങ്ങൾ. മകുടങ്ങൾ – കിരീടങ്ങൾ. പ്രദീപങ്ങൾ – വിളക്കുകൾ. പാദപീഠം – പാദം വെച്ചിരിക്കുന്ന പീഠം. നീരാജനം ചെയ്ക – ഉഴിയുക. സമസ്തശരീരം – എല്ലാ ശരീരം. സഹസദീപങ്ങൾ – ആയിരം വിളക്കുകൾ. നീരാജനം ചെയ്ക – ഉഴിയുക.

ഭാവം – അല്ലയോ ലോകമാതാവേ! ഇന്ദ്രൻ തുടങ്ങിയുള്ള ദേവന്മാർ അനേകം നമസ്കാരങ്ങളോടുകൂടിയ കിരീടരത്നപ്രഭകളാകുന്ന വിളക്കുകളെക്കൊണ്ട് നിന്തിരുവടിയുടെ പാദം വെച്ചിട്ടുള്ള പീഠത്തെ ഉഴിയുന്നു. അല്ലയോ ദേവി! ഭവതിയുടെ എല്ലാ ശരീരത്തിലും (അംഗങ്ങളിലും) ആയിരം ദീപങ്ങൾ കൊണ്ട് ഞാൻ നീരാജനം ചെയ്യുന്നു.

പ്രിയഗതിരതിതുംഗോ രത്നകല്യാണയുക്തഃ
കനകമയവിഭൂഷസ്സ്നിഗ്ദ്ധഗംഭീരഘോഷഃ

ഭഗവതി! കലിതോയം വാഹനാർത്ഥം മയാ തേ
തുരഗശതസമേതാ വായുവേഗസ്തുരംഗഃ (43)

വിഭക്തി –
പ്രിയഗതിഃ – ഇ. പൂ. പ്ര. ഏ.
അതിതുംഗഃ – അ. പൂ. പ്ര. ഏ.
രത്നകല്യാണയുക്തഃ – അ. പൂ. പ്ര. ഏ.
കനകമയവിഭൂഷസ്സിദ്ധഗംഭീരഘോഷഃ – അ. പൂ. പ്ര. ഏ.
ഭഗവതി – ഈ. സ്ത്രീ. സംപ്ര. ഏ.
കലിതഃ – അ. പൂ. പ്ര. ഏ.
അയം – ഇദം. മ. പു. പ്ര. ഏ.
വാഹനാർത്ഥം – അവ്യയം.
മയാ – അസ്മ. തൃ. ഏ.
തേ – യുഷ്മ. ഷ ഏ.
തുരഗശതസമേതഃ – അ. പു. പ്ര. ഏ.
വായുവേഗഃ – അ. പു. പ്ര. ഏ.
തുരംഗഃ – അ. പു. പ്ര. ഏ.

അന്വയം – ഹേ ഭഗവതി! പ്രിയഗതിഃ അതിതുംഗഃ രത്നകല്യാണയുക്തഃ കനകമയവിഭൂഷസ്സിദ്ധഗംഭീരഘോഷഃ തുരഗശതസമേതഃ വായുവേഗഃ അയം തുരംഗഃ മയാ തേ വാഹനാർത്ഥം കലിതഃ.

അന്വയാർത്ഥം – അല്ലയോ ഭവതി പ്രിയഗതിയായി അതിതുംഗമായി രത്നകല്യാണയുക്തമായി കനകമയവിഭൂഷസ്സിദ്ധഗംഭീരഘോഷമായി തുരഗശതസമേതമായി വായുവേഗമായിരിക്കുന്ന ഈ തുരംഗം എന്നാൽ ഭവതിയുടെ വാഹനത്തിനായിക്കൊണ്ട് കൽപിതമായി.

പരിഭാഷ – പ്രിയഗതി – പ്രിയം പോലെയുള്ള ഗതിയോടുകൂടിയത്. പ്രിയം – ഇഷ്ടം. ഗതി – വേഗം. അതിതുംഗം –

ഏറ്റവും പൊക്കമുള്ളത്. രത്നകല്യാണയുക്തം – രത്നകല്യാണ ങ്ങളോടുകൂടിയത്. രത്ന കല്യാണങ്ങൾ – മംഗളരത്നങ്ങൾ കനകമയ വിഭുഷസ്നിഗ്ദ്ധ ഗംഭീരഘോഷം – കനകമയവിഭൂഷ മായും സ്നിഗ്ദ്ധഗംഭീരഘോഷമായും ഇരിക്കുന്നത്. കനകമയ വിഭുഷം – കനകമയം കൊണ്ട് വിഭുഷിച്ചത്. കനകമയം – സ്വർണ്ണാഭരണം. വിഭുഷിക്ക – അലങ്കരിക്ക. സ്നിഗ്ദ്ധഗംഭീര ഘോഷം – സ്നിഗ്ദ്ധമായും ഗംഭീരമായും ഇരിക്കുന്ന ഘോഷ ത്തോടുകൂടിയത്. സ്നിഗദ്ധം – മനോഹരം. ഘോഷം – ശബ്ദം. തുരഗശതസമേതം – നൂറ് കുതിരകളോടുകൂടിയത്. വായുവേഗം – കാറ്റുപോലെ വേഗമുള്ളത്. തുരംഗം – കുതിര. കലിതം – കൽപിക്കപ്പെട്ടത്.

ഭാവം – അല്ലയോ ഭഗവതി, അവിടുത്തെ ഇഷ്ടംപോലെ പോകു ന്നതും അൽപം പൊക്കമുള്ളതും രത്നങ്ങളാൽ അലങ്കരിക്ക പ്പെട്ടതും അൽപം പൊക്കമുള്ളതും രത്നങ്ങളാൽ അലങ്കരിക്ക പ്പെട്ടതും സ്വർണ്ണാഭരണങ്ങൾ അണിഞ്ഞു മനോഹര ഗംഭീര ശബ്ദം പുറപ്പെടുവിക്കുന്നതും നൂറ് കുതിരകൾ അനുഗമിക്കു ന്നതും വായുവേഗമുള്ളതുമായ ഈ കുതിരയെ ഞാൻ അവിടു ത്തേയ്ക്ക് തരുന്നു.

മധുകരവൃതകുംഭന്യസ്തസിന്ദൂരരേണുഃ
കനകകലിതഘണ്ടാകിങ്കിണീശോഭികണ്ഠഃ
ശ്രവണയുഗളചഞ്ചച്ചാമരോ മേഘതുല്യോ
ജനനി! തവ മുദേ സ്യാന്മത്തമാതംഗ ഏഷഃ (44)

വിഭക്തി –
മധുകരവൃതകുംഭന്യസ്തസിന്ദൂരരേണുഃ – ഉ. പു. പ്ര. ഏ.
കനകലിത ഘണ്ടാകിങ്കിണീ ശോഭികണ്ഠഃ – അ. പു. പ്ര. ഏ
ശ്രവണയുഗളചഞ്ചച്ചാമരഃ – അ. പു. പ്ര. ഏ.
മേഘതുല്യഃ – അ. പു. പ്ര. ഏ.
ജനനി – ഈ. സ്ത്രീ. സംപ്ര. ഏ.

തവ – യുഷ്മ. ഷ. ഏ.
മുദേ – ദ. സ്ത്രീ. ച. ഏ.
സ്യാൽ – ലിങ്. പ. പ്ര. ഏ.
മത്തമാതംഗഃ – അ. പു. പ്ര. ഏ.
ഏഷഃ – ഏത. പു. പ്ര. ഏ.

അന്വയം ജനനി! മധുകരവൃതകുംഭന്യസ്ത സിന്ദൂരരേണുഃ കനകകലിതഘണ്ടാകിങ്കിണീ ശോഭികണ്ഠഃ ശ്രവണയുഗള ചഞ്ചച്ചാമരഃ മേഘതുല്യ ഏഷഃ മത്തമാതംഗഃ തവ മുദേ സ്യാൽ.

അന്വയാർത്ഥം – ഹേ ജനനി! മധുകരവൃതകുംഭന്യസ്ത സിന്ദൂര രേണുവായി കനകലിത ഘണ്ടാകിങ്കിണീശോഭികണ്ഠമായി ശ്രവണയുഗളചഞ്ചച്ചാമരമായി മേഘതുല്യമായിരിക്കുന്ന ഈ മത്തമാതംഗം നിന്തിരുവടിയുടെ മുത്തിനായി ഭവിക്കട്ടെ.

പരിഭാഷ – മധുകരവൃതകുംബന്യസ്തസിന്ദൂര രേണു– മധുകരവൃതമായിരിക്കുന്ന കുംഭത്തിൽ ന്യസ്തമായിരിക്കുന്ന സിന്ദൂര രേണുവോടുകൂടിയത്. മധുകരവൃതം – വണ്ടിനാൽ ചുറ്റപ്പെട്ടത്. കുംഭം – മസ്തകപ്രദേശം ന്യസ്തം – വെയ്ക്കപ്പെട്ടത്. സിന്ദൂരരേണു – സിന്ദൂരപ്പൊടി. കനകകലിത ഘണ്ടാകിങ്കിണീ ശോഭികണ്ഠം – കനകത്താൽ ഉണ്ടാക്കപ്പെട്ട ഘണ്ടകളോടും കിങ്കിണികളോടും കൂടി ശോഭിക്കുന്ന കണ്ഠത്തോടുകൂടിയത്. ഘണ്ടകൾ – മണികൾ. കണ്ഠം – കഴുത്ത്. ശ്രവണയുഗള ചഞ്ചച്ചാമരം – ശ്രവണയുഗള ചഞ്ചത്തുകളാകുന്ന ചാമരങ്ങ ളോടുകൂടിയത്. ശ്രവണയുഗളചഞ്ചത്തുകൾ – ശ്രവണയുഗളം കൊണ്ടുള്ള ആട്ടങ്ങൾ (ഇളക്കങ്ങൾ) ചാമരങ്ങൾ – വെൺ ചാമരങ്ങൾ. മേഘതുല്യം – മേഘംപോലെയുള്ളത്. മത്ത മാതംഗം – മദിച്ച ആന. മുത്ത് – സന്തോഷം.

ഭാവം – അല്ലയോ അമ്മേ! വണ്ടുകൾ ചുറ്റിക്കൊണ്ടിരിക്കുന്ന മസ്തകത്തിൽ സിന്ദൂരപ്പൊടി ചാർത്തിയിട്ടുള്ളതും സ്വർണ്ണമണി കളെക്കൊണ്ടും കിങ്ങിണികളെക്കൊണ്ടും ശോഭിക്കുന്ന

കഴുത്തോടുകൂടിയതും വെൺചാമരങ്ങൾപോലെ ആട്ടിക്കൊണ്ടിരിക്കുന്ന ചെവികളോടുകൂടിയതും മേഘംപോലെ ഇരിക്കുന്നതുമായ ഈ മത്തഗജം ഭവതിയുടെ സന്തോഷത്തിനായി ഭവിക്കട്ടെ.

ദ്രുതതരതുരഗൈർവ്വിരാജമാനം
മണിമയചക്രചതുഷ്ടയേന യുക്തം
കനകമയമമും വിതാനവന്തം
ഭഗവതി! തേ ഹി രഥം സമർപ്പയാമി. (45)

വിഭക്തി –
ദ്രുതതരതുരഗൈഃ – അ. പു. തൃ. ബ.
വിരാജമാനം – അ. പു. ദ്വി. ഏ.
മണിമയചക്രചതുഷ്ടയേന – അ. പു. തൃ. ഏ.
യുക്തം – അ. പു. ദ്വി. ഏ.
കനകമയം – അ. പു. ദ്വി. ഏ.
അമും – അദ. സ. പു. ദ്വി. ഏ.
വിതാനവന്തം – ത. പു. ദ്വി. ഏ
ഭഗവതി – ഈ. സ്ത്രീ. സംപ്ര. ഏ.
തേ – യുഷ്മ. ച. ഏ.
ഹി – അവ്യ.
രഥം – അ. പു. ദ്വി. ഏ.
സമർപ്പയാമി – ലട്ട്. പ. ഉ ഏ.

അന്വയം – ഹേ ഭഗവതി ദ്രുതതരതുരഗൈഃ വിരാജമാനം മണിമയചക്രചതുഷ്ടയേന യുക്തം കനകമയം വിതാനവന്തം അമും രഥം തേ ഹി സമർപ്പയാമി.

അന്വയാർത്ഥം – ദ്രുതതരതുരഗങ്ങളെക്കൊണ്ട് വിരാജമാനമായി മണിമയചക്രചതുഷ്ടയത്തോടുകൂടിയതായി കനകമയമായി വിതാനവത്തായിരിക്കുന്ന ഈ രഥത്തെ നിന്തിരുവടിക്കായി സമർപ്പിക്കുന്നു.

പരിഭാഷ: ദ്രുതതരതുരഗങ്ങൾ – ഏറ്റവും വേഗമുള്ള കുതിരകൾ. വിരാജമാനം – ശോഭിക്കുന്നത്. മണിമയചക്രചതുഷ്ടയം – രത്നമയങ്ങളായിരിക്കുന്ന നാല് ചക്രങ്ങൾ. വിതാനവത്ത് – വിതാനത്തോടുകൂടിയത്. വിതാനം – മേൽക്കട്ടി. രഥം – തേര്.

ഭാവം – അല്ലയോ ഭഗവതി! ഏറ്റവും വേഗമുള്ള കുതിരകളെക്കൊണ്ട് ശോഭിക്കുന്നതും രത്നമയമായ നാല് ചക്രങ്ങളെക്കൊണ്ട് ശോഭിക്കുന്നതും രത്നമയമായ നാല് ചക്രങ്ങളുള്ളതും സ്വർണ്ണമയവും മേൽക്കട്ടിയോടുകൂടിയതുമായ ഈ തേരിനെ ഞാൻ നിന്തിരുവടിക്കായി സമർപ്പിക്കുന്നു.

ഹയഗജരഥപത്തിശോഭമാനം
ദിശി,ദിശി, ദുന്ദുഭിമേഘനാദയുക്തം
അതിബഹുലതരംഗസൈന്യമേതൽ
ഭഗവതി ഭക്തിഭരേണ തേർപ്പയാമി. (46)

വിഭക്തി –
ഹയഗജരഥപത്തിശോഭമാനം – അ. ന. ദ്വി. ഏ.
ദിശി ദിശി – ശ. സ്ത്രീ. സ. ഏ.
ദുന്ദുഭിമേഘനാദയുക്തം – അ. ന. ദ്വി. ഏ.
അതിബഹുലതരംഗസൈന്യം – അ. ന. തൃ. ഏ.
ഏതൽ – ഏതച്ഛ. ന. ദ്വി. ഏ
ഭഗവതി – ഈ. സ്ത്രീ. സംപ്ര. ഏ.
ഭക്തിഭരേണ – അ. പു. തൃ. ഏ.
തേ – യുഷ്മ. ച. ഏ.
അർപ്പയാമി – ലട്ട്. പ. ഉ. ഏ.

അന്വയം – ഹേ ഭഗവതി! ഹയഗരഥപത്തിശോഭമാനം ദിശിദിശി ദുന്ദുഭിമേഘനാദയുക്തം ഏതൽ അതിബഹുലതരംഗസൈന്യം ഭക്തിഭരേണ തേ അർപ്പയാമി.

അന്വയാർത്ഥം – അല്ലയോ ഭഗവതി! ഹയഗജരഥപത്തിശോഭ മാനമായി ദിക്കുതോറും ദുന്ദുഭിമേഘനാദത്തോടുകൂടിയതായിരിക്കുന്ന ഈ അതിബഹുലതരംഗസൈന്യത്തെ ഭക്തിഭരത്തോടു കൂടി നിന്തിരുവടിക്കായിക്കൊണ്ടു ഞാൻ സമർപ്പിക്കുന്നു.

പരിഭാഷ – ഹയഗജരഥപത്തിശോഭമാനം – ഹയം, ഗജം, രഥം. പത്തി ഇവകളാൽ ശോഭിക്കുന്നത്. ഹയം – കുതിര. ഗജം – ആന. രഥം – തേര്. പത്തി – കാലാള്. ദുന്ദുഭിമേഘനാങ്ങൾ – മേഘനാദംപോലെയുള്ള ദുന്ദുഭിശബ്ദങ്ങൾ. മേഘനാദം – ഇടി. ദുന്ദുഭി – പെരുമ്പറ. അതിബഹുലതരംഗസൈന്യം – അതി ബഹുലതരംഗങ്ങൾപോലെയുള്ള സൈന്യങ്ങൾ. അതിബഹുല തരംഗങ്ങൾ – ഏറ്റവും വളരെ തിരമാലകൾ.

ഭാവം – അല്ലയോ ഭഗവതി! കുതിര, ആന, തേര്, കാലാൾ ഇവയെക്കൊണ്ടു ശോഭിച്ചിരിക്കുന്നതും ജയഭേരികൊണ്ട് അഖില ദിക്കുകളും മുഴക്കുന്നതും തിങ്ങിത്തള്ളി വരുന്ന തിരമാലകൾ പോലെയുള്ളവയുമായ ഈ സൈന്യങ്ങളെ ഞാൻ ഭക്തിഭര ത്തോടുകൂടി നിന്തുരുവടിക്കു സമർപ്പിക്കുന്നു.

പരിഘീകൃതസപ്തസാഗരം
ബഹുസമ്പത്സഹിതം മയാംബ! തേ
പ്രബലം ധരണീതലാഭിധം
ദൃഢദുർഗ്ഗം നിഖിലം സമർപ്പയാമി (47)

വിഭക്തി –
പരിഘീകൃതസപ്തസാഗരം – അ. ന. ദ്വി. ഏ.
ബഹുസമ്പത്സഹിതം – അ. ന. ദ്വി. ഏ.
മയാ – അസ്മ. തൃ ഏ.
അംബ – ആ. സ്ത്രീ. സംപ്ര. ഏ.
തേ – യുഷ്മ. ച. ഏ.
പ്രബലം – അ. ന. ദ്വി. ഏ.

ധരണീതലാഭിധം – അ. ന. ദ്വി. ഏ.
ദൃഢദുർഗ്ഗം – അ. ന. ദ്വി. ഏ.
നിഖിലം – അ. ന. ദ്വി. ഏ.
സമർപയാമി – ലട്ട്. പ. ഉ. ഏ.

അന്വയം. ഹേ അംബ! പരിഘീകൃത സപ്തസാഗരം ബഹു സമ്പത്സഹിതം പ്രബലം ധരണീതലാഭിധം നിഖിലം ദൃഢദുർഗ്ഗം മയാതേ സമർപ്പയാമി.

അന്വയാർത്ഥം – അല്ലയോ! അംബേ! പരിഘീകൃതസപ്തസാഗര മായി ബഹുസമ്പത്സഹിതമായി പ്രബലമായി ധരണീതലാഭിധ മായിരിക്കുന്ന എല്ലാ ദൃഢദുർഗ്ഗത്തെയും ഭവതിക്കായി സമർപ്പി ക്കുന്നു.

പരിഭാഷ – പരിഘീകൃത സപ്തസാഗരം – പരിഘീകൃതമായിരി ക്കുന്ന. സപ്തസാഗരത്തോടുകൂടിയത്. പരിഘീകൃതം – പരിഘ മാക്കിച്ചെയ്യപ്പെട്ടത്. പരിഘം – കിടങ്ങ്. സപ്തസാഗരം – ഏഴ് സമുദ്രം. ബഹുസമ്പത്സഹിതം – ബഹുസമ്പത്തോടുകൂടിയത്. ബഹുസമ്പത്ത് – വളരെ ധനം. പ്രബലം – ഉറപ്പുള്ളത്. ധരണീ തലാഭിധം – ധരണീതലമെന്ന അഭിധയോടുകൂടിയത്. ധരണീ തലം – ഭൂമി. അഭിധം – പേര്. ദൃഢദുർഗ്ഗം – ഉറപ്പുള്ള കോട്ട.

ഭാവം – അല്ലയോ അമ്മേ! കിടങ്ങുകളാക്കിത്തീർത്തിട്ടുള്ള ഏഴുസമുദ്രങ്ങളോടുകൂടിയതും വളരെ സമ്പത്തുള്ളതും ഏറ്റവും ബലമുള്ളതുമായ ഭൂലോകമെന്നു പറയുന്ന ഉറപ്പുള്ള കോട്ടയെ മുഴുവനും നിന്തിരുവടിക്കായി സമർപ്പിക്കുന്നു.

ഭ്രമവിലുളിതലോലകുന്തളാഗ്രാ
വിഗളിതമാല്യവികീർണ്ണരംഗഭൂമി
ഇയമതിരുചിരാ നടീ നടന്തീ
തവഹൃദയേ മുദമാതനോതു മാതഃ (48)

വിഭക്തി –
ഭ്രമവിലുളിത ലോലകുന്തളാഗ്രാ – ആ. സ്ത്രീ. പ്ര. ഏ
വിഗളിതമാല്യവികീർണ്ണരംഗഭൂമി – ഈ. സ്ത്രീ. പ്ര ഏ.
ഇയം – ഇദംശ. സ്ത്രീ. പ്ര. ഏ
അതിരുചിരാ – ആ. സ്ത്രീ. പ്ര. ഏ
നടീ – ഈ സ്ത്രീ. പ്ര. ഏ.
നടന്തീ – ഈ. സ്ത്രീ. പ്ര ഏ.
തവ – യുഷ്മ. ദ ഷ. ഏ.
ഹൃദയേ – അ. ന. സ. ഏ.
മുദം – ദ. സ്ത്രീ. ദ്വി. ഏ.
ആതനോതു – ലോട്ട്. പര. പ്ര. ഏ
മാതഃ – ഋ. സ്ത്രീ. സം. പ്ര. ഏ.

അന്വയം – ഭ്രമവിലുളിതലോലകുന്തളാഗ്രാ വിഗളിതമാല്യ വികീർണ്ണരംഗഭൂമീ അതിരുചിരാ ഇയം നടീ നടന്തീ ഹേ മാതഃ തവ ഹൃദയേ മുദം ആതനോതു.

അന്വയാർത്ഥം – ഭ്രമവിലുളിതലോലകുന്തളയായി വിഗളിതമാല്യ വികീർണ്ണരംഗഭൂമിയായി അതിരുചിരയായായിരിക്കുന്ന നടനം ചെയ്യുന്ന ഈ നടി അല്ലയോ അമ്മേ! നിന്തിരുവടിയുടെ ഹൃദയത്തിൽ മുത്തിനെ ചെയ്യട്ടെ.

പരിഭാഷ – ഭ്രമവിലുളിതലോലകുന്തളഗ്രാ – ഭ്രവിലുളിതം ഹേതു വായിട്ടു ലോലങ്ങലായിരിക്കുന്ന കുന്തളാഗ്രങ്ങളോടു കൂടിയ വൾ. ഭ്രമവിലുളിതം – ഭ്രമത്താൽ വിലുളിതം. ഭ്രമം – ചുറ്റൽ. വിലുളിതം – അഴിയപ്പെട്ടത്. ലോലങ്ങൾ – ഇളകുന്നവ. കുന്തളാ ഗ്രങ്ങൾ – തലമുടികളുടെ അറ്റങ്ങൾ. വിഗളിതമാല്യ വികീർണ്ണ രംഗഭൂമീ – വിഗിളിതമായിരിക്കുന്ന മാല്യങ്ങളാൽ വികീർണ്ണ മായിരിക്കുന്ന രംഗഭൂമിയോടുകൂടിയവൾ. വിഗിളിതങ്ങൾ – അഴിയപ്പെട്ടവ. മാല്യങ്ങൾ – മാലകൾ. വീകീർണ്ണം – വിതറിയത്. രംഗഭൂമി – രംഗപ്രദേശം. അതിരുചിരാ – അതിമനോഹരി. നടീ –

നർത്തകി. നടന്തീ – നൃത്തം ചെയ്യുന്നവൾ. ഹൃദയം – മനസ്സ്. മുത്ത് – സന്തോഷം.

ഭാവം – അല്ലയോ ഭഗവതി! ചുറ്റുന്നതുകൊണ്ട് (നൃത്തം ചെയ്യുന്നതുകൊണ്ട്) അഴിഞ്ഞിരിക്കുന്ന തലമുടികളുടെ അഗ്രങ്ങളോടുകൂടിയവളും അഴിഞ്ഞു വീണുകിടക്കുന്ന പൂമാല കൾ വീണു ചിതറികിടക്കുന്ന രംഗപ്രദേശത്തോടുകൂടിയവും അതിമനോഹരിയുമായ നൃത്തം ചെയ്യുന്ന ഈ നടി നിന്തിരുവടി യുടെ ഹൃദയത്തിൽ സന്തോഷമുണ്ടാക്കണമേ.

ശതപത്രയുതൈസ്വഭാവശീതൈ–
രതിസൌരഭ്യയുതൈഃ പരാഗപീതൈഃ
ഭ്രമരീമുഖരീകൃതൈരനന്തൈർ.
വ്യജനൈസ്ത്വാം ജഗദംബ വീജയാമി (49)

വിഭക്തി –
ശതപുത്രയുതൈഃ – അ. ന. തൃ. ബ.
സ്വഭാവശീതൈഃ – അ. അ. തൃ. ബ.
അതിസൌരഭ്യയുതൈഃ – അ. ന. തൃ. ബി.
പരാഗപീതൈഃ – അ. ന. തൃ. ബ.
ഭ്രമരീമുഖരീകൃതൈഃ – അ. ന. തൃ. ബ.
അനന്തൈഃ – അ. ന. തൃ. ബ.
വ്യജനൈഃ – അ. ന. തൃ. ബ.
ത്വാം – യുഷ്മ. ദ്വി. ഏ.
ജഗദംബ – ആ. സ്ത്രീ. സംപ്ര. ഏ
വീജയാമി – ലട്ട്. പ. ഉ.ഏ.

അന്വയം – ഹേ ജഗദംബ! സ്വഭാവശീതൈഃ അതിസൌരഭ്യ യുതൈഃ പരാഗപീതൈഃ ഭ്രമരീമുഖരീകൃതൈഃ അനന്തൈഃ ശതപത്രയുതൈഃ വ്യജനൈഃ ത്വാം വീജയാമി.

അന്വയാർത്ഥം – അല്ലയോ ജഗദംബേ! സ്വഭാവശീതങ്ങളായി അതിസൌരഭ്യയുതങ്ങളായി പരാഗപീതങ്ങളായി ഭ്രമരീമുഖരീ കൃതങ്ങളായി അനന്തങ്ങളായി ശതപത്രയുതങ്ങളായിരിക്കുന്ന വ്യജനങ്ങളെക്കൊണ്ട് നിന്തിരുവടിയെ ഞാൻ വീശുന്നു.

പരിഭാഷ – സ്വഭാവശീതങ്ങൾ – സ്വതേ തണുപ്പുള്ളവ. അതി സൌരഭ്യയുതങ്ങൾ – ഏറ്റവും സൌരഭ്യത്തോടുകൂടിയവ. പരാഗപീതങ്ങൾ – പരാഗംകൊണ്ടുള്ള പീതങ്ങൾ. പരാഗം – പൂമ്പൊടി. പീതങ്ങൾ – മഞ്ഞനിറമുള്ളവ. അനന്തങ്ങൾ – വളരെ. ഭ്രമരീമുഖരീകൃതങ്ങൾ – ഭ്രമരങ്ങൾ മുഖരീകരിക്കുന്നവ. മുഖരീകരിക്ക – ശബ്ദിക്ക. ശതപത്രയുതങ്ങൽ – ശതപത്രങ്ങ ളോടുകൂടിയവ. ശതപത്രങ്ങൾ – താമരകൾ. വ്യജനങ്ങൾ – വിശറികൾ.

ഭാവം – അല്ലയോ ലോകമാതാവേ! സ്വതേതന്നെ തണുപ്പുള്ള വയും വളരെ പരിമളമുള്ളവയും പൂമ്പൊടികൊണ്ട് മഞ്ഞനിറ മുള്ളവയും വണ്ടുകൾ ശബ്ദിക്കുന്നവയും ആയ അനേകം താമരപ്പൂവു ചാർത്തിയിട്ടുള്ള വിശറികളെക്കൊണ്ട് ഞാൻ നിന്തിരുവടിയെ വീശുന്നു.

മുഖകമലവിലാസലോലവേണീ –
വിലസിതനിർജ്ജിത ലോലഭൃംഗമാലാഃ
യുവജനസുഖകാരി ചാരുശീലാ
ഭഗവതി! തേ പുരതോ നടന്തി ബാലാഃ (50)

വിഭക്തി

മുഖകമലവിലാസലോലവേണീവിലസിതനിർജ്ജികത–
ലോലഭൃഗമാലാഃ – ആ. സ്ത്രീ. പ്ര. ബ.
യുവജനസുഖകാരി ചാരുശീലാഃ – ആ. സ്ത്രീ. പ്ര. ബ.
ഭഗവതി – ഈ. സ്ത്രീ. സംപ്ര. ഏ.
തേ – യുഷ്മ. ഷ. ഏ

പുരതഃ – അവ്യ.
നടന്തി – ലട്ട്. പ. പ്ര. പു. ബ.
ബാലാഃ – ആ. സ്ത്രീ. പ്ര. ബ.

അന്വയം – ഹേ ഭഗവതി! മുഖകമലവിലാസലോലവേണീ– വിലസിതനിർജ്ജിതലോലഭൃംഗമാലാഃ യുവജനസുഖകാരിചാരു– ശീലാഃ ബാലാഃ തേപുരതഃ നടന്തി.

അന്വയാർത്ഥം – അല്ലയോ ഭഗവതി! മുഖകമലവിലാസലോല വേണീ വിലസിത നിർജ്ജിതലോലഭൃംഗമാലകളായി യുവജന സുഖകാരിചാരുശീലകളായിരിക്കുന്ന ബാലകൾ നിന്തിരുവടി യുടെ പുരോഭാഗത്തിൽ നടനം ചെയ്യുന്നു.

പരിഭാഷ – മുഖകമലവിലാസലോലവേണീവിലസിതനിർജ്ജിത ലോലഭൃംഗമാലകൾ – മുഖകമലവിലാസങ്ങളോടും ലോല വേണീവിലസിത നിർജ്ജിത ലോലഭൃംഗമാലയോടും കൂടിയവൾ. മുഖകമലവിലാസങ്ങൾ – മുഖകമലങ്ങളിലുള്ള വിലാസങ്ങൾ. മുഖകമലങ്ങൾ – താമരപ്പൂപോലെയുള്ള മുഖങ്ങൾ. വിലാസ ങ്ങൾ – ശൃംഖാരചേഷ്ടഖൾ. ലോലവേണീവിലസിത നിർജ്ജിത ലോലഭൃംഗമാല – ലോലവേണീവിലസിതക്കാൽ നിർജ്ജിത മായിരിക്കുന്ന ലോലഭൃംഗമാല. ലോലവേണീ വിലസിതം – ലോലവേണികളുടെ വിലസിതം. ലോലവേണികൾ – ഇളകി ക്കൊണ്ടിരിക്കുന്ന തലമുടികൾ. വിലസിതം – വിലസിക്കപ്പെട്ടത്. വിലസിക്ക – ശോഭിക്ക. നിർജ്ജിതം – തോല്പിക്കപ്പെട്ടത്. ലോല ഭൃംഗമാലാ – ലോലങ്ങളായിരിക്കുന്ന ഭൃംഗങ്ങളുടെ കൂട്ടം. ലോല ങ്ങൾ – ഇളകുന്നവ. ഭൃംഗങ്ങൾ – വണ്ടുകൾ. യുവജന സുഖകാരി ചാരുശീലകൾ – യുവജനസുഖകാരികളായും ചാരു ശീലകളായും ഇരിക്കുന്നവർ. യുവജനസുഖകാരികൾ – യുവ ജനങ്ങൾക്കു സുഖത്തെ ചെയ്യുവന്നവർ. യുവജനങ്ങൾ – യുവാക്കന്മാർ. ചാരുശീലകൾ നല്ല സ്വഭാവമുള്ളവർ. പുരോഭാഗം – മുൻഭാഗം.

ഭാവം – അല്ലയോ ഭഗവതി! മുഖപത്മങ്ങളിൽ പ്രകാശിച്ചിരിക്കുന്ന ശൃംഗാരചേഷ്ടകളോടുകൂടിയവും ഇളകിക്കൊണ്ടിരിക്കുന്ന തലമുടിയുടെ ശോഭയാൽ വണ്ടിൻകൂട്ടങ്ങളെ ജയിച്ചവരും യുവജനങ്ങൾക്കു സുഖത്തെ ഉണ്ടാക്കുന്നവരും സൽസ്വഭാവികളുമായ ബാലസ്ത്രീകൾ നിന്തിരുവടിയുടെ മുൻഭാഗത്തിൽ നൃത്തം ചെയ്യുന്നു.

ഭ്രമദളികുലതുല്യാ ലോലധമ്മില്ലഭാരാഃ
സ്മിതമുഖകമലോദ്യദ്ദിവ്യലാവണ്യപൂരാഃ
അനുപമിതസുവേഷാ വാരയോഷാ നടന്തി
പരഭൃതികളകണ്ഠ്യോ ദേവി! ദൈന്യം ധുനോതു (51)

വിഭക്തി –
ഭ്രമദളികുല തുല്യലോലധമ്മില്ലഭാരാഃ – ആ. സ്ത്രീ. പ്ര. ബ.
സ്മിതമുഖകമലോദ്യദ്ദിവ്യലാവണ്യപൂരാഃ – ആ. സ്ത്രീ. പ്ര. ബ.
അനുപമിതസുവേഷാ – ആ. സ്ത്രീ. പ്ര. ബ.
വാരയോഷാഃ – ആ. സ്ത്രീ. പ്ര. ബ.
നടന്തി – ലട്. പ. പ്ര. ബ.
പരഭൃതികളണ്ഠ്യഃ – ഈ. സ്ത്രീ. ഈ. പ്ര. ബ.
ദേവി – ഈ. സ്ത്രീ. സംപ്ര. ഏ.
ദൈന്യം – അ. ന. ദ്വി. ഏ.
ധുനോതു – ലോട്ട്. പ. പ്ര. ഏ.

അന്വയം – ഹേ ദേവി! ഭ്രമദളികുലതുല്യാലോലധമ്മില്ലഭാരാഃ സ്മിതമുഖകമലോദ്യദ്ദിവ്യലാവണ്യപൂരാഃ അനുപമിതസുവേഷാഃ പരഭൃതികളണ്ഠ്യഃ വാരയോഷാഃ നടന്തി. ഹേ ദേവി! ഭവതീ ദൈന്യം ധുനോതു.

അന്വയാർത്ഥം – അല്ലയോ ദേവി ഭ്രമദളികുലതുല്യലോലധമ്മില്ല ഭാരകളായി സ്മിതമുഖകമലോദ്യദ്ദിവ്യലാവണ്യപൂരകളായി അനുപമിത സുവേഷകളായി പരഭൃതികളണ്ഠികളായിരിക്കുന്ന

വാരയോഷകൾ നടിക്കുന്നു. നിന്തിരുവടി ദൈന്യത്തെ ധൂനനം ചെയ്യേണമേ.

പരിഭാഷ – ഭ്രമദളികുലതുല്യാലോലധമ്മില്ലഭാരകൾ – ഭ്രമദളി കുലംപോലെ ലോലങ്ങളായിരിക്കുന്ന ധമ്മില്ലഭാരങ്ങളോടുകൂടി യവർ. ഭ്രമദളികുലം – ഇളകിക്കൊണ്ടിരിക്കുന്ന വണ്ടിൻകൂട്ടം. ലോലങ്ങൾ – ഇളകുന്നവ. ധമ്മില്ലഭാരങ്ങൾ – തലമുടിക്കെട്ടു കൾ. സ്മിതമുഖകമലോദ്യദ്ദിവ്യലാവണ്യപൂരകൾ – സ്മിതമുഖ കമലങ്ങളിൽ ഉദ്യത്തായിരിക്കുന്ന ദിവ്യലാവണ്യപൂരത്തോടുകൂടി യവർ. സ്മിതമുഖമകലങ്ങൾ – സ്മിതങ്ങളായിരിക്കുന്ന മുഖ മകലങ്ങൾ. സ്മിതങ്ങൾ – മന്ദസ്മിതത്തോടുകൂടിയവ. മുഖ കമലങ്ങൾ – കമലങ്ങൾപോലെയുള്ള മുഖങ്ങൾ. കമലങ്ങൾ – താമരപ്പൂക്കൾ. ഉദ്യത്ത് – പ്രകാശിക്കുന്നത്. ദിവ്യലാവണ്യപൂരം – ദിവ്യസൌന്ദര്യസമൂഹം. അനുപമിതസുവേഷകൾ – മനോഹര വേഷകൾ. പരഭൃതികളകണ്ഠികൾ – പരഭൃതികളെപ്പോലെ കള ങ്ങളായിരിക്കുന്ന കണ്ഠങ്ങളോടുകൂടിയവർ. പരഭൃതികൾ – പെൺകുയിലുകൾ. കളങ്ങൾ – മധുരസ്വരങ്ങൾ. കണ്ഠങ്ങൾ – കഴുത്തുകൾ. വാരയോഷകൾ – വേശ്യാസ്ത്രീകൾ. ദൈന്യം. ദീനഭാവം. ധൂനനംചെയ്ക – നശിപ്പിക്ക.

ഭാവം – അല്ലയോ ദേവീ! ഇളകിക്കൊണ്ടിരിക്കുന്ന വണ്ടിൻ കൂട്ടംപോലെ മനോഹരങ്ങളായ തലമുടിക്കെട്ടോടും മന്ദസ്മിത ത്തോടുകൂടിയ മുഖപത്മത്തിൽ പ്രകാശിക്കുന്ന ദിവ്യസൌന്ദര്യ ത്തോടും സാദൃശ്യപ്പെടുത്താൻ പാടില്ലാത്ത മനോഹരവേഷ ത്തോടും പെൺകുയിലുകളെപ്പോലെ അതിമധുരമായ ശബ്ദ ത്തോടും കൂടിയ വാരസ്ത്രീകൾ (വേശ്യാസ്ത്രീകൾ) ഭഗവതി യുടെ മുൻപിൽ നൃത്തം ചെയ്യുന്നു. അല്ലയോ ദേവി! എന്റെ ദീനഭാവത്തെ കളയണമേ.

വിപഞ്ചീഷു സപ്തസ്വരാൻ വാദയന്ത്യ–
സ്തവ ദ്വാരി ഗായന്തി ഗന്ധർവ്വകന്യാഃ

ക്ഷണം സാവധാനേന ചിത്തേന മാതഃ
സമാകർണ്ണയ ത്വം മയാ പ്രാർത്ഥിതാസി (52)

വിഭക്തി –
വിപഞ്ചീഷു – ഈ. സ്ത്രീ.. സ. ബ.
സപ്ത – സഖ്യാശ. ന. പു. ദ്വി. ബ.
സ്വരാൻ – അ. പു. ത്വി. ബ.
വാദയന്ത്യഃ – ഈ. സ്ത്രീ. പ്ര. ബ.
തവ – യുഷ്മ. ഷ.ഏ.
ദ്വാരി – രേഫാ. സ്ത്രീ. സ.ഏ.
ഗായന്തി – ലട്ട്. പ. പ്ര. ബ.
ഗന്ധർവ്വകന്യാഃ – ആ. സ്ത്രീ. പ്ര. ബ.
ക്ഷണം – അ. ന. ദ്വി. ഏ.
സാവധാനേന – അ. ന. തൃ. ഏ.
ചിത്തേന – അ. ന. തൃ. ഏ.
മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.
സമാകർണയ – ലോട്ട്. പ. മദ്ധ്യ. ഏ.
ത്വം – യുഷ്മ. പ്ര. ഏ.
മയാ – അസ്മ. തൃ. ഏ.
പ്രാർത്ഥിതാ – ആ. സ്ത്രീ. പ്ര. ഏ.
അസി – ലട്ട്. പ. മദ്ധ്യ. പു. ഏ.

അന്വയം – ഹേ മാതഃ വിരഞ്ചീഷു സപ്തസ്വരാൻ വാദയന്ത്യഃ ഗന്ധവർവ്വകന്യാഃ തവ ദ്വാരി ഗായന്തി ത്വം സാവധാനേന ചിത്തേന ക്ഷണം (തൽ സമാകർണ്ണയ (ഇതി) മയാ പ്രാർത്ഥിതാ അസി.

അന്വയാർത്ഥം – അല്ലയോ മാതാവേ! വിപഞ്ചികളിൽ സപ്ത ങ്ങളായിരിക്കുന്ന സ്വരങ്ങളെ വാദയന്തികളായിരിക്കുന്ന ഗന്ധർവ്വ കന്യകൾ നിന്തിരുവടിയുടെ ഗോപുദ്വാരത്തിൽ ഗാനം ചെയ്യുന്നു. നിന്തിരുവടി സാവധനമായിരിക്കുന്ന ചിത്തത്തോടുകൂടി ക്ഷണ

നേരം സമാകർണ്ണം ചെയ്താലും, എന്ന് എന്നാൽ നിന്തിരുവടി പ്രാത്ഥിതയായി ഭവിക്കുന്നു.

പരിഭാഷ – വിപഞ്ചികൾ – വീണകൾ. സപ്തസ്വരങ്ങൾ – സപ്തങ്ങളായിരിക്കുന്ന സ്വരങ്ങൾ. (നിഷാദ ഋഷഭ ഗാന്ധാരാദി) വാദന്തികൾ – വാദിക്കുന്നവർ, വദിക്ക – അഭ്യസിക്ക. ഗന്ധർവ്വ കന്യകൾ – ഗന്ധർവ്വബാലികകൾ. ഗാനംചെയ്ക – പാടുക. സാവധാനം – അവധാനത്തോടുകൂടിയത്. അവധാനം – ധാരണ. ചിത്തം – മനസ്സ്. സമാകർണ്ണനം ചെയ്ക – കേൾക്കുക. പ്രാത്ഥിതാ – പ്രാത്ഥിക്കപ്പെട്ടവൾ.

ഭാവം – അല്ലയോ ദേവി! വീണകളിൽ സപ്തസ്വരങ്ങളെ അഭ്യസിക്കുന്നവരായ ഗന്ധർവ്വബാലികകൾ നിന്തിരുവടിയുടെ ഗോപുരദ്വാരങ്ങളിൽ ഗാനം ചെയ്യുന്നു. നിന്തിരുവടി സ്വല്പനേരം സാവധാനമനസ്സോടുകൂടി കേൾക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.

അഭിനയകമനീയൈർന്നർത്തനൈർന്നർത്തകീനാം
ക്ഷണമപി രചയിത്വാ ചേത ഏതത്ത്വദീയം
സ്വയമഹമതിചിത്രൈർ നൃത്തവാദിത്രഗീതൈർ–
ഭഗവതി! ഭവദീയം മാനസം രഞ്ജയാമി. (53)

വിഭക്തി –
അഭിനയകമനീയൈഃ – അ. ന. തൃ. ബ.
നർത്തനൈഃ – അ. ന. തൃ. ബ.
നർത്തകീനാം – ഈ. സ്ത്രീ. ഷ. ബ.
ക്ഷണം – അവ്യ.
രചയിത്വാ – ത്വാ. അവ്യ.
ചേതഃ – സ. ന. ദ്വി ഏ.
ഏതൽ – ഏതച്ഛ. ദ. ന. ദ്വി. ഏ
ത്വദീയം – അ. ന. ദ്വി. ഏ.

സ്വയം – അവ്യ.
അഹം – അസ്മ. ദ. പ്ര. ഏ.
അതിചിത്രൈഃ – അ. ന. തൃ. ബ.
നൃത്തവാദിത്രഗീതൈഃ – അ. ന. തൃ. ബ.
ഭഗവതി – ഈ. സ്ത്രീ. സംപ്ര. ഏ.
ഭവദീയം – അ. ന. ദ്വി. ഏ.
മാനസം – അ. ന. ദ്വി. ഏ.
രഞ്ജയാമി – ല. പ. ഉ. പു. ഏ.

അന്വയം – ഹേ ഭഗവതി! അഭിനയകമനീയൈഃ നർത്തകീനാം നർത്തനൈഃ ത്വദീയം ഏതൽ ചേതഃ ക്ഷണം അപി രചയിത്വാ അഹം സ്വയം അതിചിത്രൈഃ നൃത്തവാദിത്രഗീതൈഃ ഭവദീയം മാനസം രഞ്ജയാമി.

അന്വയാർത്ഥം – അല്ലയോ ഭഗവതി! അഭിനയകമനീയങ്ങളായിരിക്കുന്ന നർത്തകികളുടെ നർത്തനങ്ങൾ കൊണ്ട് ത്വദീയമായിരിക്കുന്ന ഈ ചേതസ്സിനെ ക്ഷണനേരമെങ്കിലും രചിപ്പിച്ചിട്ടു ഞാൻ തന്നെ അതിചിത്രങ്ങളായിരിക്കുന്ന നൃത്തവാദിത്രഗീതങ്ങളെക്കൊണ്ടു ഭവദീയമായിരിക്കുന്ന മാനസത്തെ രഞ്ജിപ്പിക്കുന്നു.

പരിഭാഷ – അഭിനയകമനീയങ്ങൾ – അഭിനയംകൊണ്ടു കമനീയങ്ങൾ. കമനീയങ്ങൾ – മനോഹരങ്ങൾ. നർത്തകികൾ – നൃത്തത്തെ ചെയ്യുന്നവർ. നർത്തനം – നാട്യം. ത്വദീയം – നിന്തിരുവടിയെ സംബന്ധിച്ചത്. ചേതസ്സു – മനസ്സു. രചിപ്പിക്ക – സന്തോഷിപ്പിക്ക. നൃത്തവാദിത്രഗീതങ്ങൾ – നൃത്തവും വാദിത്രവും, ഗീതവും. വാദിത്രം – വാദ്യവിശേഷം, ഗീതം – ഗാനം. ഭവദീയം – നിന്തിരുവടിയെ സംബന്ധിച്ചത്.

ഭാവം – അല്ലയോ ഭഗവതി! നർത്തകികളുടെ അഭിനയം കൊണ്ടു മനോഹരങ്ങളായ നൃത്തത്താൽ നിന്തിരുവടിയുടെ മനസ്സിനെ

കുറച്ചൊന്നു വിനോദിപ്പിച്ചിട്ടു ഞാൻ തന്നെ അതിമനോഹരങ്ങളായ നൃത്തം, വാദ്യവിശേഷം, ഗാനം ഇവകൊണ്ടു നിന്തിരുവടിയുടെ മനസ്സിനെ രഞ്ജിപ്പിക്കുന്നു.

തവ ദേവി ഗുണാനുവർണ്ണനേ
ചതുരാ നോ ചതുരാനനാദയഃ
തദിഹൈകമുഖേഷു ജന്തുഷു
സ്തവനം കസ്തവ കർത്തുമീശ്വരഃ (54)

വിഭക്തി –
തവ – യുഷ്മ. ഷ. ഏ
ദേവി – ഈ. സ്ത്രീ. സംപ്ര. ഏ.
ഗുണാനുവർണ്ണനേ – അ. ന. സ.ഏ.
ചതുരാനനാദയഃ – ഇ. പു. പ്ര. ബ.
ചതുരാഃ – അ. പു. പ്ര. ബ.
നോ – അവ്യ.
ഇഹ – അവ്യ.
ഏകമുഖേഷു – അ. ന. ദ്വി. ഏ
കഃ – കിംശ. മ. പു. പ്ര. ഏ.
തവ – യുഷ്മ. ഷ. ഏ.
കർത്തും – തുമു. അവ്യ.
ഈശ്വരഃ – അ. പു. പ്ര. ഏ.

അന്വയം – ദേവി! തവഗുണാനുവർണ്ണനേ ചതുരാനനാദയഃ നോ ചതുരാഃ തൽ ഇഹ ഏകമുഖേഷു ജന്തുഷു തവ സ്തവനം കർത്തും കഃ ഈശ്വരഃ

അന്വയാർത്ഥം – അല്ലയോ ദേവി! നിന്തിരുവടിയുടെ ഗുണാനുവർണ്ണത്തിൽ ചതുരാനനാദികളും ചതുരന്മാരാകുന്നില്ല. അതു ഹേതുവായിട്ടു നിന്തിരുവടിയുടെ സ്തവനത്തെ ചെയ്‌വാനായി

ക്കൊണ്ട് ഏകമുഖങ്ങളായിരിക്കുന്ന ജന്തുക്കളിൽ ഏത് ഒരുത്തൻ ഈശ്വരനാകുന്നു.

പരിഭാഷ – ഗുണാനുവർണ്ണം – ഗുണസങ്കീർത്തനം. ചതുരാനനാദികൾ – ബ്രഹ്മാവു തുടങ്ങിയ ഒന്നിലധികം മുഖമുള്ള ദേവന്മാർ. ചതുരന്മാർ – സമർത്ഥന്മാർ. സ്തവനം – സ്തുതി. ഏകമുഖങ്ങൾ – ഒരുമുഖമുള്ളവ. ഈശ്വരൻ – സമർത്ഥൻ.

ഭാവം – അല്ലയോ ദേവീ! നിന്തിരുവടിയുടെ ഗുണങ്ങളെ കീർത്തിക്കുന്നതിനു ബ്രഹ്മാവു തുടങ്ങിയ ഒന്നിലധികം മുഖമുള്ള ദേവന്മാർ പോലും സമർത്ഥരാകുന്നില്ല. അങ്ങിനെയുള്ള ഭവതിയുടെ ഗുണവർണ്ണനത്തിന് ഒരു മുഖമുള്ള ജന്തുക്കളിൽ ഏതൊരുത്തൻ സമർത്ഥനാകും.?

പദേപദേ യത് പരിപൂജകേഭ്യഃ
സദ്യോശ്വമേധാദിഫലം ദദാതി
തൽസർവ്വപാപക്ഷയഹേതുഭൂതം
പ്രദിക്ഷണം തേ പരിതഃ കരോമി (55)

വിഭക്തി –
പദേ – അ.. ന. സ. ഏ.
പദേ – അ. ന. സ. ഏ.
യൽ – അവ്യ.
പരിപൂജകേഭ്യഃ – അ. പു. ച. ഏ.
സദ്യഃ – അവ്യ.
അശ്വമേധാദി – ഇ. ന. ദ്വി. ഏ.
ഫലം – അ. ന. ദ്വി.
ദദാതി – ലട്ട്. പ. പ്ര. ഏ.
തൽ – അവ്യ.
സർവ്വപാപക്ഷയഹേതുഭൂതം – അ. ന. ദ്വി. ഏ.
പ്രദക്ഷിണം – അ. ന. ദ്വി . ഏ.

തേ – യുഷ്മ. ദ. ഷ. ഏ.
പതിതഃ – അവ്യ.
കരോമി – ലട്ട്. പര. ഉ. പു. ഏ.

അന്വയം – യൽ പരിപൂജകേഭ്യഃ പദേപദേ സദ്യഃ അശ്വമേധാദി ഫലം ദദാതി തൽ (അഹം) തേ പരിതഃ സർവ്വപാപ ക്ഷയഹേതുഭൂതം പ്രദക്ഷിണം കരോമി!

അന്വയർത്ഥം – യൽപരിപൂജകന്മാർക്കു പദം തോറും ഉടനെ അശ്വമേധാദിയായിരിക്കുന്ന ഫലത്തെ ദാനം ചെയ്യുന്നു അതു ഹേതുവായിട്ടു ഞാൻ നിന്തിരുവടിയുടെ ചുറ്റും സർവ്വപാപക്ഷയ ഹേതുഭൂതമായിരിക്കുന്ന പ്രദിക്ഷിണത്തെ ചെയ്യുന്നു.

പരിഭാഷ – യൽപരിപൂജകന്മാർ – യാതൊരുപാദങ്ങളെ ചുറ്റി പൂജിക്കുന്നവർ. പദം – അടി. അശ്വമേധാദിഫലം – അശ്വമേധം തുടങ്ങിയുള്ളവയ്ക്കുള്ള ഫലം. സർവ്വപാപക്ഷയ ഹേതുഭൂതം – സർവ്വപാപക്ഷയഹേതുവായിട്ട് ഭവിച്ചത്.

ഭാവം – അല്ലയോ ദേവി! ഭവതിയുടെ പാദങ്ങളെ പ്രദിക്ഷണം ചെയ്ത് പൂജിക്കുന്നവർക്ക് അശ്വമേധം തുടങ്ങിയുള്ള യാഗങ്ങൾ ചെയ്താൽ കിട്ടുന്ന ഫലത്തെ ഉടനെ കൊടുക്കുന്നു. അതു കൊണ്ട് ഞാൻ നിന്തിരുവടിയുടെ ചുറ്റും സർവ്വപാപനാശന കരമായ ആ പ്രദിക്ഷിണത്തെ ചെയ്യുന്നു.

രക്തോത്പലാരക്തതലപ്രഭാഭ്യാം
ധ്വജോർദ്ധരേഖാകുലിശാങ്കിതാഭ്യം
അശേഷവൃന്ദാരകവന്ദിതാഭ്യം
നമോ ഭവാനീ പദപങ്കജാഭ്യാം (56)

വിഭക്തി –
രക്തോത്പലരക്തതലപ്രഭാഭ്യാം – അ. ന. ച. ദ്വി.

ധ്വജോർദ്ധരേഖാകുലിശാങ്കിതാഭ്യാം – അ. . ച. ദ്വി.
അശേഷവൃന്ദാരകവന്ദിതാഭ്യാം – അ. ന. ച. ദ്വി.
നമഃ – സ. ന. പ്ര. ഏ.
ഭവാനീ – പദപങ്കജാഭ്യാം. അ. ന. ച. ദ്വി.

അന്വയം – രക്തോത്പലാരക്തതലപ്രഭാഭ്യാം ധ്വജോർദ്ധരേഖാകുലിശാങ്കിതാഭ്യാം അശേഷവൃന്ദാരകവന്ദിതാഭ്യാം ഭവാനീപദപങ്കജാഭ്യാം നമഃ.

അന്വയാർത്ഥം – രക്തോത്പലാരക്തതലപ്രഭങ്ങളായി ധ്വജോർദ്ധരേഖാ കുലിശാങ്കിതങ്ങളായി അശേഷവൃന്ദാരകവന്ദിതങ്ങളായിരിക്കുന്ന ഭവാനീ പദപങ്കജങ്ങൾക്കായിക്കൊണ്ട് നമസ്ക്കാരം.

പരിഭാഷ – രക്തോത്പലാരക്തതലപ്രഭകൾ – രക്തോത്പലങ്ങൾപോലെ ആരക്തങ്ങളായിരിക്കുന്ന തലങ്ങളുടെ പ്രഭയോടുകൂടിയവ. രക്തോത്പലങ്ങൾ – ചെന്താമരകൾ. ആരക്തങ്ങൾ – മുഴുവൻ രക്തങ്ങൾ. രക്തങ്ങൾ – ചുവന്നവ. തലങ്ങൾ – കാലിന്റെ കീഴ്ഭാഗങ്ങൾ ധ്വജോർദ്ധരേഖാകുലിശാങ്കിതങ്ങൾ ധ്വജം, ഊർദ്ധ്വം, വജ്രം ഈ മാതിരിയുള്ള വരകളാൽ അടയാളപ്പെട്ടവ. അശേഷവൃന്ദാരകവന്ദിതങ്ങൾ – എല്ലാ ദേവന്മാരാലും നമസ്ക്കരിക്കപ്പെട്ടവ. ഭവാനീപദപങ്കജങ്ങൾ – ഭവാനിയുടെ പങ്കജങ്ങൾ പോലെയുള്ള പദങ്ങൾ. ഭവാനി – പാർവ്വതി. പങ്കജങ്ങൾ – താമരപ്പൂക്കൾ. പദങ്ങൾ – കാലുകൾ.

ഭാവം – ചെന്താമരകൾപോലെ കീഴ്ഭാഗം മുഴുവൻ ചുവന്നിരിക്കുന്നവയും ധ്വജം, ഊർദ്ധ്വം, വജ്രം എന്നിവപോലെയുള്ള വരകൾകൊണ്ട് അടയാളപ്പെട്ടിരിക്കുന്നവയും എല്ലാ ദേവന്മാരാലും നമസ്ക്കരിക്കപ്പെട്ടവയുമായ പാർവ്വതീചരണാബ്ജങ്ങൾക്കു നമസ്ക്കാരം.

ചരണനളിനയുഗ്മം പങ്കജൈഃ പൂജയിത്വാ
കനകകമലമാലാം കണ്ഠദേശേർപയിത്വാ
ശിരസി വിനിഹിതോയം രത്നപുഷ്പാഞ്ജലിസ്തേ
ഹൃദയകമലമദ്ധ്യേ ദേവി! ദൈന്യം ധുനോതു. (57)

വിഭക്തി –
ചരണനളിനയുഗ്മം – അ. ന. ദ്വി. ഏ.
പങ്കജൈഃ – അ. ന. തൃ. ബ.
പൂജയിത്വാ – ത്വാ. അവ്യ.
കനകകമലമാലാം – ആ. സ്ത്രീ. ദ്വി. ഏ.
കണ്ഠദേശേ – അ. പു. സ. ഏ.
അർപ്പയിത്വാ – ത്വാ. അവ്യ.
ശിരസി – സ. ന. സ. ഏ.
വിനിഹിതഃ – അ. പു. പ്ര. ഏ.
അയം – ഇദം. പു. പ്ര. ഏ.
രത്നപുഷ്പാഞ്ജലിഃ – ഇ. പു. പ്ര. ഏ.
തേ – യുഷ്മ. ഷ. ഏ.
ഹൃദയകമേലദ്ധ്യേ – അ. പു. സ. ഏ.
ദേവി – ഈ. സ്ത്രീ. സംപ്ര. ഏ.
ദൈന്യം – അ. ന. ദ്വി. ഏ.
ധുനോതു – ലോട്ട്. പ. പ്ര. ഏ.

അന്വയം – ദേവി തേ ചരണനളിനയുഗ്മം പങ്കജൈഃ പൂജയിത്വാ കണ്ഠദേശേ കനകകമലമാലാം അർപ്പയിത്വാ ശിരസി വിനിഹിതഃ അയം രത്നപുഷ്പാഞ്ജലിഃ മമ ഹൃദയകമലമദ്ധ്യേ ദൈന്യം ധുനോതു.

അന്വയാർത്ഥം – അല്ലയോ ദേവി നിന്തിരുവടിയുടെ ചരണനളിന യുഗ്മത്തെ പങ്കജങ്ങളെക്കൊണ്ട് പൂജിച്ചിട്ട് കണ്ഠദേശത്തിൽ കനകകമലമാലയെ അർപ്പിച്ചിട്ട് ശിരസ്സിൽ വിനിഹിതമായിരി

ക്കുന്ന ഈ രത്നപുഷ്പാഞ്ജലി എന്റെ ഹൃദയകമലമദ്ധ്യത്തി ലുള്ള ദൈന്യത്തെ കളയട്ടെ.

പരിഭാഷ – ചരണനളിനയുഗ്മം – ചരണനളിനങ്ങളുടെ യുഗ്മം. ചരണനളിനങ്ങൾ – നളിനങ്ങൾ പോലെയുള്ള ചരണങ്ങൾ. നളിനങ്ങൾ – താമരപ്പൂക്കൾ. ചരണങ്ങൾ – കാലുകൾ. യുഗ്മം – ഇരട്ട (രണ്ട്). പങ്കജങ്ങൾ – താമരപ്പൂക്കൾ. കണ്ഠദേശം – കഴുത്ത്. കനകകമലമാല – സ്വർണ്ണത്താമരപ്പൂക്കൾ കൊണ്ടുള്ള മാല. അർപ്പിക്ക – അണിയിക്ക. ശിരസ്സ് – തല. വിനിഹിതം – അർച്ചിക്കപ്പെട്ടത്. രത്നപുഷ്പാഞ്ജലി – രത്നപുഷ്പങ്ങളെ ക്കൊണ്ടുള്ള അഞ്ജലി. ഹൃദയകമലമദ്ധ്യം – ഹൃദയകമലത്തിന്റെ മദ്ധ്യം. ഹൃദയകമലം – കമലം പോലുള്ള ഹൃദയം. കമലം – താമര. ഹൃദയ്ം – മനസ്സ്. ദൈന്യം – ദീനഭാവം.

ഭാവം – അല്ലയോ ദേവി നിന്തിരുവടിയുടെ താമരപ്പൂക്കൾ പോലുള്ള കാലുകളെ താമരപ്പൂക്കൾ കൊണ്ടർച്ചിച്ചിട്ട് കഴുത്തിൽ കനകത്താമരപ്പൂക്കളെക്കൊണ്ടുള്ള മാലയും അണിയിച്ച്, ശിരസ്സിൽ അർച്ചിച്ചതായ ഈ രത്നപുഷ്പാഞ്ജലി എന്റെ മനസ്സി ലുള്ള ദീനഭാവത്തെ കളയട്ടെ.

അഥ മണിമയമഞ്ചകാഭിരാമേ,
കനകവിതാനമയൈർവ്വിരാജമാനേ
പ്രസരദഗരുധൂപധൂപിതേസ്മിൻ
ഭവതി മേ ഭവനേസ്തു തേ നിവാസഃ (58)

വിഭക്തി

അഥ – അവ്യ.
മണിമയമഞ്ചകാഭിരാമേ – അ. ന. സ. ഏ.
കനകവിതാനമയൈഃ – അ. പു. തൃ. ബ
വിരാജമാനേ – അ. ന. സ. ഏ
പ്രസരദഗരുധൂപധൂപിതേ – അ. ന. സ. ഏ.

അസ്മിൻ – ഇദം. ശ. മ. ന. സ. ഏ.
ഭഗവതി – ഈ. സ്ത്രീ. സംപ്ര. ഏ.
ഭവനേ – അ. ന. സ. ഏ.
അസ്തു – ലോട്ട്. പ. പ്ര. ഏ.
തേ – യുഷ്മ. ഷ. ഏ.
നിവാസഃ – അ. പു. പ്ര. ഏ.

അന്വയം – ഹേഭവതി അഥ മണിമയമഞ്ചകാഭിരാമേ കനക വിതാനമയൈഃ വിരാജമാനേ പ്രസരദഗരുധൂപധൂപിതേ മേ അസ്മിൻ ഭവനേ തേ നിവാസഃ അസ്തു.

അന്വയാർത്ഥം – അല്ലോയ ഭഗവതി! അനന്തരം മണിമയ മഞ്ചകാഭിരാമമായി കനകവിതാനമയങ്ങളെക്കൊണ്ടു വിരാജമാന മായി പ്രസരദഗരുധൂപധൂപിതമായിരിക്കുന്ന എന്റെ ഈ ഭാവന ത്തിൽ നിന്തിരുവടിയുടെ നിവാസം ഭവിക്കട്ടെ.

പരിഭാഷ – മണിമയമഞ്ചകാഭിരാമം – മണിമയമഞ്ചകത്താൽ അഭിരാമം. മണിമയമഞ്ചകം – രത്നക്കട്ടിൽ. അഭിരാമം – മനോഹരം. കനകവിതാനമയങ്ങൾ – കനകമയമായ വിതാനങ്ങൾ. വിതാനങ്ങൾ – മേൽക്കട്ടിക്കൾ. വിരാജമാനം – ശോഭിക്കുന്നത്. പ്രസരദഗരുധൂപധൂപിതം – പ്രസരത്തായി രിക്കുന്ന അഗരുധൂപത്താൽ ധൂപിതം. പ്രസരത്ത് – പ്രസരി ക്കുന്നത്. പ്രസരിക്ക – വ്യപിക്ക. അഗരുധൂപം – അകിൽപുക. ധൂപിതം – ധൂപിക്കപ്പെട്ടത്. ഭവനം – ഗൃഹം. നിവാസം – താമസം.

ഭാവം – അല്ലയോ ഭഗവതി! രത്നമയമായ മഞ്ചത്താൽ മനോഹരവും സ്വർണ്ണമേൽക്കട്ടികൾകൊണ്ട് ശോഭിക്കുന്നതും, എങ്ങും വ്യാപിച്ചിരിക്കുന്ന അകില്പുകയോടുകൂടിയതുമായ എന്റെ ഈ ഭവനത്തിൽ നിന്തിരുവടി വസിച്ചാലും.

ഏതസ്മിൻ മണിഖചിതേ സുവർണ്ണപീഠേ
ത്രൈലോക്യാഭയവരദൌ നിധായ ഹസ്തൗ
വിസ്തീർണ്ണം മൃദുലതരോത്തരച്ഛദേസ്മിൻ
പര്യങ്കേ കനകമയേ നിഷീദ മാതഃ! (59)

വിഭക്തി –
ഏതസ്മിൻ – ഏതച്ഛ്. ദ. ന. സ. ഏ.
മണിഖചിതേ – അ. ന. സ. ഏ.
സുവർണ്ണപീഠേ – അ. ന. സ. ഏ.
ത്രൈലോക്യാഭയവരദൌ – അ. പു. ദ്വി. ദ്വി
നിധായ – ലബ്യ. അവ്യ.
ഹസ്തൗ – അ. പു. ദ്വി. ദ്വി
വിസ്തീർണ്ണേ – അ. ന. സ. ഏ.
മൃദുലതരോത്തരച്ഛദേ – അ. ന. സ. ഏ.
അസ്മിൻ – ഇദംശ. മ. ന. സ. ഏ.
പര്യങ്കേ – അ. ന. സ. ഏ.
കനകമയേ – അ. ന. സ. ഏ.
നിഷീദ – ലോട്ട്. പര. മദ്ധ്യ. പു. ഏ.
മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.

അന്വയം – ഹേ മാതഃ മണിഖചിതേ ഏതസ്മിൻ സുവർണ്ണപീഠേ ത്രൈലോക്യാഭയവരദൌ ഹസ്തൗ നിധായ വിസ്തീർണ്ണേ മൃദുലതരോത്തരച്ഛദേ അസ്മിൻ കനകമയേ പര്യങ്കേ നിഷീദ.

അന്വയർത്ഥം – അല്ലയോ മാതാവേ! മണിഖചിതമായിരിക്കുന്ന ഈ സുവർണ്ണപീഠത്തിൽ ത്രൈലോക്യാഭയവരദങ്ങളായിരിക്കുന്ന ഹസ്തങ്ങളെ നിധാനം ചെയ്തിട്ടു വിസ്തീർണ്ണമായി മൃദുലതരോത്തരച്ഛദമായി കനകമയമായിരിക്കുന്ന ഈ പര്യങ്കത്തിൽ നിഷദിച്ചാലും.

പരിഭാഷ – മണിഖചിതം – രത്നങ്ങൾ പതിച്ചിട്ടുള്ളത്. സുവർണ്ണപീഠം – സ്വർണ്ണപീഠം. ത്രൈലോക്യാഭയവരങ്ങൾ – മൂന്നുലോകങ്ങൾക്കും അഭയത്തേയും വരത്തേയും ദാനം ചെയ്യുന്നവ. നിധാനം ചെയ്ക – വെക്കുക. മൃദുലതരോത്തരച്ഛദം – ഏറ്റവും മാർദ്ദവമുള്ള മേൽവരിപ്പോടുകൂടിയത്. കനകമയം – സ്വർണ്ണനിർമ്മിതം. പര്യങ്കം – കിടക്ക (മെത്ത). നിഷദിക്ക – കിടക്കുക.

ഭാവം– അല്ലയോ അമ്മേ! രത്നങ്ങൾ പതിച്ചിട്ടുള്ള ഈ സ്വർണ്ണ പീഠത്തിൽ മൂന്നുലോകത്തിനും അഭയത്തേയും വരത്തേയും കൊടുക്കുന്ന ഹസ്തങ്ങളെവെച്ച് ഏറ്റവും മാർദ്ദവമുള്ള മേൽ വിരിപ്പോടുകൂടിയതും സ്വർണ്ണമയവുമായ ഈ മെത്തയിൽ കിടന്നാലും.

തവ ദേവി സരോജചിഹ്നയോഃ
പദയോർന്നിർജ്ജിതപത്മരാഗയോഃ
അവിരക്തതരൈരലക്തകൈഃ
പുനരുക്താം രചയാമി രക്തതാം (60)

വിഭക്തി –
തവ – യുഷ്മ. ഷ. ഏ.
ദേവി – ഈ. സ്ത്രീ. സംപ്ര. ഏ
സരോജചിഹ്നയോഃ – അ. ന. സ. ദ്വി.
പദയോഃ – അ. ന. സ. ദ.
നിർജ്ജിതപത്മരാഗയോഃ – അ. ന. സ ദ്വി
അവിരക്തതരൈഃ – അ ന തൃ ബ
അലക്തകൈഃ – അ. ന. തൃ. ബ.
പുനരുക്താം – ആ. സ്ത്രീ. ദ്വി. ഏ
രചയാമി – ല. പ. ഉ. ഏ
രക്തതാം – ആ. സ്ത്രീ. ദ്വി ഏ.

അന്വയം – ഹേ ദേവി! സരോജചിഹ്നയോഃ നിർജ്ജിത പത്മരാഗയോഃ തവ പദയോഃ അവിരക്തതരൈഃ അലക്തകൈഃ പുനരുക്താം രക്തതാം രചയാമി.

അന്വയാർത്ഥം – അല്ലയോ ദേവി! സരോജചിഹ്നങ്ങളായി നിർജ്ജിതപത്മരാഗങ്ങളായിരിക്കുന്ന നിന്തിരുവടിയുടെ പദങ്ങളിൽ അവിരക്തതരങ്ങളായിരിക്കുന്ന അലക്തകങ്ങളെക്കൊണ്ടു പുനരുക്തയായിരിക്കുന്ന രക്തതയെ രചിക്കുന്നു.

പരിഭാഷ – സരോജചിഹ്നങ്ങൾ – സരോജം പോലെയുള്ള ചിഹ്നത്തോടുകൂടിയത്. സരോജം താമര, ചിഹ്നം – അടയാളം നിർജ്ജിതപത്മരാഗങ്ങൾ. നിർജ്ജിതമായിരിക്കുന്ന പത്മരാഗത്തോടുകൂടിയവ. നിർജ്ജിതം – തോല്പിക്കപ്പെട്ടത്. പത്മരാഗം – രത്നവിശേഷം. അവിരക്തതരങ്ങൾ – ഏറ്റവും അവിരക്തങ്ങൾ (നല്ലവണ്ണം ചുവപ്പുള്ളത്). അലക്തകങ്ങൾ – അരക്കുകുഴമ്പുകൾ. പുനരുക്താ – പുനർവ്വചിക്കപ്പെട്ടത്. രക്തതാ – ചുവപ്പ്. രചിക്ക – അണിയിക്ക.

ഭാവം – അല്ലയോ ദേവി! ഞാൻ താമരപ്പൂപോലെയുള്ള പാടുകൊണ്ടടയാളപ്പെട്ടതായും പത്മരാഗത്തേക്കാൾ ചുവപ്പുള്ളതായും ഇരിക്കുന്ന നിന്തിരുവടിയുടെ പാദങ്ങളിൽ ഏറ്റവും ചുവപ്പുള്ള അരക്കുകുഴമ്പുകൊണ്ടു രണ്ടാമതെന്നപോലെ ചുവപ്പിക്കുന്നു.

അഥ മാതുരുശീരവാസിതം
നിജതാംബുലരസേന രഞ്ജിതം
തപനീയമയേ ഹി വട്ടുകേ
മുഖഗണ്ഡുഷജലം വിധീയതാം (61)

വിഭക്തി –
അഥ – അവ്യ.

മാതഃ – ഋ. സ്ത്രീ. സംപ്ര. ഏ.
ഉശീരവാസിതം – അ. ന. പ്ര. ഏ.
നിജതാംബൂലരസേന – അ. പു. തൃ. ഏ.
രഞ്ജിതം – അ. ന. പ്ര. ഏ.
തപനീയമയേ – അ. ന. സ. ഏ.
ഹി – അവ്യ
വട്ടുകേ – അ. ന. സ. ഏ.
മുഖഗണ്ഡുഷജലം – അ. ന. പ്ര. ഏ.
വിധീയതാം – ലോട്ട്. അ. പ്ര. പു. ഏ.

അന്വയം – ഹേ മാതഃ! അഥ ഉശീരവാസിതം നിജതാംബുല രസേന രഞ്ജിതം മുഖഗണ്ഡുഷജലം തപനീയമയേ വട്ടുകേ ഹി വിധീയതാം.

അന്വയാർത്ഥം – അല്ലയോ അമ്മേ! അനന്തരം ഉശീരവാസിതമായി നിജതാംബൂലരസത്തോടു രഞ്ജിതമായിരിക്കുന്ന മുഖഗണ്ഡുഷജലം തപനീയമയമായിരിക്കുന്ന വട്ടുകത്തിൽ വിധാനം ചെയ്യപ്പെട്ടാലും.

പരിഭാഷ – ഉശീവാസിതം – രാമച്ചം കൊണ്ടു സുഗന്ധീകരിച്ചത്. നിജതാംബൂലരസം – തന്റെ താംബൂലത്തിന്റെ രസം. രഞ്ജിതം – കൂടിയത്. മുഖഗണ്ഡുഷജലം – കവിൾക്കൊണ്ട വെള്ളം തപനീയമയം – സ്വർണ്ണമയം. വട്ടുകം – പാത്രം. വിധാനം ചെയ്ക – ഒഴിക്കുക.

ഭാവം – അല്ലയോ അമ്മേ! രാമച്ചം കൊണ്ട് സുഗന്ധീകരിച്ചതും നിന്തിരുവടിയുടെ താംബൂലത്തിന്റെ നീരും കൂടിക്കലർന്ന് അതിമനഹോരമായിരിക്കുന്നതുമായ കവിൾക്കൊണ്ട വെള്ളത്തെ ഈ സ്വർണ്ണപാത്രത്തിൽ ഒഴിക്കേണമേ.

ക്ഷണമഥ ജഗദംബ മഞ്ചകേസ്മിൻ
മൃദുതരതൂലികയാ വിരാജമാനേ
അതിരമസി മുദാ ശിവേന സാർദ്ധം
സുഖശയനം കുരു തത്ര മാം സ്മരന്തീ. (62)

വിഭക്തി –
ക്ഷണം – അവ്യ.
അഥ – അവ്യ.
ജഗദംബ – ആ. സ്ത്രീ. സംപ്ര. ഏ.
മഞ്ചകേ – അ. ന. സ ഏ
അസ്മിൻ – ഇദം. മ. ന. സ. ഏ.
മൃദുതരതുലികയാ – ആ. സ്ത്രീ. തൃ. ഏ.
വിരാജമാനേ – അ. ന. സ. ഏ.
അതിരമസി – ലട്. പ. മ. ഏ.
മുദാ – ദ. സ്ത്രീ. ത ൃ. ഏ.
സാർദ്ധം – അവ്യ
സുഖശയനം – അ. ന. ദ്വി. ഏ.
തത്ര – അവ്യ.
മാം – അസ്മ. ദ്വി. ഏ.
സ്മരന്തീ – ഈ. സ്ത്രീ. പ്ര. ഏ.

അന്വയം – ജഗദംബ! (ത്വം) അസ്മിൻ മൃദുതരതൂലികയാ വിരാജമാനേ മഞ്ചകേ ശിവേന സാർദ്ധം മുദാ അതിരമസി. അഥ ക്ഷണം മാം സ്മരന്തീ സുഖശയനം കുരു.

അന്വയാർത്ഥം – അല്ലയോ ജഗദംബേ! നിന്തിരുവടി ഈ മൃദുതരതൂലികയാൽ വിരാജമാനമായിരിക്കുന്ന മഞ്ചകത്തിൽ ശിവനോടുകൂടി മുത്തോട് അതിരമിക്കുന്നു. അനന്തരം ക്ഷണനേരം എന്നെ സ്മരന്തിയായിട്ട് സുഖശയനത്തെ ചെയ്താലും.

പരിഭാഷ – മൃദുതരതൂലിക – ഏറ്റവും മാർദ്ദവമുള്ള വിരിപ്പ്. വിരാജമാനം – ശോഭിക്കുന്നത്. മഞ്ചകം – മഞ്ചാ. മുത് – സന്തോഷം. അതിരമിക്ക – വിഹരിക്ക. സ്മരന്തീ – സ്മരിക്കുന്നവൾ. സ്മരിക്ക – ഓർമ്മിക്ക.

ഭാവം – അല്ലയോ ലോകമാതാവേ! നിന്തിരുവടി മാർദ്ദവമുള്ള വിരിപ്പുക്കൾകൊണ്ട് ശോഭിച്ചിരിക്കുന്ന ഈ മണിമഞ്ചത്തിൽ ശിവനോടുകൂടി വിഹരിക്കുന്നു. അനന്തരം ക്ഷണനേരം എന്നെ സ്മരിച്ച് അവിടെ സുഖമായി ശയിച്ചാലും.

മുക്താകുന്ദേന്ദുഗൌരാം മണിമയമകുടാം
രത്നതാടങ്കയുക്താ-
മക്ഷസ്രക്പുഷ്പഹസ്താമഭയവരകരാം
ചന്ദ്രചൂഡാം ത്രിണേത്രാം
നാനാലങ്കാരയുക്താം സുരമകുടമണി-
ദ്യോതിതസ്വർണ്ണപീഠാം
സാനന്ദാം സുപ്രസന്നാം ത്രിഭുവനജനനീം
ചേതസാ ചിന്തയാമി. (63)

വിഭക്തി –
മുക്താകുന്ദേന്ദുഗൌരാം – ആ. സ്ത്രീ. ദ്വി. ഏ.
മണിമയമകുടാം – ആ. സ്ത്രീ. ദ്വി. ഏ.
രത്നതാടങ്കയുക്താം – ആ. സ്ത്രീ. ദ്വി. ഏ.
അക്ഷസ്രക്പുഷ്പഹസ്താം – ആ. സ്ത്രീ.ദ്വി. ഏ.
അഭയവരകരാം – ആ. സ്ത്രീ. ദ്വി. ഏ.
ചന്ദ്രചൂഡാം – ആ. സ്ത്രീ. ദ്വി. ഏ.
നാനാലങ്കാരയുക്താം – ആ. സ്ത്രീ. ദ്വി. ഏ.
സുരമകുടമണിദ്യോതിതസ്വർണ്ണപീഠാം – ആ. സ്ത്രീ. ദ്വി. ഏ.
സാനന്ദാം – ആ. സ്ത്രീ. ദ്വി. ഏ.
സുപ്രസന്നാം – ആ. സ്ത്രീ. ദ്വി. ഏ.
ത്രിഭുവനജനനീം – ഈ. സ്ത്രീ. ദ്വി. ഏ.

ചേതസാ – സ. ന. തൃ. ഏ.
ചിന്തയാമി – ലട്ട്. പര. ഉ. ഏ.

അന്വയം – മുക്താകുന്ദേന്ദുഗൌരാം മണിമയമകുടാം രത്നതാടങ്കയുക്താം അക്ഷസ്രക്പുഷ്പ ഹസ്താമയവരകരാം ചന്ദ്രചൂഡാം ത്രിണേത്രാം നാനാലങ്കരയുക്താം സുരമകുടമണി ദ്യോതിതസ്വർണ്ണപീഠാം സാനന്ദാം സുപ്രസന്നാം ത്രിഭുവന ജനനീം ചേതസാ ചിന്തയാമി.

അന്വയാർത്ഥം – ഞാൻ മുക്താകുന്ദേന്ദു ഗൌരയായി മണിമയമകുടമായി രത്നതാടങ്കയുക്തയായി അക്ഷസ്രക്പുഷ്പ ഹസ്തയായി അഭയവരകരയായി ചന്ദ്രചൂഡയായി ത്രണേത്രയായി നാനാലങ്കാരയുക്തമായി സുരമകുടമണിദ്യോതിത സ്വർണ്ണപീഠ യായി സാനന്ദയായി സുപ്രസന്നയായിരിക്കുന്ന ത്രിഭൂവന ജനിയെ ചേതസ്സുകൊണ്ട് ചിന്തിക്കുന്നു.

പരിഭാഷ – മുക്താകുന്ദേന്ദുഗൌരാ – മുക്തംപോലെയും കുന്ദംപോലയും ഇന്ദുപോലെയും ഗൌരാ. മുക്തം – മുത്ത്. കുന്ദം – മുല്ലപ്പൂവ്. ഇന്ദു – ചന്ദ്രൻ. ഗൌരാ – വെളുപ്പുള്ളവൾ. മണിമയം – രത്നിർമ്മിതം. മകുടം – രത്നതാടങ്കയുക്താ – രത്നതാടങ്കത്തോടുകൂടിയവൾ. രത്നതാടങ്കം – രത്നംകൊണ്ടുണ്ടാക്കിയ തോട. അക്ഷസ്രക്പുഷ്പഹസ്താ – അക്ഷസ്രക്കും പുഷ്പവും ഹസ്തത്തിലുള്ളവൾ. അക്ഷസ്രക് – ജപമാല. പുഷ്പം – താമരപ്പൂവ്. ഹസ്തം – കൈയ്. അഭയവരകരാ – അഭയവും വരവും കരത്തിങ്കൽ ഉള്ളവൾ. കരം – കൈയ്. ചന്ദ്രചൂഡാ – ശിരസ്സിൽ (തലമുടിക്കെട്ടിൽ) ചന്ദ്രനെ ധരിക്കുന്നവൾ. ത്രിണേത്രാ – മൂന്നു നേത്രങ്ങളോടുകൂടിയവൾ. നാനാലങ്കാരയുക്താ – പലവിധത്തിലുള്ള ആഭരണങ്ങൾ ധരിച്ചിട്ടുള്ളവൾ, സുരമകുടമണിദ്യോതിതസ്വർണ്ണപീഠാ– സുരന്മാരുടെ മകുടങ്ങളിലുള്ള മണികളാൽ ദ്യോതിതമായിരിക്കുന്ന സ്വർണ്ണപീഠത്തോടുകൂടിയവൾ. സുരന്മാർ – ദേവന്മാർ.

മകുടങ്ങൾ – കീരീടങ്ങൾ. മണികൾ – രത്നങ്ങൾ. ദ്യോതിതം – ശോഭിക്കപ്പെട്ടത്. സാനന്ദാ – ആനന്ദത്തോടുകൂടിയവൾ. സുപ്രസന്നാ – ഏറ്റവും സന്തുഷ്ടാ (മന്ദഹാസത്തോടുകൂടി യവൾ) ത്രിഭുവനജനനി – ത്രിഭുവനങ്ങളുടെ ജനനി. ത്രിഭുവന ങ്ങൾ – മൂന്നു ലോകങ്ങൾ. ജനനി – സൃഷ്ടികർത്രീ. ചേതസ്സ് – മനസ്സ്. ചിന്തിക്ക – വിചാരിക്ക.

ഭാവം – മുത്ത്, മുല്ലപ്പൂവ്, ചന്ദ്രൻ എന്നിവയെപ്പോലെ വെളുത്ത നിറത്തോടുകൂടിയവളും ശിരസ്സിൽ രത്നമയമമായ കിരീടം ധരിച്ചിരിക്കുന്നവളും കർണ്ണങ്ങളിൽ രത്നത്തോടകൾ അണിഞ്ഞി രിക്കുന്നവളും ജപമാല, താമരപ്പൂവ്, അഭയം, വരം ഇവയെ കൈകളിൽ ധരിച്ചിരിക്കുന്നവളും ചന്ദ്രാലംകൃതമായ ശിരസ്സും മൂന്നു നേത്രങ്ങളും ഉള്ളവളും അനേകവിധത്തിലുല്ള ഭൂഷങ്ങൾ അണിഞ്ഞിട്ടുള്ളവളും ദേവകളുടെ കീരിടത്തിലെ രത്നങ്ങളുടെ ശോഭകൊണ്ട് ശോഭിച്ചിരിക്കുന്ന പാദം വെച്ചിരിക്കുന്ന സ്വർണ്ണ പീഠത്തോടുകൂടിയവളും ഏറ്റവും സന്തോഷത്തോടും മന്ദ സ്മിത്തോടും കൂടിയവളും ആയിരിക്കുന്ന മൂന്ന് ലോകങ്ങളു ടേയും അമ്മയെ ഞാൻ മനസ്സു കൊണ്ട് വിചാരിക്കുന്നു.

ഏഷാ ഭക്ത്യാ തവ വിരചിതാ യാ മയാ ദേവി പൂജാ
സ്വീകൃത്യൈനാം സപദി സകലാൻ മേƒപരാധാൻ ക്ഷമസ്വ
നൂനം യത്തത്തവകരുണയാ പൂജിതാമേതു സദ്യഃ
സാനന്ദം മേ ഹൃദയകമലേ തേƒസ്തു നിത്യം നിവാസഃ (64)

വിഭക്തി –

ഏഷാ – ഏതച്ഛ. ദ. സ്ത്രീ. പ്ര. ഏ.
ഭക്ത്യാ – ഇ. സ്ത്രീ. തൃ. ഏ.
തവ – യുഷ്മ. ഷ. ഏ.
വിരചിതാ – ആ. സ്ത്രീ. പ്ര. ഏ.
യാ – യച്ഛ. സ്ത്രീ. പ്ര. ഏ.
മയാ – അസ്മ. തൃ. ഏ.

ദേവി – ഈ. സ്ത്രീ. സം്പ്ര. ഏ.
പൂജാ – ആ. സ്ത്രീ. പ്ര. ഏ.
സ്വീകൃത്യ – ല്യബ. അവ്യ.
സകലാൻ – അ. പു. ദ്വി. ബ.
ക്ഷമസ്വ – ലോട്ട്. ആ. മ. ഏ.
നൂനം – അവ്യ.
യൽ – യച്ഛ. ന. പ്ര. ഏ.
തൽ – തച്ഛ. ന. പ്ര. ഏ.
തവ – യുഷ്മ. ഷ. ഏ.
കരുണയാ – ആ. സ്ത്രീ. തൃ. ഏ.
പൂജിതാം – ആ. സ്ത്രീ. ദ്വി. ഏ.
ഏതു – ലോട്ട്. പ. പ്ര. ഏ.
സദ്യഃ – അവ്യ.
സാനന്ദം. അവ്യ.
മേ – അസ്മ. ഷ. ഏ.
ഹൃദയകമലേ – അ. ന. സപ്ത. ഏ.
തേ – യുഷ്മ. ഷ. ഏ.
അസ്തു – ലോട്ട്. പ. പ്ര. ഏ.
നിത്യം – അവ്യ.
നിവാസഃ – അ. പു. പ്ര.േ.

അന്വയം – ഹേ ദേവി! ഏഷാ തവ യാ പൂജാ മയാ ഭക്ത്യാ വിരചിതാ (ത്വം) ഏനാം സ്വീകൃത്യ സപദി മേ സകലാൻ അപരാധാൻ ക്ഷമസ്വ. തവ കരുണയാ യൽ (മയാ കൃതാ) തൽ സദ്യഃ പൂജിതാം ഏതു. നൂനം നിത്യം സാനന്ദം തേ നിവാസഃ മേ ഹൃദയകമലേ അസ്തു.

അന്വയാർത്ഥം – അല്ലയോ ദേവി! ഈ നിന്തിരുവടിയുടെ യാതൊരു പൂജ ഭക്തിയോടുകൂടി എന്നാൽ വിരചിതയായി ഭവതി ഇതിനെ സ്വീകരിച്ചിട്ട് ഉടനെ എന്റെ സകലങ്ങളായിരിക്കുന്ന അപരാധങ്ങളെ ക്ഷണിക്കണമേ. നിന്തിരുവടിയുടെ

കരുണയാൽ യാതൊന്ന് (എന്നാൽ കൃത്യമായി) അത് എന്നും പൂജിതയെ തന്നെ പ്രാപിക്കട്ടെ. എപ്പോഴും ആനന്ദത്തോടുകൂടി നിന്തിരുവടിയുടെ നിവാസം എന്റെ ഹൃദയകമലത്തിൽ ഭവിക്കട്ടെ.

പരിഭാഷ – വിരചിതാ – ഉണ്ടാക്കപ്പെട്ടത്. സകലങ്ങൾ – എല്ലാം യാതൊന്ന് – പൂജാ. കൃതം – ചെയ്യപ്പെട്ടത്. പൂജിതാ – പൂജിക്കുവാൻ യോഗ്യ.

ഭാവം – അല്ലയോ ദേവി നിന്തിരുവടിയുടെ യാതൊരു പൂജ ഭക്തിയോടുകൂടി ഞാൻ നിർമ്മിച്ചു (ചെയ്തു) ഭവതി ഈ പൂജയെ സ്വീകരിച്ച് എന്റെ സമസ്താപരാധങ്ങളേയുയം ക്ഷമിക്കേണമേ. നിന്തിരുവടിയുടെ കരുണയാൽ ഈ പൂജ എന്നും പൂജ്യയായിത്തീരട്ടെ. എപ്പോഴും ആനന്ദത്തോടുകൂടി നിന്തിരുവടിയുടെ നിവാസം എന്റെ ഹൃദയകമലത്തിൽ ഭവിക്കട്ടെ.

പൂജാമിമാം യഃ പഠതി പ്രഭാതേ
മദ്ധ്യാഹ്നകാലേ യദി വാ പ്രദോഷേ
ധർമ്മാർത്ഥകാമാൻ പുരുഷോ ലഭേത
ദേഹാവസാനേ ശിവഭാവമേതി. (65)

വിഭക്തി –
പൂജാം – ആ. സ്ത്രീ. ദ്വി. ഏ.
ഇമാം – ഇദംശ. സ്ത്രീ. ദ്വി . ഏ.
യഃ – യച്ഛ. പു. പ്ര. ഏ.
പഠതി – ലട്ട്. പ. പ്ര. ഏ.
പ്രഭാതേ – അ. ന. സ. ഏ.
മദ്ധ്യാഹ്നേകാലേ – അ. പു. സ. ഏ.
യദി – അവ്യ.
വാ – അവ്യ.
പ്രദോഷേ – അ. ന. സ. ഏ.

ധർമ്മാർത്ഥകാമാൻ – അ. പു. ദ്വി. ബ.
പുരുഷഃ – അ. പു. പ്ര. ഏ.
ലഭേത – ലിങ്. ആ. പ്ര. ഏ.
ദേഹാവസാനേ – അ. ന. സ. ഏ.
ശിവഭാവം – അ. പു. ദ്വി. ഏ.
ഏതി – ലട്ട്. പ്ര. പ്ര. ഏ.

അന്വയം – യഃ പ്രഭാതേ മദ്ധ്യാഹ്നകാലേ പ്രദോഷേ വാ ഇമാം പൂജാം പഠതി യദി സഃ പുരുഷഃ ധർമ്മാർത്ഥകാമാൻ ലഭേത ദേഹവസാനേ ശിവഭാവം ഏതി (ച).

അന്വയാർത്ഥം – യാവനൊരുത്തൻ പ്രഭാതത്തിലോ മദ്ധ്യാഹ്നത്തിലോ പ്രദോഷത്തിലോ ഈ പൂജയെ പഠിക്കുന്നു എങ്കിൽ ആ പുരുഷൻ ധർമ്മാർത്ഥകാമങ്ങളെ ലഭിക്കും. ദേഹാവസാനത്തിങ്കൽ ശിവഭാവത്തെയും പ്രാപിക്കും.

പരിഭാഷ – പ്രദോഷം – സന്ധ്യാസമയം ദേഹാവസാനം – മരണം. ശിവഭാവം – മോക്ഷം.

ഭാവം – യാവനൊരുത്തൻ വെളുപ്പാൻ കാലത്തോ ഉച്ചക്കോ വൈകുന്നേരമോ ഈ പൂജയെ ആചരിക്കുന്നു എങ്കിൽ ആ പുരുഷൻ ഈ ലോകത്തിൽ ധർമ്മം, അർത്ഥം, കാമം ഇവയേയും മരണേശേഷം മോക്ഷത്തെയും പ്രാപിക്കും.

പൂജാമിമാം പഠേന്നിത്യം
പൂജാം കർത്തുമനീശ്വരഃ
പൂജാഫലമവാപ്നോതി
വാഞ്ഛിതാർത്ഥം ച വിന്ദതി. (66)

വിഭക്തി –
പൂജാം – ആ. സ്ത്രീ. ദ്വി. ഏ.

ഇമാം – ഇദം ശബ്ദ. സ്ത്രീ. ദ്വി. ഏ.
പഠേൽ – ലിങ്. പര. പ്ര. ഏ.
നിത്യം – അവ്യ.
കർത്തും – തുമു. അവ്യ.
അനീശ്വരഃ – അ. പു. പ്ര. ഏ.
പൂജാഫലം – അ. ന. ദ്വി. ഏ.
അവാപ്നോതി – ലട്ട്. പ. പ്ര. ഏ.
വാഞ്ഛിതാർത്ഥം – അ. ന. ദ്വി. ഏ.
ച – അവ്യ.
വിന്ദതി – ലട്ട്. പ. പ്ര. പു. ഏ.

അന്വയം – പൂജാം കർത്തും അനീശ്വരഃ ഇമാംപൂജാം നിത്യം പഠേൽ സഃ പൂജാഫലം അവാപ്നോതി വാഞ്ഛിതാർത്ഥം ച വിന്ദതി.

അന്വയാർത്ഥം – പൂജയെ ചെയ്‌വാനായിക്കൊണ്ട് അനീശ്വരനായിരിക്കുന്നവൻ ഈ പൂജയെ നിത്യം പഠിക്കുമെങ്കിൽ അവൻ പൂജാഫലത്തെ പ്രാപിക്കുന്നു. വാഞ്ഛിതാർത്ഥത്തേയും ലഭിക്കുന്നു.

പരിഭാഷ – അനീശ്വരൻ – അസമർത്ഥൻ. പൂജാഫലം പൂജ ചെയ്താലുള്ള ഫലം വാഞ്ഛിതാർത്ഥം – വിചാരിക്കുന്ന (ആഗ്രഹിക്കുന്ന) കാര്യം.

ഭാവം – പൂജിപ്പാൻ കഴിയാത്തവൻ ഈ സ്ത്രോത്രത്തെ ദിവസവും പാരായണം ചെയ്താൽ അവന് പൂജാഫലമുണ്ടാവുകയും ആഗ്രഹിച്ച കാര്യം സാധിക്കയും ചെയ്യും.

പ്രത്യഹം ഭക്തിസംയുക്തോ
യഃ പൂജനമിദം പഠേൽ

വാഗ്വാദിന്യാഃ പ്രസാദേന
വത്സരാൽ സ കവിർഭവേൽ. (67)

വിഭക്തി –
പ്രത്യഹം – അവ്യ.
ഭക്തിസംയുക്തഃ – അ. പു. പ്ര. ഏ.
യഃ – യച്ഛ. പു. പ്ര. ഏ.
പൂജനം – അ. ന. ദ്വി. ഏ.
ഇദം – ഇദംശ. ന. ദ്വി. ഏ.
പഠേൽ – ലിങ്. പ. പ്ര. ഏ.
വാഗ്വാദിന്യാഃ – ഈ. സ്ത്രീ. ഷ. ഏ.
പ്രസാദേന – അ. പു. തൃ. ഏ.
വത്സരാൽ. അവ്യ.; സഃ – തച്ഛ. പു. പ്ര ഏ.
കവിഃ – ഇ. പു. പ്ര. ഏ.; ഭവേൽ – ലിങ്. പ്ര. പ്ര. ഏ.

അന്വയം – യഃ പ്രത്യഹം ഭക്തിസംയുക്തഃ ഇദം പൂജനം പഠേൽ സ വാഗ്വദിന്യാഃ പ്രസാദേന വത്സരാൽ കവിഃ ഭവേൽ.

അന്വയാർത്ഥം – യാവനൊരുത്തൻ ദിവസംതോറും ഭക്തി സംയുക്തനായിട്ട് ഈ പൂജനത്തെ പഠിക്കുന്നുവോ അവൻ വാഗ്വാദിനിയുടെ പ്രസാദം കൊണ്ട് ഒരു വത്സരം കൊണ്ട് കവിയായി ഭവിക്കും.

പരിഭാഷ – ഭക്തിസംയുക്തൻ – ഭക്തിയോടുകൂടിയവൻ. പൂജനം – പൂജാ. വാഗ്വാദിനീ – ദേവി.

ഭാവം – യാവനൊരുത്തൻ ഭക്തിയോടുകൂടി ദിവസം തോറും ഈ പൂജയെ പഠിക്കുന്നുവോ അവൻ ദേവീപ്രസാദം കൊണ്ട് ഒരു വത്സരത്തിനകം കവിയായിത്തീരും.

ഇതി ശ്രശങ്കരഭഗവൽപാദവിരചിതം
ശ്രീദേവിമാനസപൂജാസ്തോത്രം സമ്പൂർണ്ണം.